
# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




Vol. LXXV No. 7 July 2025 ശ്ലീഹാക്കാലം

# സെന്റ് ജോൺ നെപുംസ്യാൻസ് ഫൊറോന പള്ളി
# കൊഴുവനാൽ











# സെന്റ് മേരീസ് ഫൊറോന പള്ളി
# കടപ്ലാമറ്റം











# ഹോളി ഫാമിലി ഫൊറോന പള്ളി
# കൂത്താട്ടുകുളം

















സീറോ മലങ്കര മാവേലിക്കര രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ
മാത്യൂസ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ
സിംഹാസനാരോഹണശുശ്രൂഷയിൽ പാലാ രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്









പാലാ ബിഷപ്സ് ഹൗസിൽവച്ച് രൂപതാധ്യക്ഷൻ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽനിന്നു മ്ശംശാനപട്ടം സ്വീകരിച്ച
ഡാൻ കടുപ്പിൽ, ജോൺ കുന്നുംപുറം







പന്തക്കുസ്താത്തിരുനാ
ളിനോടനുബന്ധിച്ച്
ഭരണങ്ങാനം അൽഫോൻസാ
തീർത്ഥാടനദേവാലയത്തിൽ
രൂപതാധ്യക്ഷൻ
അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് കുട്ടികളെ
എഴുത്തിനിരുത്തുന്നു.








പന്തക്കുസ്താത്തിരുനാൾദിനത്തിൽ കത്തോലിക്കാ കരിസ്മാറ്റിക്
നവീകരണം പാലാ സോണിന്റെ ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.





പന്തക്കുസ്താത്തിരുനാളി
നോടനുബന്ധിച്ച്
ബേസ് അപ്രേം നസ്രാണി ദയറാ
രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് സന്ദർശിച്ചപ്പോൾ










ടീച്ചേഴ്സ് ഗിൽഡ് & അക്കാദമിക് കൗൺസിൽ കോർപറേറ്റ്
എജ്യൂക്കേഷണൽ ഏജൻസി, പാലാ രൂപതയുടെ വിജയദിനാഘോഷം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുന്നു



പാലാ രൂപത എപ്പാർക്കിയൽ
യൂത്ത് അസംബ്ലി ലോഗോ
പാലാ രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് പ്രകാശനം ചെയ്യുന്നു.










കെ. സി. എസ്. എൽ ആനിമേറ്റേഴ്സ് മീറ്റിങ് ഉദ്ഘാടനവും, ബൈബിൾ
പകർത്തിയെഴുതിയ കുഞ്ഞുങ്ങൾക്കുള്ള സമ്മാനവിതരണവും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.





ദീപികയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തുനടന്ന
'നവകർഷക കേരളം സംവാദത്തിൽ' പാലാ രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യപ്രഭാഷണം നടത്തി.









SSLC, +2 പരീക്ഷയിൽ കോട്ടയം ജില്ലയിൽ മികച്ച വിജയം നേടിയ
വിദ്യാലയങ്ങളെയും വിദ്യാർത്ഥികളെയും ദീപികയുടെ നേതൃത്വത്തിൽ
ആദരിച്ച ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
സമ്മാനവിതരണം നടത്തുന്നു.







ചൂണ്ടച്ചേരി എഞ്ചിനീയറിങ് കോളേജിന്റെ ബിരുദദാനച്ചടങ്ങിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്







ജലന്തർ രൂപതയുടെ മെത്രാനായി നിയുക്തനായിരിക്കുന്ന
മോൺ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേലിനെ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും, മാർ ജോസഫ് പള്ളിക്കാപറമ്പിൽ
പിതാവും, മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവും ചേർന്ന്
പാലാ അരമനയിൽ സ്വീകരിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

JULY 2025
Vol. LXXV No. 7

# CONTENTS

ഇടയലേഖനം ............................................................ 407

സർക്കുലർ ............................................................ 414

സർക്കുലർ ............................................................ 418

സർക്കുലർ ............................................................ 421

സർക്കുലർ ............................................................ 432

സർക്കുലർ ............................................................ 438

കച്ചേരിക്കാര്യം ............................................................ 447

അറിയിപ്പ് ............................................................ 449

വാർത്തകൾ ............................................................ 452

അഭിവന്ദ്യപിതാവിന്റെ ഡയറി ............................................ 489

Prot. No. 0482/2025

## ഇടയലേഖനം

## ദുക്റാനത്തിരുനാൾ - സഭാദിനം 2025

സീറോമലബാർസഭയുടെ

**മേജർ ആർച്ചുബിഷപ് റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ മരണദിവസമായ ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ ദുക്റാനത്തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർസഭയുടെ മക്കളായ നമുക്ക് ഈ ഓർമത്തിരുനാളും സഭാദിനവും കൃതജ്ഞതാപ്രകാശനത്തിനും ആത്മപരിശോധനയ്ക്കും ദൗത്യനവീകരണത്തിനുമുള്ള അവസരമാണ്.

മാർത്തോമാശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ട്, വിശ്വാസത്തിനു സാക്ഷ്യംനല്കുന്ന ക്രൈസ്തവജീവിതശൈലിക്ക് സമകാലികസമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽനിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം തോമാശ്ലീഹാ നല്കിയതു ഹൃദയത്തിൽനിന്നുള്ള

സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസപ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ പുനരുത്ഥാനസത്യത്തെ ഹൃദയംനിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോരുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാന അർഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും സഹിച്ചെങ്കിൽ മാത്രമേ ഉത്ഥിതന്റെ മഹത്ത്വാനുഭവം സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ. ഉത്ഥാനംചെയ്ത ഈശോയുടെ മഹത്ത്വീകൃതമായ ശരീരത്തിൽ തോമാശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസപ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നല്കട്ടെ.

ജൂലൈ മൂന്നാംതീയതി സീറോമലബാർസഭാദിനം വർഷങ്ങളായി നമ്മൾ ആചരിച്ചുവരികയാണല്ലോ. നമ്മുടെ സഭയ്ക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കൾ എല്ലാവരുടെയും പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി സീറോമലബാർസഭ വളർന്നിരിക്കുന്നത്. കേരളത്തിൽനിന്നു ഭാരതം മുഴുവനിലേക്കും ഭാരതത്തിന്റെ അതിർത്തികളിൽനിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ് നമ്മുടെ അജപാലനമേഖലകൾ. ലോകത്തിന്റെ എല്ലാഭാഗങ്ങളിലുംതന്നെ സീറോമലബാർ സഭയിലെ വൈദികരും സിസ്റ്റേഴ്സും അല്മായസഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയുംകുറിച്ചും നമ്മെ ഓർമപ്പെടുത്തുന്നു. ഞാൻ സുവിശേഷം

പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം (1 കോറി. 9:16) എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻപ്രദേശങ്ങളിലേക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമംചെയ്യാനും സാധ്യതകളില്ലാത്ത ഇടങ്ങളിലേക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിതസഹോദരങ്ങളും അല്മായ മിഷൻസംവിധാനങ്ങളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരിമാസത്തിലെ സിനഡുസമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ച് നമ്മുടെ സഭയിൽ കഴിഞ്ഞവർഷം 283 വൈദികവിദ്യാർഥികൾ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലുമായി തിരുപ്പട്ടം സ്വീകരിച്ചു. സീറോമലബാർസഭയിലെ പുരുഷന്മാർക്കായുള്ള സമർപ്പിതസമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനം നടത്തിയപ്പോൾ 145 പേർ നിത്യവ്രതവാഗ്ദാനം നടത്തി. സ്ത്രീകളുടെ സമർപ്പിതസമൂഹങ്ങളിൽ 272 പേർ സമർപ്പിതവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തുകയും 338 പേർ നിത്യവ്രതംചെയ്യുകയുംചെയ്തു. മറ്റു വ്യക്തിസഭകളിലും അവിടെയുള്ള സമർപ്പിതസമൂഹങ്ങളിലുംചേർന്ന് വൈദികപട്ടം സ്വീകരിക്കുകയും വ്രതവാഗ്ദാനംചെയ്യുകയും ചെയ്ത സീറോമലബാർസഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്. ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവയ്ക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദിപറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും; പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണിനേരിട്ടുകൊണ്ട് ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർഥിക്കുന്നതിനുവേണ്ടിയാണ്. വൈദിക - സമർപ്പിത ദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി

പ്രോത്സാഹിപ്പിച്ചുവളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21-നു കാലംചെയ്തത്. ഏപ്രിൽ 26 നു പരിശുദ്ധപിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പയെ കബറടക്കിയിരിക്കുന്ന മേരി മേജർ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കൻമാരോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർസഭയെ സ്നേഹിച്ച ഒരു മാർപാപ്പയാണ് കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനാധികാരം നല്കിയതും ഗൾഫുരാജ്യങ്ങളിൽ നമ്മുടേതായ അജപാലനാസംവിധാനം രൂപപ്പെടുത്താനുള്ള നടപടികൾ ദ്രുതഗതിയിലാക്കിയതും നമ്മുടെ സഭാമക്കളുടെ ആത്മീയ ആവശ്യത്തിനായി റോമിലെ സാന്താ അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നല്കിയതും ഫ്രാൻസിസ് മാർപാപ്പയാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽസംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ചുനടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമയ്ക്കുമുമ്പിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർഥിക്കാം.

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന സമ്മാനമാണ് പുതിയ മാർപാപ്പ ലെയോ പതിന്നാലാമൻ. പാപ്പാസ്ഥാനം ഏറ്റെടുത്ത ദിനങ്ങളിൽത്തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളസഭയോടുമുള്ള സംവേദ

നങ്ങളുംവഴി മാർപാപ്പ ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. പൗരസ്ത്യസഭകളെസംബന്ധിച്ച് ഏറെ സുപ്രധാനമായ ഒരു ഇടപെടൽ മാർപാപ്പ നടത്തിയത് 2025 മേയ് 14നാണ്. അന്ന് പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭിസംബോധനചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധപിതാവിന്റെ അജപാലനസമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു. പൗരസ്ത്യസഭകൾ കത്തോലിക്കാസഭാകൂട്ടായ്മയുടെ വിലപ്പെട്ട ഘടകങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിനാവശ്യമായ പ്രതിബദ്ധത കാണിക്കണമെന്നും ആരാധനക്രമ - സഭാശാസ്ത്ര വൈവിധ്യങ്ങൾ എല്ലാവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണമെന്നുമുള്ള മാർപാപ്പയുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മയ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയ്ക്കിടയിൽ പരിശുദ്ധപിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം ലഭിച്ചു. പൗരസ്ത്യപാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തി ആഗോളസഭയിൽ സജീവസാന്നിധ്യമായി മുന്നോട്ടുപോകാനുള്ള അവസരമാണ് മാർത്തോമാശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധപിതാവു പറഞ്ഞതുപോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യം നല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യസഭയെന്നനിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധപിതാവു ലെയോ പതിന്നാലാമനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർഥിക്കാം.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽനിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ആത്മീയജീവിതത്തിലും സഭാത്മക ജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനമാണ് 2024 ഒക്ടോബർമാസത്തിൽ പുറപ്പെടുവിച്ച 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന ചാക്രികലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രികലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസ്സംഗതയും അനാസ്ഥയും ഉപരിപ്ലവതയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്. സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടത് നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽനിന്നാണ്. വ്യത്യസ്ത ചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പിക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽ നിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിന് ഇടയാകും (നമ്പർ 28). ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും

സ്നേഹിക്കാൻ പഠിക്കുന്നതും (നമ്പർ 30). അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കംകുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവച്ച് ഈശോയുടെ ഹൃദയവുമായി ബന്ധംസ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനത്തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു.നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ ത്തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാമാണ്ട് ജൂൺമാസം 20-ാം തീയതി നല്കപ്പെട്ടത്.

**റാഫേൽ തട്ടിൽ**

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്**

---

NB: ഈ ഇടയലേഖനം 2025 ജൂൺ 29-ാം തീയതി ഞായറാഴ്ച സീറോ മലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No. 4115/K-5/KCBC/OL/DS 09.06.2025

## കെസിബിസി സർക്കുലർ

# ലഹരിയെന്ന വിപത്തിനെതിരെ കൈകോർക്കാം:

## ജൂൺ 26
## അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധദിനാചരണം

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

ഈ കാലഘട്ടത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായി ലഹരിവ്യാപനം മാറിയിരിക്കുകയാണല്ലോ. രാസലഹരിയുടെയും മറ്റു ലഹരിപദാർഥങ്ങളുടെയും വ്യാപനം പ്രത്യക്ഷമായോ പരോക്ഷമായോ നാമേവരെയും ബാധിച്ചു കൊണ്ടിരിക്കുന്നു. വലിയൊരു വിഭാഗം യുവജനങ്ങൾ രാസ ലഹരിയുടെ നീരാളിപ്പിടിത്തത്തിൽ അകപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. സ്കൂൾകുട്ടികൾക്കിടയിൽവരെ മാരകമായ ലഹരിപദാർഥ ങ്ങളുടെ ഉപയോഗം പലയിടങ്ങളിലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ലഹരിമാഫിയയുടെ അദൃശ്യകരങ്ങൾ നമ്മുടെ പരിസര ങ്ങളിലേക്കൊക്കെയും നീണ്ടിരിക്കുന്നു എന്നുള്ളത് ഭയപ്പെടു ത്തുന്ന ഒരു യാഥാർഥ്യം തന്നെയാണ്.

കേരളനിയമസഭയിൽ ഈ വർഷം അവതരിപ്പിക്കപ്പെട്ട കണക്കുകൾപ്രകാരം 18 വയസിൽ താഴെയുള്ള 2888 കുട്ടികൾ 2024 ൽ ലഹരിവിമുക്തിക്കായി ചികിത്സ തേടിയിട്ടുണ്ട്. സംസ്ഥാന എക്സൈസ് വകുപ്പിന്റെ കണക്കുകളനുസരിച്ച്, ഈ വർഷം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രം മയക്കുമരുന്ന് കടത്ത്, വില്പന തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്ത 18 വയസ്സിൽ താഴെയുള്ള 36 പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. കൂടാതെ, കേരളത്തിലെ 1057 സ്കൂളുകളെ ലഹരിമാഫിയകൾ ലക്ഷ്യംവച്ചിരിക്കുന്നതായുള്ള ഇന്റലിജൻസ് റിപ്പോർട്ട് 2023 ൽ

എക്സൈസ് വകുപ്പിനു ലഭിച്ചിരുന്നു. സ്കൂൾകുട്ടികൾക്കിടയിൽ ആശങ്കാജനകമായ വിധത്തിൽ മയക്കുമരുന്ന് വിപണനവും ഉപയോഗവും വർധിക്കുന്നതിന്റെ സൂചനകളാണ് ഇവ. സ്കൂളുകളേക്കാൾ വളരെയധികമായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും ലഹരിമാഫിയകളുടെ പിടിയിലാണ് എന്നാണ് റിപ്പോർട്ടുകൾ.

ഈ വർഷം മാർച്ച് 12 ന് ലോക്സഭയിൽ വെളിപ്പെടുത്തിയ കണക്കുകൾപ്രകാരം 2022 മുതൽ 2024 വരെയുള്ള മൂന്നുവർഷങ്ങൾക്കിടയിൽ കേരളത്തിൽ NDPS ആക്ട് പ്രകാരം 85334 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. മുൻവർഷങ്ങളിലേതിനേക്കാൾ വലിയ വർദ്ധനയാണ് ആ കണക്കുകൾ വ്യക്തമാക്കുന്നത്. മയക്കുമരുന്നു സംബന്ധമായ കേസുകൾ ഇന്ത്യയിൽ ഏറ്റവും അധികം രജിസ്റ്റർ ചെയ്യപ്പെടുന്ന സംസ്ഥാനമായി നമ്മുടെ കൊച്ചുകേരളം മാറിയിരിക്കുന്നു. 35883 കേസുകൾ രജിസ്റ്റർ ചെയ്ത് രണ്ടാം സ്ഥാനത്തുള്ള മഹാരാഷ്ട്രയുടെ ഇരട്ടിയിലധികം കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 25.85 കിലോ രാസലഹരിവസ്തുക്കൾ 2024 ൽ കേരളത്തിൽനിന്ന് പിടികൂടി.

ലഹരിവില്പനയുടെ കണ്ണികളായി പ്രവർത്തിക്കുന്നവർ ലഹരിവസ്തുവെന്നു തിരിച്ചറിയാനാവാത്തവിധത്തിൽ ചോക്ലേറ്റുകളുടെയും പാനീയങ്ങളുടെയും രൂപത്തിൽ രാസലഹരി വിദ്യാർഥികൾക്കിടയിൽ പ്രചരിപ്പിക്കുന്നു എന്ന വസ്തുത ചില സമീപകാലസംഭവങ്ങളിൽനിന്നു വ്യക്തമാണ്. സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്ക് പാനീയങ്ങളിൽ രാസലഹരിപദാർഥങ്ങൾ ചേർത്തുനൽകി അവരെ ലഹരിക്ക് അടിമകളാക്കിമാറ്റാനുള്ള നീക്കങ്ങൾ നടക്കുന്നതായി അടുത്തകാലത്ത് ലഹരിവിമുക്തി നേടിയ ഒരു വ്യക്തി ചാനലുകളിൽ നടത്തിയ വെളിപ്പെടുത്തൽ, ഏതാനും ആഴ്ചകൾക്കുമുമ്പ് മാരകലഹരി കലർന്ന ചോക്ലേറ്റ്പായ്ക്കറ്റുകൾ കൊച്ചി വിമാനത്താവളത്തിൽനിന്ന് പിടികൂടിയത് തുടങ്ങിയ സംഭവ

ങ്ങൾ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ നമ്മെ നിർബന്ധിതരാക്കുന്നു.

സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്കിടയിലെന്നതിനേക്കാൾ പട്ടണങ്ങൾ കേന്ദ്രീകരിച്ച് വിവിധ മേഖലകളിൽ ജോലിചെയ്യുന്ന യുവജനങ്ങൾക്കിടയിലും രാസലഹരിയുടെ ഉപയോഗം വളരെ വർധിച്ചിരിക്കുന്നതായാണ് റിപ്പോർട്ടുകൾ. മയക്കുമരുന്നുകടത്തും വിപണനവുമായി ബന്ധപ്പെട്ട് കേസുകളിൽ അകപ്പെടുന്നവരിൽ 60 ശതമാനത്തിലധികം പേരും 25 വയസിൽ താഴെയുള്ളവരാണ്. അനേകം യുവജനങ്ങൾ മയക്കുമരുന്നു കെണികളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഇത്തരം റിപ്പോർട്ടുകളിൽനിന്നു വ്യക്തമാകുന്നു.

മയക്കുമരുന്നുപയോഗം വർധിച്ചുകൊണ്ടിരിക്കുന്നതിന് ആനുപാതികമായി അക്രമസംഭവങ്ങൾ, അപകടങ്ങൾ, ആത്മഹത്യാപ്രവണതകൾ, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവ നമ്മുടെ നാട്ടിൽ കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്നതും നാം വിചിന്തനവിഷയമാക്കേണ്ടതുണ്ട്. ഇത്തരം കാരണങ്ങളാൽ സാമൂഹികസുരക്ഷിതത്വം കുറഞ്ഞുകൊണ്ടിരിക്കുന്നത് ഈ കാലഘട്ടത്തിൽ നാം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ്.

രാസലഹരികൾ ഉപയോഗിച്ചുശീലിക്കുന്നപക്ഷം അതിൽനിന്നുള്ള വിമുക്തി ദുഷ്കരമാണ് എന്ന വസ്തുത നാം ഗൗരവമായി പരിഗണിക്കുകയും അക്കാര്യം വിദ്യാർഥികളെയും യുവജനങ്ങളെയും ബോധ്യപ്പെടുത്തുകയും വേണം. മക്കൾ രാസലഹരികൾക്കടിമപ്പെട്ട് കുടുംബത്തിൽ പ്രതിസന്ധികൾ രൂപപ്പെടുന്നെങ്കിലും ആ വിവരം മൂടിവയ്ക്കുകയും അവരെ ചികിൽസകൾക്ക് വിധേയരാക്കാൻ മടികാണിക്കുകയും ചെയ്യുന്ന പ്രവണത മാതാപിതാക്കളിൽ കാണപ്പെടുന്നുണ്ട്. ലഹരിയടിമത്തം ശ്രദ്ധയിൽപെടുന്നപക്ഷം ശാസ്ത്രീയമായ ചികിൽസകൾക്ക് അവരെ വിധേയരാക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ജൂൺ 3, 4 തീയതികളിൽ എറണാകുളം പിഒസിയിൽ സമ്മേളിച്ച കെസിബിസി സമ്മേളനം ലഹരിവ്യാപനത്തിന്റെ ഇത്തരം ആശങ്കാജനകമായ സാഹചര്യങ്ങളെകുറിച്ച്, ഗൗരവ മായി ചർച്ചചെയ്തു. മയക്കുമരുന്നുപയോഗത്തെ പ്രതിരോധി ക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളോടു ചേർന്നു നിന്നുകൊണ്ട് ഈ മഹാവിപത്തിനെ ഉൻമൂലനം ചെയ്യാനും വിദ്യാർഥികളെയും യുവജനങ്ങളെയും കുടുംബങ്ങളെയും പ്രബുദ്ധരാക്കാനും ഫലപ്രദമായ പദ്ധതികൾ ഇക്കാലഘട്ട ത്തിൽ നാം നടപ്പാക്കേണ്ടതുണ്ട്. അതിന് ആദ്യപടിയായി ഈ വരുന്ന ജൂൺ 26-ന് അന്തർദേശീയ മയക്കുമരുന്നു വിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരളസഭയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും രാവിലെ നടത്തുന്ന അസംബ്ലി യോടനുബന്ധിച്ച് ബോധവൽക്കരണപരിപാടികളും ലഹരി വിരുദ്ധപ്രതിജ്ഞയും നടത്താൻ കത്തോലിക്കാമെത്രാൻ സമിതി നിർദേശിക്കുന്നു. വിദ്യാർത്ഥികൾക്കു കൃത്യമായ ജാഗ്രതാ സന്ദേശം നൽകുന്നതോടൊപ്പം ഉചിതവും ഫലപ്രദവുമായ രീതിയിൽ സ്കൂൾ-കോളജ് അധികൃതർ അന്നേദിവസം ആചരി ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നേദിവസം ഉപയോഗിക്കുന്ന തിനുള്ള ലഹരിവിരുദ്ധപ്രതിജ്ഞ ഇതോടൊപ്പം അയയ്ക്കുന്നു

ഇനിയും ആരും ലഹരിയുടെ കെണികളിൽ വീഴാതിരി ക്കാൻ, ജാഗ്രതയുള്ള സമൂഹമായി, സഹോദരരുടെ കാവൽ ക്കാരായി പ്രവർത്തിച്ചുകൊണ്ട് ലഹരിവ്യാപനത്തിനെതിരായ പോരാട്ടത്തിൽ നമുക്കേവർക്കും കൈകോർക്കാം.


**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
കെസിബിസി പ്രസിഡന്റ്
**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്
**ബിഷപ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

No. 4116/K-5/KCBC/OL/DS 09.06.2025

## പരിഷ്കരിച്ച പിഒസി ബൈബിൾ വിശ്വാസിസമൂഹത്തിന്റെ ഉപയോഗത്തിനായി സമർപ്പിക്കുന്ന വേളയിൽ കേരള കത്തോലിക്കാ മെത്രാൻസമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2008 ൽ ആരംഭിച്ച്, നീണ്ട 16 വർഷത്തെ പരിശ്രമഫലമായുള്ള പരിഷ്കരിച്ച പിഒസി ബൈബിൾ (Revised POC Bible) സഭയ്ക്കു സമർപ്പിക്കുമ്പോൾ, കേരളസഭയ്ക്കും കേരള കത്തോലിക്കാ മെത്രാൻസമിതിക്കും പിഒസിക്കും കെസിബിസി ബൈബിൾ കമ്മീഷനും ഇത് അഭിമാനത്തിന്റെ ചരിത്രമുഹൂർത്തമാണ്. കെസിബിസി ബൈബിൾ കമ്മീഷൻ മലയാളത്തിലേക്കു വിവർത്തനംചെയ്ത്, പിഒസി ആദ്യമായി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചത് 1981 ലാണ്. ഭാഷാലാളിത്യത്താലും വായനക്ഷമതയാലും പരക്കെ ജനകീയത നേടിയ പിഒസി ബൈബിൾ, കഴിഞ്ഞ നാല്പതിൽപരം വർഷങ്ങളായി വായിക്കാനും പഠിക്കാനും ധ്യാനിക്കാനും അനേകംപേർ താത്പര്യപൂർവം ഉപയോഗിച്ചുവരുന്നു.

വിശുദ്ധഗ്രന്ഥത്തിന്റെ മൂലരൂപത്തോടു വിശ്വസ്തത പുലർത്തുന്നതും പ്രമാദരഹിതവുമായ വിവർത്തനങ്ങൾ ദൈവജനത്തിനു ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (ദൈവവചനം ഖ. 22) നിർദേശിക്കുന്നു. 2010 ൽ ബനഡിക്ട് പതിനാറാമൻ പാപ്പാ പുറത്തിറക്കിയ, 'കർത്താവിന്റെ വചനം' (*Verbum Domini*) എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനവും ബൈബിൾ പരിഭാഷ നടത്തുന്നതിന്റെയും ബൈബിൾസംബന്ധപഠനങ്ങളുടെ പുരോഗതി അനുസരിച്ച് പരിഭാഷകൾ പരിഷ്കരിക്കുന്നതിന്റെയും പ്രാധാന്യം ഊന്നിപ്പ

റയുന്നു (ഖ.115 കാണുക). ഈ ലക്ഷ്യത്തെ മുന്നിൽ കണ്ടു കൊണ്ട് സമീപകാലങ്ങളിൽ ആധുനികഭാഷകളിലെ ബൈബിൾ വിവർത്തനങ്ങൾ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ഇതിനോടകം പരിഷ്കരിച്ച പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 2008-ൽ ആരംഭിച്ച പിഒസി ബൈബിളിന്റെ പരിഷ്കരണം വിവിധഘട്ടങ്ങളിലൂടെ കടന്നുപോയി 2024 ൽ പൂർത്തീകരിക്കപ്പെട്ടു. ബൈബിൾപരിഷ്കരണപ്രക്രിയയിൽ പ്രവർത്തിച്ച ബൈബിൾ പണ്ഡിതർക്കും ഭാഷാസംശോധന നടത്തിയവർക്കും സഹായികളായിരുന്ന മറ്റെല്ലാവർക്കും അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ വർഷത്തിൽ പരിഷ്കരിച്ച പതിപ്പിന്റെ വിപുലമായ പ്രസിദ്ധീകരണവും പ്രചാരണവും സാധ്യമാകുമ്പോൾ നിലവിലുള്ള പിഒസി ബൈബിളിനെക്കുറിച്ചും പരിഷ്കരിച്ച പിഒസി ബൈബിളിനെ സംബന്ധിച്ചും വിശ്വാസികൾക്കുള്ള രണ്ടു നിർദേശങ്ങൾ നല്കുന്നു.

1. പരിഷ്കരിച്ച പതിപ്പിന്റെ പ്രസിദ്ധീകരണത്തോടെ നിലവിലുള്ള പിഒസി ബൈബിളിന്റെ സാധുത ഇല്ലാതാകുന്നില്ല. വായിക്കാനും പഠിക്കാനും ധ്യാനിക്കാനും നിലവിലുള്ള പിഒസി ബൈബിളിന്റെ ഉപയോഗം തുടരാവുന്നതാണ്.

2. പരിഷ്കരിച്ച പിഒസി ബൈബിൾ മൂലഗ്രന്ഥങ്ങളോടു കൃത്യത പുലർത്തിക്കൊണ്ട് പഠിതാക്കൾക്കും സാധാരണക്കാർക്കും ഉപയുക്തമാകുന്ന പരിഷ്കരണമാണ് കെസിബിസി ബൈബിൾ കമ്മീഷൻ ലക്ഷ്യമിട്ടത്. അതിനാൽ ഗവേഷണപരമായ പഠനങ്ങൾക്കു പരിഷ്കരിച്ച പിഒസി ബൈബിൾ കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളസഭയിലും പൊതുസമൂഹത്തിലും ദൈവവചനശോഭ പകർന്നുകൊടുക്കുന്നതിന് പിഒസി ബൈബിളിന്റെ വിവിധ

പതിപ്പുകൾക്കാകട്ടെ എന്നാശംസിച്ചുകൊണ്ട്,

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
ചെയർമാൻ, കെസിബിസി ബൈബിൾ കമ്മീഷൻ

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ

**ബിഷപ് ഡോ. തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, ബൈബിൾ കമ്മീഷൻ

പി. ഒ. സി., കേരള കത്തോലിക്കാസഭയുടെ
ആസ്ഥാന കാര്യാലയം, കൊച്ചി 682 025

---

NB: 2025 ജൂൺ 29 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## Secundum Probatum

### ദിവ്യപൂജയിലെ നിയോഗം സ്വീകരിക്കുന്നതിനെ സംബന്ധിച്ച നിബന്ധനകൾ

### വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം പുറപ്പെടുവിക്കുന്ന ഡിക്രി

സഭ അംഗീകരിച്ചിട്ടുള്ള പ്രയോഗമനുസരിച്ച്, ദിവ്യപൂജ അർപ്പിക്കുന്ന ഓരോ പുരോഹിതനും നൽകപ്പെടുന്ന കാണിക്ക (offering) സ്വീകരിക്കുക എന്നത് നിയമാനുസൃതമാണ്; അങ്ങനെ ആ പുരോഹിതൻ നിർണയിക്കപ്പെട്ട നിയോഗത്തിനുവേണ്ടി ആ ദിവ്യപൂജ അർപ്പിക്കുന്നതിനാണ് (CIC Im\³ 945 § 1).

ദിവ്യപൂജ കൗദാശികജീവിതത്തിന്റെ പൂർണതയാണെങ്കിൽപ്പോലും അതു പരിപൂർണരായവർക്കുള്ള പ്രതിഫലമല്ല; മറിച്ച്, അത് ഒരു ഉദാരമായ ചികിത്സയും ദുർബലരായവർക്കു പോഷണവുമാണ്. ഈ ബോധ്യങ്ങൾക്ക് അജപാലനപരമായ അനന്തരഫലങ്ങളുമുണ്ട്; അവ വിവേകത്തോടും ധൈര്യത്തോടും പരിഗണിക്കാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. പലപ്പോഴും നാം കൃപയെ സുഗമമാക്കുന്നവരായല്ല; മറിച്ച്, നിയന്ത്രിക്കുന്നവരായി പ്രവർത്തിക്കുന്നു. എന്നാൽ, സഭ ഒരു നികുതി ചുമത്തുന്ന ആപ്പീസല്ല (customs house); അതൊരു പിതൃഭവനമാണ്; അവിടെ ഓരോ വ്യക്തിക്കും, അവന്റെയും അവളുടെയും ജീവിതഭാരവുമായി ചേക്കേറാനുള്ള സ്ഥലമുണ്ട് [1].

ഈ കൃപയെക്കുറിച്ച് അറിഞ്ഞുകൊണ്ട്, വിശ്വാസികൾ തങ്ങളുടെ കാഴ്ച/കാണിക്ക സമർപ്പിച്ചുകൊണ്ട് ദിവ്യബലിയോടു തങ്ങളെത്തന്നെ കൂടുതലായി യോജിപ്പിക്കാൻ ആഗ്രഹിക്കുന്നു; അത് തങ്ങളുടെതന്നെ ത്യാഗങ്ങൾ (sacrifice) അതിനോടു ചേർത്തുകൊണ്ടും സഭയുടെ ആവശ്യങ്ങളോടു സഹകരിച്ചുകൊണ്ടുമാണ്. ഏറെ പ്രത്യേകിച്ച് ദിവ്യശുശ്രൂഷകരുടെ ഉപജീവനത്തിനായി തങ്ങളുടെ സംഭാവന നൽകിക്കൊണ്ട്. തന്നെത്തന്നെ സ്വയം സമർപ്പിക്കുന്ന ക്രിസ്തുവുമായി വിശ്വാസികൾ ഈ രീതിയിൽ വളരെ അടുത്ത് സംയോജിക്കപ്പെടുകയും

ഒരർഥത്തിൽ അവനുമായി ആഴത്തിലുള്ള കൂട്ടായ്മയിൽ ഉൾച്ചേർക്കപ്പെടുകയും ചെയ്യുന്നു. സഭ ഈ പ്രയോഗത്തെ അംഗീകരിക്കുക മാത്രമല്ല, അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു [2]. ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് ബലി പീഠത്താൽ ജീവിക്കാനുള്ള അവകാശമുണ്ടെന്ന് പൗലോസ് അപ്പസ്തോലൻ എഴുതുന്നു (കാണുക 1 കോറി 9: 13–14; 1 തിമോ 5:18; ലൂക്കാ. 10:7). ദിവ്യപൂജാർപ്പണത്തിൽ സ്വമനസ്സാലേ നൽകിവന്ന കാണിക്കകളെക്കുറിച്ച് ആദ്യനൂറ്റാണ്ടുകളിൽ ക്രോഡീകരിച്ചിട്ടുള്ള ചട്ടങ്ങൾ വിവരിക്കുന്നു. അവ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിതരണമാനദണ്ഡമനുസരിച്ച് പല ഭാഗങ്ങളായി തിരിച്ചിരുന്നു: ദരിദ്രർക്കുവേണ്ടി, മെത്രാന്റെ മേശയ്ക്കു (mensa episcopalis)വേണ്ടി, മെത്രാൻ ആതിഥ്യം നൽകുന്നവർക്കുവേണ്ടി, ആരാധനയ്ക്കുവേണ്ടി, അത് ആചരിക്കുകയോ അല്ലെങ്കിൽ അതിനു സഹായിക്കുകയോ ചെയ്യുന്ന വൈദികർക്കുവേണ്ടി, എന്നിങ്ങനെ [3].

അങ്ങനെ കാണിക്കകൾ സമർപ്പിച്ചവർ പ്രത്യേകമാംവിധം ദിവ്യബലിയിൽ പങ്കുചേരുന്നവരായി. ദിവ്യപൂജാർപ്പണസമയത്തോ അല്ലെങ്കിൽ അതിനുശേഷമോ നൽകപ്പെടുന്ന കാഴ്ചകൾ/ ഒരു ഉപകാരിക്കു നൽകപ്പെടുന്ന പ്രതിഫലമായാണ് കരുതിപ്പോന്നത്; അതായത്, പുരോഹിതനാൽ നിർവഹിക്കപ്പെട്ട ശുശ്രൂഷയ്ക്ക് (occasione servitii), തദവസരത്തിൽ നൽകപ്പെടുന്ന സമ്മാനം ഒരു ഉപവിപ്രവൃത്തിയാണ്; അത് ഒരിക്കലും ഒരു വില (sale price) ആയി കണക്കാക്കപ്പെട്ടിരുന്നില്ല; അങ്ങനെ ആയിരുന്നെങ്കിൽ അത് ഒരു ദൈവികദാനം വിലകൊടുത്തു സ്വന്തമാക്കുന്ന പ്രവൃത്തി ആകുമായിരുന്നു (simony).

അക്കാലത്ത് വിശ്വാസികൾ ആവശ്യപ്പെട്ട ഒരു പ്രത്യേക നിയോഗത്തിനുവേണ്ടി, ഒരു ദാനം (സമ്മാനം) നൽകപ്പെടാതെ തന്നെ, ദിവ്യപൂജ അർപ്പിക്കുന്ന പതിവും ഉണ്ടായിരുന്നു. പിൽക്കാലത്ത്, ദിവ്യപൂജാർപ്പണത്തിന് ഒരു ദാനം നൽകുന്ന രീതി ഉരുത്തിരിഞ്ഞു; അതായത്, പുരോഹിതനോ ആ സഭയ്ക്കോ ഒരു കാഴ്ച സമർപ്പിക്കുന്ന രീതി. ദിവ്യപൂജാർ

പ്പണത്തിനു കാഴ്ച സമർപ്പിക്കുന്ന രീതി ഇതിൽനിന്ന് ആവിർഭവിച്ചതാണ്. പത്താം നൂറ്റാണ്ടിന്റെ അവസാനത്തോടെ ദിവ്യപൂജാർപ്പണത്തിന് പ്രത്യേക നിയോഗങ്ങൾ ചേർക്കുന്നതിന്റെ ഭാഗമായി സ്മരണക്കാഴ്ചകൾ (commemorative gifts) നൽകുന്ന പതിവ് ഉണ്ടായിത്തുടങ്ങി. അതേ കാലത്താണ്, ദിവ്യപൂജാ ഫൗണ്ടേഷൻസ് (Mass Foundations), അതായത്, മുൻകൂട്ടി നിശ്ചയിച്ചിരുന്ന നിയോഗങ്ങൾക്കുവേണ്ടി ദിവ്യപൂജ അർപ്പിക്കാനുള്ള കടമ ഏറ്റെടുക്കുക എന്നത് (obligation) നിലവിൽവന്നത്. ഈ രീതിയിൽനിന്നാണ് ഒരു ദിവ്യപൂജാർപ്പണത്തിനായി ഒരു കാഴ്ച സമർപ്പിക്കുക എന്ന പതിവ് ഉരുത്തിരിഞ്ഞത്. ഈ പതിവ് സഭ അംഗീകരിക്കുക മാത്രമല്ല, അത് ശിപാർശചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

സാധാരണയുള്ള പതിവും സഭാനിയമവും ഓരോ കാഴ്ചയും പുരോഹിതൻ അർപ്പിച്ച ഓരോ ദിവ്യപൂജയുടെയും കൃത്യമായ നിയോഗമായി കണക്കാക്കണമെന്നു നിഷ്കർഷിക്കുന്നു. മാത്രമല്ല, പുരോഹിതൻ അർപ്പിക്കുന്ന ദിവ്യപൂജയിൽ ഏതു വ്യക്തിക്കും നിയോഗത്തിനുംവേണ്ടിയാണോ അത് അർപ്പിക്കപ്പെടുന്നത്, ആ വ്യക്തിക്ക്, കൃപയുടെ പദ്ധതിയനുസരിച്ച്, ആധ്യാത്മികമായ ആനുകൂല്യവും പ്രയോജനവും ഉണ്ടാകുമെന്ന് കത്തോലിക്കാവിശ്വാസവും അതോടൊപ്പം ജനങ്ങളുടെ വിശ്വാസബോധവും (sensus fidelium) സാക്ഷ്യപ്പെടുത്തുന്നു; അതേ കാഴ്ചപ്പാടിൽ ആവർത്തിക്കപ്പെടുന്ന നിയോഗസമർപ്പണം ആ വ്യക്തിക്കും ആ ലക്ഷ്യത്തിനും ഉപകാരപ്പെടുമെന്നും.

മേല്പറഞ്ഞ അർഥത്തിൽ, ഒരു ദിവ്യപൂജാർപ്പണത്തിനുവേണ്ടി ലഭിച്ച കാഴ്ച അതിനുവേണ്ടി മാത്രം ഉപയോഗപ്പെടുത്തണമെന്നും പല നിയോഗങ്ങൾക്കായി ലഭിച്ച കാഴ്ചകൾ ഒരേ ദിവ്യപൂജയ്ക്കായി അർപ്പിക്കപ്പെടാൻ പാടില്ലെന്നുമുള്ള കാര്യം പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഈ പ്രവർത്തനശൈലിയും ഏതു നിയോഗത്തിനുവേണ്ടി കാഴ്ച ലഭിച്ചുവോ ആ നിയോഗത്തിനായി പൂജാർപ്പണം നടത്താതിരിക്കുകയോ ചെയ്യുന്നതും നീതിക്കു നിരക്കാത്തതാണെന്നു പലപ്രാവശ്യം സഭാരേഖകളിൽ പറഞ്ഞിട്ടുണ്ട് [4].

മാത്രമല്ല, ഒരു ദിവ്യപൂജയ്ക്കുവേണ്ടി വാഗ്ദാനം ചെയ്യപ്പെട്ടു വാങ്ങിയ കാഴ്ച ഒരു പ്രാർഥനാനിയോഗമായി (prayerful intention) ഒരു ദൈവവചനശുശ്രൂഷയിലോ ദിവ്യപൂജാർപ്പണ വേളയിൽ ഏതെങ്കിലും ഒരു സമയത്ത് പ്രസ്തുതകാര്യം സൂചിപ്പിക്കുന്നതിലോ ഒതുക്കുന്നതു നിയമപരമല്ല എന്നതും പഠിപ്പിച്ചിട്ടുള്ളതാണ്.

ഇക്കാര്യം – സഭാനിയമം, ശുദ്ധമായ ദൈവശാസ്ത്ര പരി ഗണനകൾ ഒഴിവാക്കിയാൽത്തന്നെ – രണ്ടു പരിഗണനകളാൽ വ്യക്തമായിട്ടുള്ളതാണ്: (i) കാഴ്ച സമർപ്പിക്കുന്നവരോടുള്ള നീതിപുലർത്തൽ, അതായത്, അവർക്കു നൽകിയ വാക്ക് പാലിക്കുന്നത്; (ii) പരിശുദ്ധമായ കാര്യങ്ങളിൽ 'വാണിജ്യം' (trading) നടക്കുന്നു എന്ന കേവലസൂചനപോലും ഉണ്ടാകു ന്നത് ഒഴിവാക്കുക എന്ന കടമ (CIC-യിലെ കാനൻ 947; 945 § 2 കാണുക).

എന്നാൽ, സമീപകാലത്ത് ഈ നിയമത്തിന്റെ ചില വിശ ദാംശങ്ങളിൽ യുക്തമായ അനുരൂപണങ്ങൾ നിർദേശിക്കേ ണ്ടതരം സാഹചര്യങ്ങളും അഭ്യർഥനകളും ഉണ്ടായിട്ടുണ്ട്. അതായത്, അടിസ്ഥാനപരമായുള്ളവയെ സംരക്ഷിക്കുന്നതിനു വേണ്ടിത്തന്നെ സാർവത്രികനിയമത്തിൽ ഒരു അപസർഗം (exception) ഉണ്ടാക്കുക എന്നത്.

നൂതനപ്രവർത്തനശൈലി അവലംബിക്കേണ്ടതിനു കാരണം പലതാണ്: ദിവ്യപൂജ അർപ്പിക്കാനുള്ള അഭ്യർഥനകൾ പൂർത്തിയാക്കാൻ കഴിയാത്തതരത്തിലുള്ള പുരോഹിതരുടെ ദൗർലഭ്യം; അതായത്, കാഴ്ച സമർപ്പിക്കുന്നവരുടെ ഭക്തതാ ത്പര്യത്തിൽനിന്നു വരുന്ന നല്ല ലക്ഷ്യങ്ങളിൽനിന്ന് അവരെ അകറ്റി അവർക്ക് ഇച്ഛാഭംഗം വരുത്താതിരിക്കാനുള്ള [5] കടമ; അതോടൊപ്പം, 'ഒരുമിച്ചുള്ള ദിവ്യപൂജകൾ' (collective Masses) എന്നറിയപ്പെടുന്നത് അതീവവ്യാപകമായിത്തീരുകയും. അത് ഒരു ദുർവിനിയോഗം ആയിത്തീരുകയും, തുടർന്ന് വിശ്വാസി കളുടെ ഇടയിൽ വ്യക്തിപരമായ നിയോഗങ്ങൾക്കുവേണ്ടി ദിവ്യപൂജയുടെ കാഴ്ചകൾ സമർപ്പിക്കുന്ന രീതി ക്രമേണ

കുറഞ്ഞുവരുകയും അങ്ങനെ വ്യക്തിപരമായി ആത്മാക്കൾക്കും സഭയ്ക്കു മുഴുവനുംവേണ്ടി കാഴ്ചകൾ സമർപ്പിക്കുന്ന പുരാതന രക്ഷാകരരീതി ഇല്ലാതായിത്തീരുകയും ചെയ്യും [6] എന്ന അപകടം. ഈ പശ്ചാത്തലത്തിലായിരുന്നു 1991 ഫെബ്രുവരി 22-ാം തീയതി വൈദികർക്കുവേണ്ടി ഉണ്ടായിരുന്ന അന്നത്തെ തിരുസംഘം Mos Igitur [7] (Custom therefore) എന്ന ഡിക്രി പ്രസിദ്ധപ്പെടുത്തിയത്.

കാനൻനിയമസംഹിത (Codex Iuris Canonics) ഇപ്പോൾത്തന്നെ കരുതിയിട്ടുള്ള ദൈവശാസ്ത്രസംബന്ധമായ മൂലക്കല്ലുകളും അടിസ്ഥാനപരമായ നിയമത്തിന്റേതായ ചട്ടങ്ങളും ആവർത്തിച്ചുറപ്പിച്ചുകൊണ്ട് പ്രസ്തുത ഡിക്രി ഇപ്രകാരം നിർണയിച്ചു: ഒരു പുരോഹിതനു ചില പ്രത്യേക സാഹചര്യങ്ങളിൽ, അതും അപ്രകാരമുള്ള സന്ദർഭങ്ങളിൽമാത്രം, താൻ സ്വീകരിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദിവ്യപൂജാസംഭാവനകളുമായി ബന്ധപ്പെടുത്തി പല നിയോഗങ്ങൾക്കുവേണ്ടി ഒരൊറ്റ ദിവ്യപൂജ അർപ്പിക്കാം.

അതിന്റെ പിന്നിലെ വ്യവസ്ഥകൾ കൃത്യമായി ഉദ്ദേശിക്കപ്പെട്ടവയായിരുന്നു: ഒരു വശത്ത് ന്യായം നടപ്പാക്കുന്നതിനുവേണ്ടി (to guarantee justice) അതായത്, സംഭാവന നൽകിയ വ്യക്തിയോടുള്ള വാക്കു പാലിക്കുന്നതിന്റെ ഭാഗം, മറുവശത്ത് വിശുദ്ധ വസ്തുക്കൾകൊണ്ട്, പ്രകടമായിപ്പോലും, 'വാണിജ്യം' (trading) നടത്തുന്നു എന്ന അപകടം ഒഴിവാക്കുന്നതിനുവേണ്ടി.

കൃത്യമായും ഇത്തരത്തിലുള്ള അപകടം ഒഴിവാക്കാനാണ് അപ്രകാരമുള്ള നിയമപരമായ വ്യത്യാസങ്ങൾ വരുത്തിയത്. ഈ കാഴ്ചപ്പാടിൽ കൃത്യമായും ഡിക്രി ഒന്നാമതായി പറയുന്നത് ദിവ്യപൂജയ്ക്കായി സംഭാവന നൽകിയിട്ടുള്ളവരെ ഒരു ദിവ്യാർപ്പണത്തിൽത്തന്നെ പല നിയോഗങ്ങൾ ചേർത്തിട്ടുണ്ടെന്ന് അറിയിക്കുകയും അക്കാര്യത്തെ സംബന്ധിച്ച് അവർ അതിനു പ്രകടമായി സമ്മതിക്കുകയും വേണം എന്നതാണ്. എന്നുമാത്രമല്ല, അപ്രകാരമുള്ള ദിവ്യപൂജാർപ്പണം എല്ലാ ദിവസത്തെയും

നടപടിയാകാൻ പാടില്ല; കാരണം, അതൊരു പൊതുവായ പ്രവർത്തനശൈലിയാകാനും അപൂർവമായി നടക്കുന്നതല്ലെന്നു മനസ്സിലാക്കപ്പെടാനും സാധ്യതയുണ്ടെന്നു ഡിക്രി പറയുന്നു.

Mos Igitur എന്ന ഡിക്രി നടപ്പിലായശേഷം 34 വർഷം കഴിഞ്ഞ് നമുക്കു ലഭിച്ച അനുഭവങ്ങളുടെ അടിസ്ഥാനത്തിലും ലോകത്തെമ്പാടുമുള്ള മെത്രാൻമാരിലും പുരോഹിതരിലും അല്മായവിശ്വാസികളിലും സമർപ്പിതസമൂഹങ്ങളിലെ വ്യക്തികളിലും സമൂഹങ്ങളിലുനിന്നും വന്ന നിരീക്ഷണങ്ങൾക്കും ചോദ്യങ്ങൾക്കും അഭ്യർഥനകൾക്കും ഉത്തരം എന്ന നിലയ്ക്കും പ്രസ്തുത കാര്യം ആഴത്തിൽ പരിശോധിക്കുകയും മറ്റു ബന്ധപ്പെട്ട മന്ത്രാലയങ്ങളുമായി ചർച്ച ചെയ്തതിനുശേഷം ഈ മന്ത്രാലയം ഈ വസ്തുതയുടെ കാരണത്താലും മറ്റെന്തെങ്കിലും കാരണമുണ്ടെങ്കിൽ അതിനാലും (sive ratione materiae sive alia ratione), ഈ പ്രശ്നം നിയന്ത്രിക്കാൻ പുതിയ ചട്ടങ്ങൾ ഉണ്ടാക്കണമെന്നും അതനുസരിച്ച് അത് അനുയുക്തമാക്കണമെന്നും ഉള്ള നിഗമനത്തിൽ എത്തിച്ചേർന്നു.

ഈ നിയമങ്ങൾ കാലികമാക്കുന്നതിനുള്ള (ദിനവത്കരിക്കുന്നതിനുള്ള) അവസരമാണെന്നുള്ള പരിഗണനയാലും അതോടൊപ്പംതന്നെ ചില സ്ഥലങ്ങളിൽ തെറ്റായ രീതിയിൽ നടന്നുവരുന്ന ചില പ്രവർത്തനശൈലികൾ പ്രകടമായി ഒഴിവാക്കുന്നതിന്റെയും ഭാഗമായി ഈ മന്ത്രാലയം താഴെപ്പറയുന്ന ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിക്കുകയും ഇപ്പോൾ പ്രാബല്യത്തിൽ വരുത്തുകയും നിലവിലുള്ള ചട്ടങ്ങളോട് അതിനെ യോജിപ്പിക്കുകയും ചെയ്യുന്നു.

ആർട്ടിക്കിൾ 1 § 1. CIC-യിലെ 945-ാം കാനൻ നിലനിർത്തിക്കൊണ്ടുതന്നെ, പ്രൊവിൻഷ്യൽ കൗൺസിലിനോ (Provincial Council) പ്രോവിൻസിലെ മെത്രാൻമാരുടെ സമ്മേളനത്തിനോ (Assembly of the Bishops of the Province) ഇപ്രകാരം ഒരു തീരുമാനമെടുക്കാം: ഉദാഹരണത്തിന്, ദിവ്യപൂജാർപ്പണത്തിന്റെ നിയോഗങ്ങളുടെ സംഖ്യ തങ്ങളുടെ സാമൂഹിക, സഭാത്മക സാഹചര്യത്തിൽ തങ്ങളുടെ അധികാരപരിധിക്കു

ള്ളിലുള്ള പുരോഹിതരുടെ സംഖ്യ കുറഞ്ഞിരിക്കുകയും അവ ഓരോന്നായി പൂർത്തീകരിക്കാൻ കഴിയുന്നതിനും ഉപരിയാണെങ്കിൽ, പുരോഹിതർക്ക് പല നിയോഗകർത്താക്കളുടെ പക്കൽനിന്നും പല കാഴ്ചസമർപ്പണത്തിനുള്ള സംഭാവന സ്വീകരിക്കുകയും അവ ഒന്നിച്ചു മറ്റു നിയോഗങ്ങളുമായി ചേർത്ത് ഒരു ദിവ്യപൂജാർപ്പണത്തിൽ ഒരുമിച്ചുള്ള (collective) നിയോഗമായി അർപ്പിക്കുകയും ചെയ്യാം; എന്നാൽ, അക്കാര്യം കാഴ്ച സമർപ്പിച്ച എല്ലാവരെയും അറിയിക്കുകയും അതിന് അവർ സ്വതന്ത്രമായി സമ്മതിക്കുകയും ചെയ്തിരിക്കണം.

§ 2. സംഭാവന സമർപ്പിച്ചവരിൽനിന്ന് അപ്രകാരമുള്ള സമ്മതം ഉണ്ടെന്നു കരുതാൻ പാടില്ല; തൽസംബന്ധമായി പ്രകടമായ സമ്മതമില്ലാത്തപക്ഷം എപ്പോഴും അതു നൽകിയിട്ടില്ല എന്നുവേണം കരുതാൻ.

§ 3. മേല്പറഞ്ഞ ഒന്നാം ഖണ്ഡികയുടെ അടിസ്ഥാനത്തിൽ ദിവ്യപൂജാർപ്പണം നടത്തുമ്പോൾ കാർമികന് ഒരു ഏകനിയോഗത്തിന്റെ സംഭാവന (offering/stipend) മാത്രമേ സ്വീകരിക്കാൻ അവകാശമുള്ളൂ (CIC-യിലെ കാനൻ 950952 കാണുക).

§ 4. ഓരോ ക്രിസ്തീയസമൂഹവും നിത്യേന ദിവ്യപൂജ ഒരു നിയോഗത്തിനായി അർപ്പിക്കാനുള്ള സാധ്യത ഒരുക്കാനായി ശ്രദ്ധിക്കേണ്ടതായുണ്ട്; അതിനുള്ള സംഭാവന (stipend) എത്രയാണെന്ന് പ്രൊവിൻഷ്യൽ കൗൺസിലോ പ്രോവിൻസിലെ മെത്രാൻമാരുടെ സമ്മേളനമോ നിശ്ചയിക്കേണ്ടതാണ് (CIC-യിലെ കാനൻ 952 കാണുക).

ആർട്ടിക്കിൾ 2. CIC-യിലെ 905-ാം കാനൻ നിലനിർത്തിക്കൊണ്ടുതന്നെ, ഒരു പുരോഹിതൻ ന്യായമായി ഒന്നിൽകൂടുതൽ പ്രാവശ്യം ഒരുദിവസംതന്നെ, വിശ്വാസികളുടെ ആവശ്യത്തിനും അവരുടെ നന്മയ്ക്കുമായി, ഒരുമിച്ചുള്ള (collective) നിയോഗത്തിനു പലപ്രാവശ്യം ദിവ്യപൂജ അർപ്പിക്കേണ്ടിവന്നാൽപ്പോലും ആ നിയോഗങ്ങൾക്കായി അദ്ദേഹം സ്വീകരിച്ച കാഴ്ച സമർപ്പണത്തിൽനിന്ന് ഒരു നിയോഗത്തിനുള്ളതുമാത്രമേ ആ

ദിവസത്തേക്ക് സ്വന്തമായി സ്വീകരിക്കാൻ പാടുള്ളൂ (CIC-യിലെ കാനൻ 950952 കാണുക).

ആർട്ടിക്കിൾ 3 § 1. CIC-യിലെ 848-ാം കാനന്റെ ആഭിമുഖ്യങ്ങൾ പ്രത്യേകമായി ഉൾക്കൊള്ളേണ്ടതുണ്ട്. അതായത്, അർഹതയുള്ള അധികാരികൾ (competent authority) കൂദാശകൾ പരികർമംചെയ്യുന്നതിനു നിശ്ചയിച്ചിട്ടുള്ള സംഭാവനകൾക്കു പരിയായി കാർമികൻ ഒന്നുംതന്നെ വിശ്വാസികളിൽനിന്ന് ആവശ്യപ്പെടാൻ പാടില്ല; അത് ദരിദ്രരായ വിശ്വാസികൾക്ക് അവരുടെ ദാരിദ്ര്യംമൂലം കൂദാശകൾ ലഭ്യമാക്കുന്നതിൽനിന്ന് ഒഴിവാക്കപ്പെടാതിരിക്കുന്നതിനാണ്. മാത്രമല്ല, CIC-യിലെ കാനൻ 945 § 2 ശക്തമായി ശിപാർശചെയ്യുന്ന കാര്യവും പരിഗണിക്കേണ്ടതാണ്, അതായത്, വിശ്വാസികളുടെ നിയോഗത്തിനുവേണ്ടി, ഏറെ പ്രത്യേകിച്ച് അതിദരിദ്രരായവരുടെ നിയോഗത്തിനുവേണ്ടി, സംഭാവന ഒട്ടുമേ വാങ്ങാതെതന്നെ ദിവ്യപൂജ അർപ്പിക്കേണ്ടതാണ്.

§ 2. സംഭാവനകൾ എങ്ങോട്ടു പോകണം എന്നതിനെ സംബന്ധിച്ച് CIC-യിലെ കാനൻ 951-ന്റെ എന്തിനോട് എന്ത് ചേരണമെന്ന തീരുമാനപ്രകാരം (congrua congruis referendo) നിബന്ധന പാലിക്കേണ്ടതാണ്,

§ 3. പ്രാദേശികസഭയുടെയും അതിന്റെ പുരോഹിതഗണത്തിന്റെയും പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഈ സംഭാവനകൾ രൂപതാമെത്രാന് തന്റെ രൂപതയിൽത്തന്നെ ആവശ്യമുള്ള ഇടവകകളിലേക്കോ മറ്റു രൂപതകളിലേക്കോ, ഏറെ പ്രത്യേകിച്ച് മിഷൻരാജ്യങ്ങളിലേക്കോ, പ്രത്യേക നിയമപ്രകാരം നൽകാനുള്ള വഴി നിർണയിക്കാവുന്നതാണ്.

ആർട്ടിക്കിൾ 4 § 1. തന്റെ പുരോഹിതഗണത്തെയും ജനത്തെയും ഈ ചട്ടങ്ങളുടെ ഉള്ളടക്കവും അർഥവും മനസ്സിലാക്കിക്കൊടുക്കുന്നതും അവ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതും രൂപതാമെത്രാന്റെ കടമയാണ്. എത്ര ദിവ്യപൂജകൾ അർപ്പിക്കപ്പെടണം, എത്ര നിയോഗങ്ങൾ, എത്ര

മാത്രം സംഭാവനകൾ, എത്ര നിയോഗങ്ങൾ പൂർത്തിയാക്കപ്പെട്ടു എന്നിവ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാനും ഈ രജിസ്റ്ററുകൾ വർഷാവർഷം താൻതന്നെയോ മറ്റാരെങ്കിലും വഴിയോ പരിശോധിക്കുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ് (CIC-യിലെ കാനൻ 958 കാണുക).

§ 2. ഒരു ദിവ്യപൂജാർപ്പണത്തിലുള്ള പ്രത്യേക നിയോഗവും, അത് ഒരുമിച്ചുള്ളത് (collective) ആണെങ്കിൽപ്പോലും, ദൈവവചനശുശ്രൂഷയുടെ ഇടയിലോ ദിവ്യപൂജയുടെ ഏതെങ്കിലും ഭാഗത്തോ സൂചിപ്പിക്കപ്പെടുന്ന അനുസ്മരണവും തമ്മിൽ കൃത്യമായ വ്യത്യാസം ഉണ്ടെന്നുള്ളത് ഉറപ്പുവരുത്തേണ്ടത് മെത്രാന്റെയോ സഭയുടെ ഇതര അജപാലകരുടെയോ പ്രത്യേക ദൗത്യമാണ്.

§ 3. ഈ അവസാനംപറഞ്ഞ രണ്ടു കാര്യങ്ങൾക്കുവേണ്ടി സംഭാവന ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നത് ഗൗരവമാംവിധം നിയമവിരുദ്ധമായ പ്രവൃത്തിയാണ്. എവിടെയൊക്കെ അത്തരത്തിലുള്ള പ്രവർത്തനരീതി നിലനിൽക്കുന്നുവോ അവിടെയൊക്കെ പ്രസ്തുത പ്രതിഭാസം ഇല്ലാതാക്കാനായി അച്ചടക്ക/ശിക്ഷാനടപടികൾ സ്വീകരിക്കാൻ അർഹതയുള്ള അധികാരികൾ (competent authority) ബാധ്യസ്ഥരാണ്.

ആർട്ടിക്കിൾ 5. ഒരു ദിവ്യപൂജാർപ്പണത്തിനു ഒരു പ്രത്യേക നിയോഗാർത്ഥം സംഭാവന സ്വീകരിക്കുന്ന ധന്യവും സ്തുത്യർഹവുമായ പ്രവർത്തനരീതിയിൽ അടങ്ങിയിരിക്കുന്ന മൂല്യങ്ങൾ (CIC-യിലെ കാനൻ 948 കാണുക), ഏറെപ്രത്യേകിച്ച് അതിസ്വാഭാവികമൂല്യങ്ങൾ, കണക്കിലെടുത്തുകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കുക അത്യാവശ്യമാണ്. ദിവ്യപൂജയ്ക്കുള്ള അധികമായുള്ള നിയോഗങ്ങളും അതിനോടുചേർന്ന സംഭാവനകളും മിഷൻരാജ്യങ്ങളിലേക്ക് അയച്ചുകൊടുക്കുന്ന വിലപ്പെട്ട പ്രവർത്തനശൈലിക്ക് ഉപകരിക്കുന്നതാണത്. ഈ രീതി നിലനിർത്താനും, എവിടെ ഈ രീതിക്കു കുറവ് വന്നിട്ടുണ്ടോ അവിടെയൊക്കെ അതു ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പി

ക്കാനും ആത്മാക്കളുടെ ഇടയന്മാർ ശ്രദ്ധിക്കേണ്ടതാണ്; അന്ത്യ കാര്യങ്ങളെക്കുറിച്ചും പുണ്യവാന്മാരുടെ ഐക്യത്തെക്കുറിച്ചുമുള്ള ശരിയായ മതബോധനം (adequate catechesis on Last Things and communio sanctorum) ഇതിനുപകരിക്കും.

ആർട്ടിക്കിൾ 6. ഈ വിഷയത്തെ സംബന്ധിച്ച് പ്രൊവിൻഷ്യൽ കൗൺസിലോ പ്രോവിൻസിലെ മെത്രാന്മാരുടെ സമ്മേളനമോ പ്രത്യേകമായ ഒരു നടപടിയും സ്വീകരിക്കുന്നില്ലെങ്കിൽ 1991 ഫെബ്രുവരി 22-ാം തീയതിയിലെ Mos Iugiter എന്ന ഡിക്രിയിലെ വകുപ്പുകൾ നിലനിൽക്കും.

ഇപ്പോഴത്തെ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ട് പത്തുവർഷങ്ങൾക്കുശേഷം, ഈ പ്രവർത്തനരീതിയെക്കുറിച്ചും ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളെക്കുറിച്ചും ഒരു പഠനം നടത്താൻ വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം വേണ്ട ഒത്താശചെയ്യും; അത് ഈ ചട്ടങ്ങളുടെ പ്രയോഗം പരിശോധിക്കുന്നതിനും അവ വേണ്ടവിധം അനുരൂപപ്പെടുത്തുന്നതിനും വേണ്ടിയായിരിക്കും.

പരിശുദ്ധ പിതാവ് 2025 ഏപ്രിൽ 13-ാം തീയതി, കുരുത്തോല ഞായറാഴ്ച ദിവസം, പ്രത്യേകമായ രീതിയിൽ ഈ ഡിക്രി അംഗീകരിക്കുകയും ഇത് 2025 ഏപ്രിൽ 20, ഉയിർപ്പ് ഞായറാഴ്ച ദിനം, പ്രാബല്യത്തിൽവരുത്താൻ ഉത്തരവിടുകയും ചെയ്തു. ഏതൊക്കെ കാര്യങ്ങൾ ഒഴിവാക്കണമോ അവയെല്ലാം ഒഴിവാക്കിക്കൊണ്ടും, ഇതിനെതിരായി ഏതൊരു തരത്തിലും എതിരായി നിൽക്കുന്ന ഒന്നുംതന്നെ നിലനിൽക്കാത്തവിധം (derogatis derogandis, contrariis quibuslibet minime obstantibus).

Lazarus Cardinal You Heung-sik
Prefect
+ Andrés Gabriel Ferrada Moreira
Titular Archbishop of Tiburina
Secretary

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

[1] Francis, Apostolic Exhortation Evangelii Gaudium, November 24, 2023, in AAS 105 (2013), 1039-1040, n. 47.

[2] Cf. Paul VI, Apostolic Letter in the form of Motu Proprio Firma in Traditione, June 13, 1974, in AAS 66 (1974), 308; Congregation for the Clergy, Decree Mos Iugiter, February 22, 1991, in AAS 83 (1991), 443.

[3] Cf. for example, Constitutiones Apostolorum (± 380) II. 28, 5: "Si autem (diaconus) et lector est, accipiat et ipse una cum presbyteris"; VIII. 31, 2-3: "Eulogias, quae in mysticis oblationibus supersunt, diaconi ex voluntate episcopi aut presbyterorum distribuant clero . . . " , in F.X. Funk, Didascalia et Constitutiones Apostolorum (Paderborn, 1905; anastatic reprint, 1964), vol. 1, pp. 108-109 and 532-533; Canones Apostolorum (5e eeuw) 41, in C. Kirch, Enchiridion fontium historiae Ecclesiasticae Antiquae (Barcelona, 1965[9], n. 699.

[4] Cf, for example, Holy Office, Decree, September 24, 1665, n. 10, in DH 2030; Sacra Penintenzieria Apostolica, Instruction Suprema Ecclesiae Bona, July 15, 1984, in Enchiridion Vaticanum S1, nr. 901-912; Congregation for the Clergy, Decree Mos Iugiter, cit. 444, art. 1 § 1. [5] Congregation for the Clergy, Decree Mos Iugiter, cit., 446, art. 5 § 1.

[6] Ibidem, 445, art. 2 § 3.

[7] Cf. Ibidem, 443-444.

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ
ആസ്ഥാന കാര്യാലയം

കൊച്ചി - 682 025

09 ജൂൺ 2025

No. 4117/K-5/KCBC/OL/DS 11.06.2025

## ജൂലൈ 6 യുവജനദിനം: കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

## മഹാജൂബിലിവർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങൾ

കർത്താവിൽ പ്രിയ യുവജനങ്ങളേ,

മുൻവർഷങ്ങളിൽ നാം അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ മൂന്നിനുശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ ആറിന് കേരളകത്തോലിക്കാസഭ ഈ വർഷം യുവജനദിനമായി ആചരിക്കുമ്പോൾ രണ്ടു സവിശേഷതകൾകൂടിയുണ്ട്. ഒന്നാമതായി, ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച മഹാജൂബിലിവർഷത്തിലെ യുവജനദിനാഘോഷം എന്നതും മറ്റൊന്ന്, നമുക്കു ലഭിച്ചിരിക്കുന്ന ദിനമായ ജൂലൈ 6 ശുദ്ധതയുടെ സ്വർഗ്ഗീയമധ്യസ്ഥയായ വി. മരിയ ഗൊരേത്തിയുടെ തിരുനാൾദിനം കൂടിയാണെന്നുള്ളതും. ജൂബിലിവർഷം 2025 ആചരണത്തോടൊപ്പം സമാഗതമായിരിക്കുന്ന യുവജനദിനവുമായി ബന്ധപ്പെട്ട് യുവജനങ്ങളായ ഏവർക്കും തിരുസ്സഭ വളരെ പ്രത്യേകമായ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. യുവജന ദിനാചരണത്തോടൊപ്പം, ജൂബിലിവർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾ ഇടവക - സംഘടനാതലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ യുവജനകമ്മീഷൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കലുമുണ്ടായിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും; വിശിഷ്യാ, കേരളസമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ, മഹാജൂബിലിവർഷാചരണത്തോടും യുവജന ദിനാഘോഷത്തോടും അനുബന്ധിച്ച് നാം പ്രത്യേകമായി വിചിന്തനവിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതുമായ ചില പ്രധാന വിഷയങ്ങൾ സ്നേഹപൂർവം

നിങ്ങളോടു പങ്കുവയ്ക്കാൻ ഈ ഘട്ടത്തിൽ ഞങ്ങൾ ആഗ്ര ഹിക്കുന്നു.

**പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങൾ**

2025 ജൂബിലിവർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നിർദേശിച്ച ആപ്തവാക്യമാണല്ലോ 'പ്രത്യാശയുടെ തീർഥാടകർ'. ആത്മീയമായും ഭൗതികമായും പ്രത്യാശാ പൂർണ്ണമായ ജീവിതശൈലിയിലേക്കുള്ള പരിവർത്തനത്തിനാ വശ്യമായ മുന്നൊരുക്കവും നവീകരണവുമാണ് ഈ കാല ഘട്ടത്തിൽ തിരുസ്സഭ നാമേവരിൽനിന്നും ആവശ്യപ്പെടുന്നത്. യുവജനങ്ങളുടെ ആത്മീയശക്തീകരണത്തിനും പക്വമായ ഭൗതികസമുദ്ധാരണത്തിനും ഏറ്റവുമധികം പ്രവർത്തിക്കുകയും ആഹ്വാനങ്ങൾ നൽകുകയും ചെയ്ത ഫ്രാൻസിസ് പാപ്പയോടും പാപ്പയുടെ പിൻഗാമിയായി ദൈവം നൽകിയ പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ പാപ്പയോടും ചേർന്നുനിന്നുകൊണ്ട് ഈ വലിയ ലക്ഷ്യത്തിനായി നമുക്കു പരിശ്രമിക്കാം.

**ക്രിസ്തുവിപ്ലവം, പ്രത്യാശയുടെ യുവത്വം**

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ യൗവനതീക്ഷ്ണതയാണ് സുവി ശേഷങ്ങളിൽ ജ്വലിച്ചുനിൽക്കുന്നത്. ക്രിസ്തുവിലുണ്ടായിരുന്ന വിപ്ലവവീര്യവും അവിടുന്ന് പകർന്നുനൽകിയ പ്രത്യാശയുമാണ് ഈ കാലഘട്ടത്തിലെ യുവജനങ്ങൾ അടുത്തുവീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റി നിർത്താതിരുന്ന ക്രിസ്തുവിന്റെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്. അവിടെ ആഴമുള്ള വിചിന്തനങ്ങളും ആത്മാർത്ഥവും പ്രത്യാശാപൂരിത വുമായ പരിശ്രമങ്ങളും സ്വർഗം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു. 'ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവര

ത്തിന്റെ സഹായത്തിൽ ആശ്രയിച്ചും, നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏതു സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവികസുകൃതം'. (CCC 1817)

**സാമൂഹികപ്രതിസന്ധികളോടുള്ള പ്രതികരണം**

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന നാമൂഹികപ്രതി സന്ധികൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനവും, നിരീശ്വരവാദപ്രസ്ഥാനങ്ങളും സഭാവിരുദ്ധ പ്രത്യയശാസ്ത്ര ങ്ങളും വേരാഴ്ത്തിക്കൊണ്ടിരിക്കുന്നത്, വൈവാഹികജീവിത വുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ – സാമ്പത്തിക പ്രതിസന്ധികൾ, രാഷ്ട്രീയവും വർഗീയവുമായ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അനേകം യുവജനങ്ങൾ ക്രൈസ്തവവിശ്വാസത്തിൽനിന്നും സഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂലസാഹചര്യങ്ങൾ വഴിയൊരുക്കുന്നു. വിശ്വാസജീവിതത്തിൽനിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളിലേക്ക് അനേകരെ നയിക്കുന്നുണ്ട്. മാനസികവും സാമ്പത്തികവുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടു വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടി രിക്കുന്നവരോട് പ്രത്യേകം കരുതലുള്ളവരായിരിക്കാൻ വ്യക്തി പരമായും സംഘടനാപ്രവർത്തനങ്ങൾ വഴിയായും നമുക്ക് പരിശ്രമിക്കാം.

ഒപ്പം, മയക്കുമരുന്നു മാഫിയകളും നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധശക്തികളും കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ക്രിയാത്മക ഇടപെടലുകൾ ആവ ശ്യമുണ്ട്. ജൂബിലിവർഷത്തോടനുബന്ധിച്ചുള്ള നവീകരണ പ്രവർത്തനങ്ങളിൽ ഇത്തരം പദ്ധതികൾക്ക് സംഘടനാതല ങ്ങളിലും ഇടവകാതലത്തിലും കൂടിയ പരിഗണന നൽകാൻ ശ്രദ്ധിക്കുമല്ലോ.

## തൊഴിൽമേഖലയും സംരംഭകത്വവും

ക്രൈസ്തവയുവജനങ്ങൾ ഏറിയപങ്കും പ്രവാസ ജീവിതം തിരഞ്ഞെടുക്കുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. മികച്ച വിദ്യാഭ്യാസ, തൊഴിൽ, ജീവിത സാധ്യതകൾ തേടി വിദേശരാജ്യങ്ങളിലേക്കു ചേക്കേറുന്നവരെ നിരുൽസാഹപ്പെടുത്താൻ കഴിയില്ലെങ്കിലും ജൻമനാട്ടിൽ ജീവിക്കാൻ തൽപരരായ ചെറുതല്ലാത്ത ഒരു സമൂഹം യുവജനങ്ങളിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തരക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്ന വിധത്തിലുള്ള തൊഴിൽ - സംരംഭകത്വ സാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല. പ്രഫഷണലായി തൊഴിൽ - സംരംഭകത്വമേഖലകളെ സമീപിക്കാനുതകുന്ന ബോധ്യങ്ങൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പകർന്നു നൽകാൻ സംഘടനാനേതൃത്വങ്ങൾക്ക് കൂടുതലായി സാധിക്കും.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

നിർമ്മിതബുദ്ധി സംബന്ധിച്ച സഭാപ്രബോധനങ്ങൾ യുവജനങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എഐ (AI) യുടെ അനന്തസാധ്യതകളെ, ധാർമ്മികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉത്തരവാദിത്തപൂർവം സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധസിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്ന ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങൾ നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. നിർമ്മിതബുദ്ധിസംബന്ധമായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും, അതേസമയം ധാർമ്മികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾക്കും പരിശീലനപദ്ധതികൾക്കും യുവജന സംഘടനകൾ നേതൃത്വം നൽകുന്നത് ഉചിതമാണ്.

**രാഷ്ട്രീയം**

അത്യന്തം കലുഷിതവും ആശയക്കുഴപ്പങ്ങൾക്കിടയാക്കുന്നതുമായ രാഷ്ട്രീയസാഹചര്യങ്ങളാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ സഭാത്മകതയും നേതൃപാടവവും ചിന്താശേഷിയുമുള്ള ക്രൈസ്തവയുവനിര മുഖ്യധാരാരാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കുന്നത് ശരിയായ സമീപനമല്ല. അറിവും കഴിവും കാര്യപ്രാപ്തിയുമുള്ള യുവതലമുറ മുഖ്യധാരാ രാഷ്ട്രീയത്തിലേക്കു കടന്നുവരികയാണ് ഇക്കാലഘട്ടത്തിൽ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പലവിധ പ്രതിസന്ധികളുടെയും പരിഹാരത്തിന് ആവശ്യം. നേതൃഗുണമുള്ള യുവതീയുവാക്കളെ സഭാത്മകമായി പരിശീലിപ്പിക്കാനും മുഖ്യധാരയിലേക്കു കൊണ്ടുവരാനുമുള്ള ദൗത്യത്തെ കത്തോലിക്കാ യുവജനസംഘടനകൾ ഗൗരവമായെടുക്കണം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവസമുദായത്തിന്റെയും ആവശ്യമെന്ന നിലയിൽ തങ്ങളുടെ നിയോഗം തിരിച്ചറിഞ്ഞു മുന്നോട്ടുവരാൻ യോഗ്യരായവർ തയ്യാറാവുകയും വേണം.

ആത്മീയവും സഭാപരവും സാമൂഹികവുമായ വിവിധ മേഖലകൾ പരിഗണിച്ചുകൊണ്ട് അവരവരുടെ വിളിക്കനുസൃതമായ ജീവിതപന്ഥാവിലേക്ക് ഓരോരുത്തരും കടന്നുവരികയും ആത്മാർത്ഥതയോടെ ജീവിതത്തിൽ മുന്നേറുകയുമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അത്തരത്തിൽ ഈ ജൂബിലി വർഷത്തോടും യുവജനദിനാചരണത്തോടും സഭാത്മകമായി നമുക്കു പ്രത്യുത്തരിക്കാം.

ജൂബിലിവർഷത്തിന്റെ ചൈതന്യത്തോടുചേർന്നു നിന്നുകൊണ്ട് ഇത്തവണത്തെ യുവജനദിനം സവിശേഷമായി ആചരിക്കാനുള്ള ആഹ്വാനം ജൂൺ 3, 4 ദിവസങ്ങളിൽ പിഒസിയിൽ ചേർന്ന കെസിബിസി വർഷകാലസമ്മേളനത്തിൽ പിതാക്കന്മാർ നൽകുകയുണ്ടായി. ജൂലൈ ആറാം തീയതിയിലെ സ്തോത്രക്കാഴ്ച കെസിബിസി യുവജന കമ്മീഷന്റെ പ്രവർ

ത്തനങ്ങൾക്കായി രൂപത - അതിരൂപത കാര്യാലയത്തിൽ ഏല്പിക്കണമെന്ന് അഭ്യർഥിക്കുന്നു.

എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജന ദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർഥനാ പൂർവം ആശംസിക്കുന്നു.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

N.B. 2025 ജൂലൈ 6-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

ജൂലൈ 6 യുവജനദിനമായി ആചരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ഇടവക വികാരിമാരും സംഘടനാനേതാക്കളും മുൻകൂട്ടി നടത്തണമെന്ന കാര്യവും ഓർമ്മിക്കുമല്ലോ.

No. 4118/K-5/KCBC/OL/DS 13.06.2025

# 59-ാമത് ലോകസാമൂഹിക സമ്പർക്ക ദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം

**'നിങ്ങളുടെ ഹൃദയത്തിൽ ഉള്ള പ്രത്യാശ ആദരപൂർവം പങ്കുവയ്ക്കുക' (1 പത്രോ 3:15-16)**

പ്രിയ സഹോദരീസഹോദരന്മാരേ,

ചില അധികാരകേന്ദ്രങ്ങൾ വസ്തുതകളും വിവരങ്ങളും (data and information) നിയന്ത്രിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഈ കാലഘട്ടത്തിൽ തെറ്റായ അറിവും ധ്രുവീകരണവും നിറയുമ്പോൾ, എക്കാലത്തിലും ഉപരിയായി പത്രപ്രവർത്തകരും വാർത്താവിനിമയവാഹകരും എന്ന നിലയിൽ നിങ്ങളുടെ പ്രാധാന്യത്തെ മനസ്സിലാക്കിക്കൊണ്ട് നിങ്ങളോടു സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവർക്കായി വാർത്തകൾ സംവേദനം ചെയ്യുക എന്ന പ്രവൃത്തിയുടെ വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വത്തിൽ നിങ്ങളുടെ ധൈര്യപൂർവമായ ശ്രമങ്ങൾ യഥാർഥത്തിൽ അനിവാര്യമായവയാണ്.

**ജൂബിലിയെക്കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ**

അസ്വാസ്ഥ്യജനകമായ ഈ കാലഘട്ടത്തിൽ ഈ വർഷം നാം കൃപയുടെ നേരമായി കരുതുകയാണ്; ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളെ പ്രത്യാശയുടെ സന്ദേശവാഹകരാകാൻ (communicators of hope) ക്ഷണിക്കുകയാണ്; അതായത് നിങ്ങളുടെ പ്രവർത്തനവും ദൗത്യവും സുവിശേഷത്തിന്റെ ചൈതന്യത്താൽ നവീകരിച്ചുകൊണ്ട് ആരംഭിക്കാൻ.

**സാമൂഹികസമ്പർക്കം നിരായുധീകരിക്കുന്നത്**

ഇന്നു പലപ്പോഴും സാമൂഹികസമർക്കമാധ്യമങ്ങൾ പ്രത്യാശ ജനിപ്പിക്കാറില്ല; അവ ഭയവും നിരാശയും, മുൻവിധി

യും നീരസവും, മതഭ്രാന്തും വിദ്വേഷവുമാണ് പ്രചരിപ്പിക്കുന്നത്. പലപ്പോഴും അത് യാഥാർഥ്യത്തെ ലഘൂകരിക്കുകയും ഉടനടി തിരിച്ചടിക്കായി പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നു; വാക്കുകൾ അവ മൂർച്ചയേറിയ ആയുധത്തിനു സമാനമായി ഉപയോഗിക്കുന്നു. തെറ്റായതും കൗശലപൂർവം മെനഞ്ഞെടുത്ത തുമായ വാർത്തകൾ ഉപയോഗിച്ചുകൊണ്ട് പ്രകോപിപ്പിക്കാനും മുറിവേല്പിക്കാനും ഉതകുന്ന സന്ദേശങ്ങൾ അയയ്ക്കുന്നു. സാമൂഹികസമ്പർക്കമാധ്യമങ്ങൾ നിരായുധീകരിക്കേണ്ട തിനെക്കുറിച്ചു ഞാൻ പല അവസരങ്ങളിലും സംസാരിച്ചിട്ടുണ്ട്; അക്രമസ്വഭാവത്തിൽനിന്ന് അതിനെ ശുദ്ധീകരിക്കേണ്ടതായുണ്ട്. യാഥാർഥ്യത്തെ മുദ്രാവാക്യങ്ങളാക്കി മാറ്റുന്നത് ഒരിക്കലും സഹായകരമാവില്ല. ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളിലും സോഷ്യൽ മീഡിയയിലും നടക്കുന്ന വാക്കുകൾകൊണ്ടുള്ള ആക്രമണം നമുക്കറിയാവുന്നതാണല്ലോ; മത്സരവും എതിർപ്പും ആധിപത്യസ്വഭാവവും പിടിച്ചടക്കലും ഒക്കെ പൊതുജനാഭിപ്രാ യത്തെ നിയന്ത്രിക്കാനുള്ള മാർഗമാകും.

അസ്വസ്ഥത ജനിപ്പിക്കുന്ന മറ്റൊരു പ്രതിഭാസമാണ് ശ്രദ്ധ വികേന്ദ്രീകരണ/ ചിതറിപ്പിക്കൽ പരിപാടി (programmed dispersion of attention); അത് ഡിജിറ്റൽ സിസ്റ്റംസ് വഴിയായി കമ്പോളത്തിന്റെ യുക്തിക്കനുസരിച്ച് നമുക്കു ലാഭമുണ്ടാക്കി ത്തരികയും യാഥാർഥ്യത്തെക്കുറിച്ചുള്ള നമ്മുടെ പരിപ്രേക്ഷ്യം വ്യത്യസ്തമാക്കുകയും ചെയ്യും. തത്ഫലമായി പലപ്പോഴും നിസ്സഹായമാംവിധം നാം കാണുന്നത് താത്പര്യങ്ങളുടെ ഒരുതരം അണുവൽക്കരണം (atomization) ആണ്; അതു നമ്മുടെ സാമൂഹിക പ്രസ്തുതത്തിന്റെ അടിത്തറകൾ ഇളക്കി മറിക്കുന്നതിൽ പരിണമിക്കുന്നു; അത് പൊതുനന്മയ്ക്കായുള്ള നമ്മുടെ ഉദ്യമത്തിൽ സംഘംചേരാനും പരസ്പരം ശ്രവിക്കാനും അപരരുടെ വീക്ഷണകോണുകൾ മനസ്സിലാക്കാനുമുള്ള കഴിവ് കുറയ്ക്കുന്നു. നമ്മുടെ സ്വത്വത്തെ നിലനിർത്തുന്നതിനായി നമുക്കു കിടപിടിക്കാനായി ഒരു ശത്രുവിനെ കണ്ടെത്തുക അനി

വാര്യമായി ഭവിക്കുന്നു. എന്നാൽ, മറ്റുള്ളവർ നമ്മുടെ ശത്രുക്കളായി മാറുമ്പോൾ അവരെ നിന്ദിക്കാനും പുച്ഛിക്കാനുമായി നാം അവരുടെ വ്യക്തിത്വവും മാഹാത്മ്യവും നിരാകരിക്കുമ്പോൾ, നമുക്കു തന്നെയും പ്രത്യാശ ജനിപ്പിക്കാനുള്ള സാധ്യത കൈമോശം വരുന്നു. ഡോൺ ടോണിനോ ബെല്ലോ നിരീക്ഷിച്ചതുപോലെ 'എല്ലാ സംഘർഷങ്ങളും' ആരംഭിക്കുന്നത് വ്യക്തികളുടെ മുഖങ്ങൾ അലിഞ്ഞുപോവുകയും ഇല്ലാതാവുകയും ചെയ്യുമ്പോഴാണ് [1]. ഈ മനോഭാവത്തിന് നാം വഴങ്ങിക്കൊടുക്കരുത്.

പ്രത്യാശ എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ജോർജസ് ബർണാനോസ് ഒരിക്കൽ പറഞ്ഞു: 'തങ്ങൾ ഒരിക്കൽ സുരക്ഷിതത്വം കണ്ടെത്തുകയും തെറ്റായി പ്രത്യാശ ആണെന്നു കരുതുകയും ചെയ്തവ വ്യാമോഹങ്ങളും നുണകളും ആയിരുന്നുവെന്നു മനസ്സിലാക്കി വിഷാദിക്കാൻ ധൈര്യമുള്ളവർക്കു മാത്രമേ പ്രത്യാശിക്കാൻ കഴിയൂ... സാഹസത്തിനു (risk) തുനിയുക എന്നതാണ് പ്രത്യാശ. അത് സാഹസത്തിന്റെ മേലുള്ള സാഹസമാണ് (risk of risks). പ്രത്യാശ എന്നത് ഒരു നിഗൂഢമായ സുകൃതമാണ്; അത് ദൃഢമായതും ക്ഷമാശീലമുള്ളതുമാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ തന്റെ 'പ്രത്യാശയിൽ രക്ഷ' (Spe Salvi) എന്ന ചാക്രികലേഖനത്തിൽ കുറിച്ചതുപോലെ, പ്രത്യാശ എന്നത് നിഷ്ക്രിയമായ ശുഭാപ്തിവിശ്വാസം അല്ല; മറിച്ച്, ക്രിയാത്മകമായ (performative) ഒരു സുകൃതമാണ്; അതിന് നമ്മുടെ ജീവിതങ്ങളെ പരിവർത്തനപ്പെടുത്താനാകും: 'പ്രത്യാശിക്കുന്നവർ വ്യത്യസ്തരായി ജീവിക്കുന്നു; അവർക്കു പുതിയ ജീവൻ എന്ന ദാനം നൽകപ്പെട്ടിരിക്കുന്നു' (ഖണ്ഡിക 2).

### ആദരപൂർവം നമ്മുടെ ഉള്ളിലെ പ്രത്യാശയെക്കുറിച്ച് പ്രഖ്യാപിക്കുന്നത്

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ (3:15-16) പ്രത്യാശയെ ക്രൈസ്തവസാക്ഷ്യവും സാമൂഹികസമ്പർക്കവുമായി

ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു സുന്ദരമായ സമന്വയം നാം കാണുന്നു: 'ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ. എന്നാൽ, അതു വിനയത്തോടും ഭയത്തോടും കൂടെ ആയിരിക്കട്ടെ.' ഈ വാക്കുകളിൽനിന്ന് മൂന്നു സന്ദേശങ്ങൾ കവർന്നെടുക്കാൻ ഞാൻ താല്പര്യപ്പെടുന്നു.

ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. ക്രിസ്ത്യാനികളുടെ പ്രത്യാശയ്ക്ക് ഒരു മുഖമുണ്ട്. അതായത്, ഉത്ഥിതനായ നാഥന്റെ മുഖം. പരിശുദ്ധാത്മാവിന്റെ ദാനം വഴിയായി നമ്മോടൊപ്പം എപ്പോഴും വസിക്കാം എന്ന അവന്റെ വാഗ്ദാനം എല്ലാ പ്രത്യാശയ്ക്കും എതിരായി പ്രത്യാശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു; എല്ലാ കാര്യങ്ങളും നഷ്ടപ്പെട്ടു എന്നു തോന്നുമ്പോഴും നിശ്ശബ്ദമായി സന്നിഹിതമായിരിക്കുന്ന നിഗൂഢമായ നന്മ മനസ്സിലാക്കാനും അതു നമ്മെ പ്രാപ്തരാക്കുന്നു.

നമ്മുടെ ഉള്ളിലുള്ള പ്രത്യാശ എന്താണെന്ന് വിശദീകരിക്കാൻ നാം തയ്യാറായിരിക്കണം എന്നതാണ് രണ്ടാമത്തെ സന്ദേശം. നമ്മുടെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ എന്നാണ് പുസ്തകം പറയുന്നത്. ക്രൈസ്തവർ എന്നു പറയുന്നവർ പ്രഥമമായി ദൈവത്തെക്കുറിച്ചു സംസാരിക്കുന്നവർ അല്ല; മറിച്ച്, ദൈവത്തിന്റെ സ്നേഹത്തിന്റെ സൗന്ദര്യം പ്രതിധ്വനിപ്പിക്കുന്നവരും ഒരു പുതിയ രീതിയിൽ എല്ലാം അനുഭവിക്കാനാകും എന്നു കാണിച്ചുതരുന്നവരുമാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ജീവിക്കുന്നത്? നിങ്ങൾ എന്തുകൊണ്ടാണ് ഇപ്രകാരം ആയിരിക്കുന്നത് എന്ന ചോദ്യങ്ങൾ ഉന്നയിക്കുകയും അതിന് ഉത്തരം അന്വേഷിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ജീവിക്കപ്പെടുന്ന സ്നേഹമാണ് അവരുടേത്.

വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ അവസാനമായി നാം മൂന്നാമതൊരു സന്ദേശം കണ്ടെത്തുന്നു: ചോദ്യത്തിനുള്ള നമ്മുടെ പ്രത്യുത്തരം വിനയത്തോടും ഭയത്തോടും ആയിരിക്കണം ക്രൈസ്തവമായ സാമൂഹികസമ്പർക്കം - ഞാൻ പറയും, സാമൂഹികസമ്പർക്കം പൊതുവായിത്തന്നെ - വിനയത്തിലും അടുപ്പത്തിലും/ സാമീപ്യത്തിലും ആയിരിക്കണം; അതായത്, പാതയിലെ സഹയാത്രികന്റെ സംസാരം എന്ന നിലയിൽ. എല്ലാക്കാലത്തെയും സാമൂഹികസമ്പർക്ക പ്രക്രിയയിൽ അതികായവനായവന്റെ രീതിശാസ്ത്രം; എമ്മാവൂസിലേക്കുപോയ രണ്ടു ശിഷ്യരോടൊപ്പം നടന്നുകൊണ്ട് സംഭവങ്ങൾ വിശുദ്ധ ലിഖിതത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് അവരോടു സംസാരിക്കുകയും അവരുടെ ഹൃദയങ്ങൾ അവരുടെ ഉള്ളിൽ ജ്വലിക്കാൻ ഇടവരുത്തുകയും ചെയ്ത അവൻ അവലംബിച്ച രീതി ഇതായിരുന്നു.

നമ്മെ എല്ലാവരെയും സഹയാത്രികരാക്കിത്തീർക്കാൻ കഴിവുള്ള ആശയസംവേദനരീതിയെക്കുറിച്ചാണ് ഞാൻ സ്വപ്നം കാണുന്നത്; അതുവഴിയായി അസ്വാസ്ഥ്യജനകമായ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെനടന്നുകൊണ്ട് പ്രത്യാശിക്കാനായി അവരെ പ്രോത്സാഹിപ്പിക്കാനാകണം. അപ്രകാരമുള്ള ആശയസംവേദനം ഹൃദയത്തോടു സംസാരിക്കാൻ കഴിവുള്ളതായിരിക്കും; അത് പ്രതിരോധത്തിന്റെയും രോഷത്തിന്റേതുമായ തീവ്ര പ്രതികരണങ്ങൾ ഉയർത്താത്തതും എന്നാൽ തുറവിന്റെയും സൗഹൃദത്തിന്റെയും മനോഭാവങ്ങൾ സൃഷ്ടിക്കുന്നതും ആയിരിക്കും. അത്തരത്തിലുള്ള ആശയസംവേദനം പ്രകടമായും നിരാശാജനകമാണെന്നു തോന്നുന്ന സാഹചര്യങ്ങളിൽ സൗന്ദര്യത്തിലും പ്രത്യാശയിലും കേന്ദ്രീകൃതമാകാൻ പ്രാപ്തമായിരിക്കുന്നതാകും; അത് പ്രതിജ്ഞാബദ്ധതയും തന്മയീഭാവവും അപരരെക്കുറിച്ചുള്ള കരുതലും സൃഷ്ടിക്കുന്നതായിരിക്കും. അപ്രകാരമുള്ള ആശയസംവേദനരീതി ഓരോ മനുഷ്യ

വ്യക്തിയുടെയും മാഹാത്മ്യം അംഗീകരി ക്കുന്നതിനും നമ്മുടെ പൊതുഭവനം സംരക്ഷിക്കുന്നതിൽ ഒരുമിച്ചു പ്രവർത്തിക്കുന്ന തിനും (Dilexit Nos, 217) നമ്മെ സഹായിക്കാൻ കഴിവുള്ളതും ആയിരിക്കും.

വ്യാമോഹങ്ങളും ഭയങ്ങളും പ്രചരിപ്പിക്കാത്ത ഒരു ആശയസംവേദനരീതിയാണ് ഞാൻ സ്വപ്നം കാണുന്നത്; മറിച്ച് അതു പ്രത്യാശയ്ക്കുള്ള കാരണങ്ങൾ നിരത്തിവയ്ക്കുന്നതാകും. മാർട്ടിൻ ലൂഥർ കിങ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ കടന്നുപോകുന്ന വഴിക്ക് ഒരാളെ എനിക്കു സഹായിക്കാൻ കഴിഞ്ഞാൽ, ആരെയെങ്കിലും ഒരു വാക്കുകൊണ്ടോ ഒരു ഗീതം കൊണ്ടോ ഉന്മേഷഭരിതമാക്കാൻ കഴിഞ്ഞാൽ... എന്റെ ജീവിതം വ്യക്തമാവുകയില്ല' [3]. എന്ന ഇപ്രകാരം ചെയ്യാൻ നാം നമ്മുടെ സ്വയം പ്രചാരത്തിൽനിന്നും (self-promotion) സ്വയം മുഴുകലിൽ (sel-absorption) നിന്നും സുഖപ്പെട്ടിരിക്കണം; മറ്റുള്ളവരുടെ ശ ബ്ദത്തിനുപരിയായി നമ്മുടെ ശബ്ദം കേൾക്കത്തക്കവിധം നാം ഉച്ചത്തിൽ സംസാരിക്കുന്ന അപകടം ഒഴിവാക്കണം. ഒരു നല്ല ആശയസംവേദകൻ തന്നെ കേൾക്കുന്നവരെയും വായിക്കു ന്നവരെയും പ്രേക്ഷകരെയും കൂടെ നിർത്താൻ ശ്രദ്ധിക്കണം; അവരെ ചേർത്തു നിർത്താനും അവരുടെ ഏറ്റവും ഹൃദ്യമായ ഭാഗവുമായി ഐക്യപ്പെടാനും അവരെ താൻ പറയുന്ന കഥക ളുടെ ആഭിമുഖ്യങ്ങളിലേക്കു പ്രവേശിക്കാൻ സഹായിക്കുകയും വേണം. ഈ രീതിയിലുള്ള ആശയസംവേദനം ഇപ്പോഴത്തെ ജൂബിലിയുടെ ലക്ഷ്യമായ പ്രത്യാശയുടെ തീർഥാടകർ ആയി ത്തീരാൻ നമ്മെ സഹായിക്കും.

**ഒരുമിച്ചു പ്രത്യാശിക്കുന്നത്**

പ്രത്യാശ എപ്പോഴും ഒരു സാമൂഹികപദ്ധതിയാണ് (a community project). ഈ കൃപയുടെ വർഷം നൽകുന്ന സന്ദേശ ത്തിന്റെ മാഹാത്മ്യം ഒരു നിമിഷം നമുക്കു ചിന്താവിഷയമാ ക്കാം. നമ്മളെല്ലാവരും - എല്ലാവരും തന്നെ - നവമായി ആരം ഭിക്കാൻ ക്ഷണിക്കപ്പെടുന്നു; അതായത്, ദൈവം നമ്മെ എടുത്തു

യർത്താനും, നമ്മെ ആശ്ലേഷിക്കാനും നമ്മുടെമേൽ കരുണ ചൊരിയാനും നാം അനുവദിക്കണം. ഇക്കാര്യത്തിൽ, വ്യക്തിപരവും സാമൂഹികവുമായ മാനങ്ങൾ അഭേദ്യമാംവിധം ഇഴചേർന്നിരിക്കുന്നു: നമ്മൾ ഒരുമിച്ചു പുറപ്പെടുന്നു, നാം നമ്മുടെ സഹോദരീസഹോദരന്മാരുടെകൂടെ യാത്ര ചെയ്യുന്നു, നാം വിശുദ്ധ വാതിലിലൂടെ ഒരുമിച്ചുകടക്കുന്നു.

ജൂബിലിക്ക് അനവധി സാമൂഹികമാനങ്ങളുണ്ട്. ഉദാഹരണത്തിന്, തടവറകളിൽ കഴിയുന്നവർക്ക് ഇതു കരുണയുടെയും പ്രത്യാശയുടെയും സന്ദേശം നൽകുന്നു, അല്ലെങ്കിൽ സഹനത്തിൽ ആയിരിക്കുന്നവരോടും പ്രാന്തങ്ങളിലായിരിക്കുന്നവരോടും സാമീപ്യവും ആർദ്രതയും കാണിക്കാൻ അതു ക്ഷണിക്കുന്നു. സമാധാനസ്ഥാപകർ ദൈവമക്കൾ എന്നു വിളിക്കപ്പെടും (മത്താ. 5:9) എന്ന് ജൂബിലി നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെ അത് പ്രത്യാശ അങ്കുരിപ്പിക്കുകയും സംവാദത്തിനു വഴികൾ ഒരുക്കുന്ന ശ്രദ്ധയുള്ളതും ആർദ്രവും വിചാരപൂർണവുമായ ആശയസംവേദനത്തിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുകയും ചെയ്യുന്നു. അതിനാൽ, വാർത്തകളുടെ മടക്കുകളിൽ ഒളിച്ചു വയ്ക്കപ്പെട്ടിരിക്കുന്ന നന്മയുടെ നിരവധി കഥകൾ കണ്ടുപിടിക്കാനും പ്രചരിപ്പിക്കാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ; സ്വർണ്ണത്തിന്റെ തീരെ ചെറിയ ഒരു തരിക്കുവേണ്ടി അക്ഷീണം മണൽ അരിക്കുന്ന ആളുകളെ അനുകരിക്കാൻ ഞാൻ നിങ്ങളോടു പറയട്ടെ. അപ്രകാരമുള്ള പ്രത്യാശയുടെ വിത്തുകൾ അന്വേഷിക്കുന്നതും അവ കണ്ടെത്തി മനുഷ്യരെ അറിയിക്കുന്നതും ഉദാത്തമായ കാര്യമാണ്. ദരിദ്രരുടെ വിലാപത്തിന്റെ മുമ്പിൽ ബധിരത അല്പം കുറയ്ക്കാനും, നിസ്സംഗത ചുരുക്കാനും നമ്മിൽ ഒതുങ്ങിക്കൂടാതിരിക്കാനും അതു സഹായകമാകും. പ്രത്യാശയ്ക്കായി നമ്മെ പ്രചോദിപ്പിക്കുന്ന നന്മയുടെ മങ്ങിയ ദീപനാളങ്ങൾ നമുക്കെപ്പോഴും കണ്ടെത്താൻ ആവട്ടെ. ഈ തരത്തിലുള്ള ആശയസംവേദനം സാമൂഹികബോധം കെട്ടിപ്പടുക്കുകയും, നാം ഏകരല്ലെന്ന

ബോധ്യം നമ്മിൽ ഉയർത്തുകയും ഒരുമിച്ചുനടക്കുന്നതിന്റെ പ്രാധാന്യം നാം വീണ്ടും കണ്ടെത്തുകയും ചെയ്യും.

**ഹൃദയത്തെ വിസ്മരിക്കരുത്**

പ്രിയ സഹോദരീസഹോദരന്മാരേ, സാങ്കേതികവിദ്യയുടെ വിസ്മയമായ നേട്ടങ്ങളുടെ മുമ്പിൽ നിൽക്കുമ്പോഴും നിങ്ങളുടെ ഹൃദയത്തെ അഥവാ ആന്തരികജീവിതത്തെ, സംരക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. എന്താണ് ഇതിന്റെ അർഥം? ഞാൻ ചില ചിന്തകൾ പങ്കുവയ്ക്കട്ടെ :

ശാന്തശീലർ ആയിരിക്കുക; ഒരിക്കലും അന്യരുടെ മുഖങ്ങൾ മറക്കരുത്; നിങ്ങൾ നിവൃത്തിയാക്കുന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഹൃദയത്തോടു സംസാരിക്കുക.

നിങ്ങളുടെ ആശയസംവേദനത്തെ ഉടനടിയുള്ള സ്വാഭാവികമായ പ്രതികരണത്തിനു വിട്ടുകൊടുക്കരുത്. എപ്പോഴും പ്രത്യാശ പരത്തുക; അത് ഏറെ ബുദ്ധിമുട്ടാണെന്നും വളരെ വില കൊടുക്കേണ്ടതാണെന്നും അധികം ഫലം പുറപ്പെടുവിക്കില്ലെന്നു തോന്നുമ്പോഴും അപ്രകാരം ചെയ്യുക.

മനുഷ്യരാശിയുടെ മുറിവുകൾ സുഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ആശയസംവേദനം പ്രോത്സാഹിപ്പിക്കുക. ഹൃദയപൂർവകമായി വിശ്വാസം അർപ്പിക്കുന്നത് സാധ്യമാക്കുക; അത് എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്ന മൃദുവായ പുഷ്പത്തെപ്പോലെ ആയിരിക്കട്ടെ; ജീവിതത്തിന്റെ കൊടുങ്കാറ്റുകൾ അതിനെ വിഴുങ്ങില്ല; വളരെ അപ്രതീക്ഷിതമായ സ്ഥലങ്ങളിൽ അതു പുഷ്പിക്കുകയും വളരുകയും ചെയ്യുന്നു. സംഘർഷത്തിന്റെ വാരിക്കുഴികളിൽനിന്ന് തങ്ങളുടെ മക്കൾ തിരികെവരുന്നതു കാണാനായി നിത്യേന പ്രാർഥിക്കുന്ന അമ്മമാരിൽ ആ പ്രത്യാശയുണ്ട്. അല്പംകൂടി നല്ല ഒരു ഭാവി പ്രതീക്ഷിച്ചുകൊണ്ട് വലിയ സാഹസം കാണിച്ച് മറുരാജ്യങ്ങളിലേക്കു ചേക്കേറുന്ന പിതാക്കന്മാരിൽ ആ പ്രത്യാശയുണ്ട്.

യുദ്ധത്തിന്റെ ജീർണാവശിഷ്ടങ്ങൾക്കിടയിലും ചേരികളിലെ ദരിദ്രമായ തെരുവുകളിലും കളിക്കാനും ചിരിക്കാനും ജീവിതത്തിൽ വിശ്വസിക്കാനും കഴിയുന്ന കുട്ടികളുടെ പ്രത്യാശയിലും അതുണ്ട്.

അഹിംസാത്മകമായ ആശയസംവേദനത്തിന്റെ സാക്ഷികളും പ്രണേതാക്കളും ആവുക; കരുതലിന്റെയും പാലങ്ങൾ പണിയുന്നതിന്റെയും സംസ്കാരം പ്രചരിപ്പിക്കുന്നതിൽ സഹായിക്കുക; ഈ കാലഘട്ടത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പ്രതിബന്ധങ്ങൾ തച്ചുടയ്ക്കുക.

പ്രത്യാശയിൽ മെനഞ്ഞെടുത്ത കഥകൾ പറയുക; നമ്മുടെ പൊതുവായ ലക്ഷ്യത്തെക്കുറിച്ച് താത്പര്യമുണ്ടായിരിക്കുക; ഒരുമിച്ചുചേർന്നിരുന്നു നമ്മുടെ ഭാവിയുടെ ചരിത്രം രചിക്കാൻ ശ്രമിക്കുക.

ദൈവികകൃപകൊണ്ട്, നിങ്ങൾക്ക് അതു സാധിക്കും, നമുക്കതു സാധിക്കും; ഈ കൃപയുടെ അഭിഷേകം ജൂബിലി വർഷത്തിൽ സമൃദ്ധമായി ഉണ്ട്. ഇതാണ് എന്റെ പ്രാർഥന, ഇതോടൊപ്പം നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ പ്രവർത്തനത്തെയും ഞാൻ ആശീർവദിക്കുന്നു.

വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയം, റോമാ,

വിശുദ്ധ ഫ്രാൻസിസ് ദേ സാലസിന്റെ സ്മരണദിനം, 24 ജനുവരി 2025

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025.

# കച്ചേരിക്കാര്യം

## Transfers & Appointments

| Name | Appointment |
|---|---|
| Alappattu Kottayil Sebastian | Study - Italian Language Course |
| Ammottukunnel Mathew | Asst Vicar, Peringulam |
| Chamakkalayil Sebastian | Asst Vicar, Cathedral (additional) |
| Cheenothuparampil Joseph | Asst Vicar, Kanjirathanam & Teacher, St Peter's HSS, Elanji |
| Cheripuram Sebastian | Asst Rector, Neeloor Savio Home & Teacher, St Joseph's School |
| Edathinal Francis | Asst Director, PSWS |
| Kaitholil Joseph | Sabarmati Mission |
| Kakkaniyil Abraham | Asst. Vicar, Vakakkad &Teacher, Valiayakumaramangalam School |
| Kalayil Mathew | Vicar, Thodanal |
| Kanjirathumkal Emmanuel | Vicar, Perumthuruth |
| Kizhakkekara Thomas | Study, Syriac Theology, PVP, Vadavathoor (Additional) |
| Kochumuriyil Joseph | Asst. Manager, Sea View Estate, Parathanam (additional) |
| Kuttianickal Mathew | Administrator, St Alphonsa Shrine, Bharananganam |
| Kuzhimullil Abraham | Asst Vicar, Ramapuram |

| | |
|---|---|
| Kuzhivelithadathil Joseph | Study, Psychology, St Thomas College, Pala (additional) |
| Madhurappuzha Thomas | Asst. Vicar, Arunapuram & Study, Psychology, St Thomas College |
| Manankal John | Biblical Theology, PVP, Vadavathoor |
| Mundackal Jinto CSsR | Asst Vicar, Mannarappara |
| Muthuplackal Mathew | Asst. Director, Family Apostolate (additional) |
| Palackathadathil Libin O Praem | Asst Vicar, Aruvithura |
| Pandarakappil Alex | Pastoral Ministry, France |
| Pinakkattu Mathew | Vicar, Ayyampara |
| Polachira Kunnempuram George | Vicar, Kavumkandam |
| Thakadiyel Abraham | Relieving, Pro- Vicar, Vakakkad & Residence at Cherpunkal |
| Thalody Augustine | Vicar, Mevada |
| Thayil Antony | Pastoral Ministry in the Eparchy of Great Britain |
| Valloothadathil Joseph | Study - German Language Course |

# സംഭാവനശേഖരണം

## 1. സീറോ മലബാർ സഭാദിനം

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിനം ജൂലൈ മൂന്നാം തീയതി സീറോ മലബാർ സഭാദിനമായിട്ടാണല്ലോ നാം ആചരിക്കുന്നത്. അന്നേദിവസം സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കേണ്ടതും അന്ന് കുർബാനമധ്യേ ഈ നിയോഗത്തിനായി പ്രത്യേക സ്തോത്ര ക്കാഴ്ച സ്വീകരിക്കേണ്ടതും അത് ജൂലൈ 31 നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്. ഓരോ ഇടവകാം ഗത്തിനും നാലു രൂപയാണ് ഏല്പിക്കേണ്ട വിഹിതം. ഇക്കാര്യം വികാരിയച്ചൻ ശ്രദ്ധിക്കുമല്ലോ.

## 2. യുവജനദിനം

ജൂലൈ 13-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ യുവജനക്ഷേമ സംഭാവനശേഖരണം നടത്തേണ്ടതും പിരിഞ്ഞു കിട്ടുന്ന തുക ആഗസ്റ്റ് 16 നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പി ക്കേണ്ടതുമാണ്.

## GSM SEMINARY VOCATION LIST 2025-2026

| RN | House Name | Name | Parish | Qualifiacation |
|---|---|---|---|---|
| 1 | Anichuvattil | Rayon Biju | Paingulam | X |
| 2 | Attangattil | Abey Manoj | Alphonsagiri | X |
| 3 | Kottuppallil | Varghese | Mannarapara | X |
| 4 | Maliackal | Athul Somy | Poonjar | XII |
| 5 | Moolayattil | Godwin Roy | Kurichithanam | X |
| 6 | Nadackal | Joyal Biju | Ramapuram | BCA |
| 7 | Olickal | Delvin S Joseph | Manjamattom | BA |
| 8 | Palathingal | Nixon Job | Kalikavu | XII |
| 9 | Pullukalayil | Alan Shaiju | Manvettom | XII |
| 10 | Puthenpurayil | Alphonse Sabu | Cathedral, Pala | X |
| 11 | Thonakkara | Justin Joshy | Chittar | X |
| 12 | Thottupurath | Francis Leo Biju | Pravithanam | X |
| 13 | Vazheparambil | Alphonse Shijo | Kuruvinal | X |
| 14 | Vazheparambil | Tom V Joy | Pravithanam | X |
| 15 | Vettukallel | Alphons Robin | Kurichithanam | X |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1. | മേഴ്സി റോസി, ഇടമറ്റം | 30000 | |
| 2. | മാത്യു ദേവസ്യാ മരങ്ങോലി | 15000 | |
| 3. | സിബി മരങ്ങോലി | 15000 | |
| 4. | ഷൈമോൾ, മേലുകാവുമറ്റം | | 750000 |
| 5. | ജോസ് സേവ്യർപുരം | 32248 | |
| 6. | കൊച്ചുറാണി, ഏഴാച്ചേരി | 27058 | |
| 7. | എൻ.പി. സെബാസ്റ്റ്യൻ | 22873 | |
| 8. | ചന്ദ്രമതി, ഏഴാച്ചേരി | 24045 | |
| 9. | ഏലമ്മ മാത്യു, മലയിഞ്ചിപ്പാറ | 15000 | |
| 10. | രഞ്ജു കൈപ്പള്ളി | 50000 | |
| 11. | ജോർജ് പീറ്റർ മണിയംകുളം | 50000 | |
| 12. | പെണ്ണമ്മ സേവ്യർപുരം | 32306 | |
| 13. | നീതു റോയ് കടനാട് | 25908 | |
| 14. | ബിന്ദു ബോബി മൂഴൂർ | 27574 | |
| 15. | തോമസ് കുന്നോന്നി | 19813 | |
| 16. | ജോസ്ന ജോസ് കുരുവിനാൽ | 30676 | |
| 17. | മറിയക്കുട്ടി ജോസഫ് മുട്ടം | 30000 | |
| 18. | ജിനീഷ് ജോസഫ് സേവ്യർപുരം | 24311 | |
| 19. | സിനി കുര്യാക്കോസ് കാട്ടാമ്പാക്ക് | 29961 | |
| 20. | ജസി മാത്യു ഇടമറ്റം | 30177 | |
| 21. | സോണി ജോസഫ് മുട്ടുചിറ | 50000 | |
| 22. | മെൽബിൻ വേഴങ്ങാനം | 22952 | |
| 23. | സാബു ജോസഫ് മംഗളാരാം | 18000 | |
| 24. | ജെയിംസ് വി.സി. മരങ്ങോലി | 27601 | |
| 25. | ജെസ്സി കുറവിലങ്ങാട് | | 58000 |
| 26. | ബിജു കുറവിലങ്ങാട് | | 12980 |
| 27. | തോമസ് കുറവിലങ്ങാട് | | 35723 |
| 28. | മത്തായി കുറവിലങ്ങാട് | | 36819 |
| 29. | അപ്പച്ചൻ കുറവിലങ്ങാട് | | 49747 |
| 30. | മേരി മാണി കുറവിലങ്ങാട് | | 98666 |
| 31. | ടോമി കുറവിലങ്ങാട് | | 48485 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നേഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്കു 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**ഗുരുതര കാൻസർരോഗം ബാധിച്ച 64 കാരിക്ക്**
**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹൈപെക് ചികിത്സ**

ഗുരുതര കാൻസർരോഗം ബാധിച്ച 64 കാരിയായ സ്ത്രീ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ ഹൈപെക് ശസ്ത്രക്രിയയിലൂടെ സുഖം പ്രാപിച്ചു. വയർ വീർത്തു വന്നതിനെത്തുടർന്നാണ് കോട്ടയംസ്വദേശിനിയായ സ്ത്രീ ആശുപത്രിയിൽ ചികിത്സ തേടിയത്. തുടർന്നുനടത്തിയ വിശദമായ പരിശോധനയിൽ അണ്ഡാശയത്തിൽ മുഴ വളർന്ന് കാൻസർ ആണെന്നു കണ്ടെത്തി. വയറിന്റെ ഭിത്തിയിലേക്കും കാൻസർ പടർന്നുവ്യാപിച്ചിരുന്നു. ഓങ്കോളജിവിഭാഗം മേധാവി ഡോ. റോണി ബെൻസണിന്റെയും, സർജിക്കൽ ഓങ്കോളജിസ്റ്റ് ഡോ. ജോഫിൻ കെ. ജോണിയുടെയും നേതൃത്വത്തിൽ ശസ്ത്രക്രിയയിലൂടെ മുഴ പൂർണ്ണമായും നീക്കം ചെയ്ത ശേഷമാണ് ആധുനിക ഹൈപെക് ചികിത്സയിലൂടെ രോഗം ഭേദപ്പെടുത്തിയത്. വയറിനുള്ളിൽ ഇളംചൂടിൽ കീമോതെറാപ്പി ചെയ്തു രോഗം സുഖപ്പെടുത്തുന്ന ചികിത്സയാണ് ഹൈപെക് (ഹൈപ്പർ തെറാമിക് ഇൻട്രാപെരിറ്റോണിയൽ കീമോ തെറാപ്പി). പാർശ്വഫലങ്ങൾ ഇല്ല എന്നതും ശരീരത്തിന്റെ മറ്റു ഭാഗങ്ങൾ കീമോ

തെറാപ്പിക്കു വിധേയമാകുന്നത് കുറയ്ക്കുന്നു എന്നതും ഹൈപെക് ചികിത്സയുടെ പ്രത്യേകതയാണ്. അണ്ഡാശയകാൻസറിനുപുറമേ വൻകുടലിലെ കാൻസർ, ആമാശയ കാൻസർ തുടങ്ങിയ രോഗങ്ങൾക്കും ഹൈപെക് ചികിത്സ ഉപയോഗിച്ചു വരുന്നു. ഓങ്കോളജിവിഭാഗം കൺസൾട്ടന്റ് ഡോ. സോൺസ് പോൾ, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. രവിശങ്കർ ടി.ആർ, അനസ്തേഷ്യോളജി വിഭാഗം മേധാവി ഡോ. ലിബി ജെ. പാപ്പച്ചൻ, ഡോ.ജെയിംസ് സിറിയക് എന്നിവരും ശസ്ത്രക്രിയ യുടെ ഭാഗമായി.

**കാൽമുട്ടിന് പരിക്കേറ്റയാൾക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ യൂണികംപാർട്ടുമെന്റൽ ആർത്രോപ്ലാസ്റ്റി ശസ്ത്രക്രിയ**

ബൈക്ക് അപകടത്തിൽ കാൽമുട്ടിനു ഗുരുതരപരിക്കേറ്റയാൾക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ മുട്ടിന്റെ പകുതിഭാഗം മാറ്റിവയ്ക്കുന്ന യൂണികംപാർട്ടുമെന്റൽ ആർത്രോപ്ലാസ്റ്റി ശസ്ത്രക്രിയ വിജയകരമായി നടത്തി. കൂത്താട്ടുകുളം സ്വദേശിയായ 55 കാരനാണ് അപകടത്തിൽ പരിക്കേറ്റ ഇടതുകാൽമുട്ടിന് അപൂർവശസ്ത്രക്രിയ വേണ്ടിവന്നത്. ബൈക്കിൽനിന്നു മറിഞ്ഞുവീണ് പരിക്കേറ്റതിനെത്തുടർന്ന് ഇദ്ദേഹം മറ്റ് ആശുപത്രികളിൽ ചികിത്സതേടിയിരുന്നു. എക്സ്റേ പരിശോധനയിൽ മുട്ടിനു തേയ്മാനം ഉണ്ടെന്നും കണ്ടെത്തിയിരുന്നു. വേദന കുറയാതെ വന്നതിനെത്തുടർന്നാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടിയത്. തുടർന്നുനടത്തിയ വിദഗ്ധപരിശോധനയിലാണ് അപകടത്തിൽ മുട്ടിന്റെ മെനിസ്കസ് ഭാഗത്ത് പരിക്കേറ്റു വിള്ളലുണ്ടായതും തെന്നിമാറിയതും കണ്ടെത്തിയത്. പരിക്കിന്റെ ഭാഗമായി മുട്ടിലെ കാർട്ടിലേജ്ഭാഗം ദ്രവിച്ചു തുടങ്ങിയ നിലയിലുമായിരുന്നു. മെനസ്കസിന്റെ പരിക്ക് പരിഹരിക്കുകയും, ദ്രവിക്കുന്ന ഭാഗം മാറ്റുകയും വേണമെന്നതിനാലാണ് കാൽമുട്ടിന്റെ പകുതിഭാഗം മാറ്റിവയ്ക്കുന്ന യൂണികംപാർട്ടുമെന്റൽ ആർത്രോപ്ലാസ്റ്റി ശസ്ത്രക്രിയ തീരുമാനിച്ചത്.

ഓർത്തോപീഡിക്സ്വിഭാഗം മേധാവി പ്രഫ. ഡോ. മാത്യു എബ്രഹാം, കൺസൾട്ടന്റ് ഡോ. സിജോ സെബാസ്റ്റ്യൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. പെട്ടെന്നു സുഖം പ്രാപിക്കാമെന്നതും കാൽമുട്ടിന്റെ സാധാരണ നില വേഗത്തിലാകുമെന്നതും ഈ ശസ്ത്രക്രിയയുടെ നേട്ടമാണ്. സാധാരണ മുട്ടിന്റെ ഒരുവശം തേയ്മാനം ഉണ്ടാകുമ്പോൾ ഈ ശസ്ത്രക്രിയ നടത്താറുണ്ടെങ്കിലും അപകടത്തിൽ പരിക്കേറ്റതിനെത്തുടർന്ന് പകുതിഭാഗം മാറ്റിവയ്ക്കുന്നത് അപൂർവമാണ്. അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. ലിബി ജെ. പാപ്പച്ചൻ, ഡോ. എബി ജോൺ എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി.

**അധ്യാപകർക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ ശില്പശാല നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ രൂപത കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുമായി സഹകരിച്ച് അധ്യാപകർക്കായി, കുട്ടികളുടെ വളർച്ചയിലും പെരുമാറ്റത്തിലും കാണപ്പെടുന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും എന്ന വിഷയത്തിൽ ഏകദിനശില്പശാല നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ

ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോർപറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയുമായി സഹകരിച്ചു കൂടുതൽ പദ്ധതികൾ നടപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. കോർപറേറ്റ് സെക്രട്ടറി റവ.ഫാ.ജോർജ് പുല്ലുകാലായിൽ അധ്യക്ഷത വഹിച്ചു. വിവിധ വിഷയങ്ങളിൽ പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ. അനിറ്റ ആൻ സൈമൺ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ സീനിയർ കൺസൾട്ടന്റ് ഡോ. തോമസ് എബ്രഹാം, റെമഡിയൽ തെറാപ്പിസ്റ്റ് ലയമോൾ മാത്യു, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സിനി എൽസ ജോസഫ് എന്നിവർ പ്രസംഗിച്ചു.

**പാലാ സെന്റ് തോമസ് കോളജ് സൈക്കോളജിവകുപ്പും മാർ സ്ലീവാ മെഡിസിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു**

പാലാ സെന്റ് തോമസ് കോളജ് ഓട്ടോണമസിൽ ഈ വർഷം പുതുതായി ആരംഭിക്കുന്ന ബി.എസ്സി സൈക്കോളജി പ്രോഗ്രാമിന്റെ ഭാഗമായി കോളജിലെ സൈക്കോളജിവകുപ്പും മാർ സ്ലീവാ മെഡിസിറ്റിയിലെ ക്ലിനിക്കൽ സൈക്കോളജി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. ഇന്റേൺഷിപ്പ്, ഫാക്കൽറ്റി എക്സ് ചേഞ്ച്, ക്ലിനിക്കൽ പരിശീലനം തുടങ്ങിയ മേഖലകളിലാണ് സഹകരണം ഉറപ്പാക്കിയത്. മാർ സ്ലീവാ മെഡിസിറ്റിയിൽ വിദ്യാർത്ഥികൾക്ക് വിദഗ്ധപരിശീലനത്തിനുള്ള അവസരവും ഇതിലൂടെ ലഭിക്കും. ബി.എസ്സി സൈക്കോളജിക്കു പുറമേ എം.എസ്സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി, ബി.എ. ഇംഗ്ലീഷ് ആൻഡ് ജേർണലിസം തുടങ്ങിയ കോഴ്സുകളുമാണ് ഈ വർഷം പാലാ സെന്റ് തോമസ് കോളജ് ഓട്ടോണമസിൽ പുതുതായി ആരംഭിക്കുന്നത്. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ, ആയുഷ് വിഭാഗം ഡയറക്ടർ റവ.ഫാ. മാത്യു ചേന്നാട്ട്, പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ്, വൈസ് പ്രിൻസിപ്പൽ റവ.ഡോ. സാൽവിൻ തോമസ് കാപ്പിലിപ്പറമ്പിൽ, ബർസാർ റവ.ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, ഫാ.റോഷൻ എണ്ണയ്ക്കാപ്പള്ളിൽ തുടങ്ങിയവർ പങ്കെടുത്തു.

**മേലുകാവുമറ്റം റൂറൽ മിഷൻ പദ്ധതിയുടെ സമാപനം നടന്നു**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയുടെ ഭാഗമായി നടപ്പാക്കിയ മേലുകാവുമറ്റം റൂറൽ മിഷൻ പദ്ധതിയുടെ സമാപനം മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്ററിൽ നടത്തി. മേലുകാവുമറ്റം സെന്റ് തോമസ് ചർച്ച് വികാരി റവ. ഡോ. ജോർജ് കാരാംവേലിൽ അധ്യക്ഷത വഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. അക്കാദമിക്സ് ഡയറക്ടർ റവ.ഫാ. ഗർവാസിസ് ആനിത്തോട്ടത്തിൽ, ജോർജ് വി.ഐ. എന്നിവർ പ്രസംഗിച്ചു.പദ്ധതിയുടെ ഭാഗമായി മേലുകാവുമറ്റം സെന്റ് തോമസ് ഇടവകയിലെ വിവിധ സംഘടനകളുമായി സഹകരിച്ച് സൗജന്യ രക്തദാന ക്യാമ്പ് നടത്തി. 'യുവജനങ്ങളും മാനസികാരോഗ്യവും' എന്ന വിഷയത്തിൽ ഫാമിലി മെഡിസിൻ വിഭാഗം ഫിസിഷ്യൻ ഡോ. ആൻ ടോമിന തോമസ് ക്ലാസ്സ് നയിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ പരിസ്ഥിതിദിനാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോക പരിസ്ഥിതിദിനാചരണം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. ആശുപത്രിയിലെ ഉപയോഗ രഹിതമായ തുണിത്തരങ്ങൾ ഉപയോഗിച്ചു നിർമ്മിക്കുന്ന പരിസ്ഥിതി സൗഹൃദ തുണിബാഗുകളുടെ ലോഞ്ചിങ് മോൺ.ഡോ.ജോസഫ് കണിയോടിക്കൽ ആശുപത്രി ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ.പോളിൻ ബാബുവിനു നൽകി നിർവ്വഹിച്ചു. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ, ഓപ്പറേഷൻസ് എ.ജി.എം അനൂപ് ചാക്കോ എന്നിവർ പ്രസംഗിച്ചു. ആശുപത്രിയിൽ എത്തിയവർക്കായി ചായത്തിൽ മുക്കി വൃക്ഷ ഇലകൾ വരയ്ക്കുന്ന പ്രവർത്തനങ്ങൾ, ക്വിസ്മൽസരം എന്നിവയും നടത്തി.

**ഫോട്ടോഗ്രാഫർമാർ മാർ സ്ലീവാ മെഡിസിറ്റിയിൽ രക്തദാനം നടത്തി**

ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ പൊൻകുന്നം യൂണിറ്റിലെ അംഗങ്ങൾ ലോക രക്തദാനദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തി രക്തം ദാനം ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ സന്ദേശം നൽകുകയും സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു.

**പാലാ ഹെഡ് പോസ്റ്റ് ഓഫീസിൽ രക്തദാനക്യാമ്പ് നടത്തി**

ലോക രക്തദാനദിനത്തോടനുബന്ധിച്ചു മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ഹെഡ്പോസ്റ്റ് ഓഫീസുമായി സഹകരിച്ച് ഹെഡ്പോസ്റ്റ് ഓഫീസിൽ വച്ച് രക്തദാനക്യാമ്പ് നടത്തി. ജീവനക്കാർ രക്തം ദാനംചെയ്തു. പാലാ നഗരസഭ ചെയർമാൻ തോമസ് പീറ്റർ ഉദ്ഘാടനം ചെയ്തു.

**സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സ് – ഏറ്റുമാനൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ സീനിയർ സിറ്റിസൺസ് ഫോറവുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഓങ്കോളജിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. റോണി ബെൻസൺ ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – പാമ്പാടി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാമ്പാടി കെ. ജി. കോളജിൽ 'യൂത്ത് മെന്റൽ ഹെൽത്ത് ഓപ്പർച്യൂണിറ്റീസ് ആൻഡ് ചലഞ്ചസ്, എന്ന വിഷയത്തിൽ ബോധവൽക്കരണക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ രൂപത കെയർ ഹോംസിലെ വിവിധ സ്പെഷ്യൽ സ്കൂളുകളിൽ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. അന്തിനാട് ശാന്തിനിലയം, തീക്കോയി ഡി.സി.എം.ആർ, കൊച്ചിട

പ്പാടി സ്നേഹാരം, അൽഫോൻസാപുരം ആശാനികേതൻ, കാവാലി ഫാ.ബോഡ് വിഗ് ഡേകെയർ സെന്റർ, പുലിയന്നൂർ ഷലോം ഡി.സി.എം.ആർ എന്നീ സ്പെഷ്യൽ സ്കൂളുകളിലാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചത്. ചൈൽഡ് ഡവലപ്മെന്റ്സെന്റർ സീനിയർ കൺസൾട്ടന്റ് ഡോ.തോമസ് എബ്രഹാം, ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരായ ഡോ. എയ്ഞ്ചൽ തോമസ്, ഡോ.സിസ്റ്റർ ജൂലി എലിസബത്ത് എന്നിവർ ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ഹൃദ്രോഗപരിശോധന ക്യാമ്പ് – അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ വച്ച് സൗജന്യ ഹൃദ്രോഗപരിശോധന ക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – മേലുകാവുമറ്റം**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയുടെ ഭാഗമായി നടപ്പാക്കുന്ന മേലുകാവുമറ്റം റൂറൽ മിഷൻ പദ്ധതിയുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്ററിൽ വച്ച് സൗജന്യ മെഡിക്കൽക്യാമ്പ് നടത്തി. ജനറൽ മെഡിസിൻ, ഫാമിലി മെഡിസിൻ, ഓർത്തോപീഡിക്സ്, ന്യൂറോളജി വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനകൾക്കു നേതൃത്വം നൽകി.

**സൗജന്യ നാച്ചുറോപ്പതി മെഡിക്കൽ ക്യാമ്പ് – കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ഭീമ ജൂവലറിയുമായി സഹകരിച്ച് സൗജന്യ നാച്ചുറോപ്പതി മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സും നടത്തി. നാച്ചുറോപ്പതി വിഭാഗം കൺസൾട്ടന്റ് ഡോ.വിഷ്ണു മോഹൻ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – കാളകെട്ടി**

പൊതുവിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിലുള്ള, 'കൂടെയുണ്ട് കരുത്തേകാൻ' പദ്ധതിയുടെ ഭാഗമായി കാളകെട്ടി അച്ചാമ്മ മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂളിൽ നടത്തിയ അധ്യാപകസെമിനാറിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ബോധവൽക്കരണക്ലാസ്സ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ച് നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി നെല്ലിയാനി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പൂവരണി സേക്രട്ട് ഹാർട്ട് ചർച്ച്, കടനാട് സെന്റ് അഗസ്റ്റിൻസ് ചർച്ച് എന്നിവിടങ്ങളിൽ സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി. പൾമിനറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ജെയ്സി തോമസ്, കൺസൾട്ടന്റ് ഡോ രാജ്കൃഷ്ണൻ എസ്, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. മിഥുൻ ജെ. എന്നിവർ നേതൃത്വം നൽകി.

**സൗത്ത് ഇന്ത്യൻ ബാങ്ക് ജീവനക്കാർക്കായി വെബിനാർ നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിലെ ഓൾ ഇന്ത്യാതലത്തിലുള്ള ജീവനക്കാർക്കായി Easy Poster Fixes for Banking Professionals എന്ന വിഷയത്തിൽ വെബിനാർ നടത്തി. ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗം കൺസൾട്ടന്റ് ഡോ. ഷിപ്ര രചന സിങ് നേതൃത്വം നൽകി.

**സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സും – കളത്തൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കളത്തൂർ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സെന്റ് മേരീസ് കോൺഫെറൻസുമായി സഹകരിച്ച് സൗജന്യ മെഗാ മെഡിക്കൽക്യാമ്പ് നടത്തി. വികാരി റവ. ഡോ. സൈറസ് വേലംപറമ്പിലിന്റെ അധ്യക്ഷതയിൽ മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. ക്യാമ്പ് കോർഡിനേറ്റർ ജോഷി കളത്തറ, ന്യൂറോസർജറിവിഭാഗം മേധാവി ഡോ.സരീഷ് കുമാർ എം.കെ, അസി. വികാരി റവ. ഫാ. ജോൺസ് ചുക്കനാനിക്കൽ എന്നിവർ പ്രസംഗിച്ചു. വിവിധ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി. ന്യൂറോളജി സംബന്ധമായ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ഡോ. സരീഷ് കുമാർ എം.കെ. ബോധവൽക്കരണക്ലാസ്സും നയിച്ചു.

**കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ മാർ സ്ലീവാ മീറ്റ് നടന്നു**

കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ (സി.എൻ.ജി.ഐ) മാർ സ്ലീവാ മീറ്റ് –2025 മാർ സ്ലീവാ മെഡിസിറ്റിയിൽ നടന്നു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. ഐ.ടി ആൻഡ് നഴ്സിങ് ഡയറക്ടർ റവ.ഡോ.ജോസഫ് കരികുളം, സി.എൻ.ജി.ഐ രൂപത പ്രസിഡന്റും സി.എസ്.എസ്.ഡി സൂപ്പർവൈസറുമായ ലിൻസി ജോൺസ്, സ്റ്റാഫ് നഴ്സ് അന്ന മരിയ എന്നിവർ പ്രസംഗിച്ചു. ആരോഗ്യപ്രവർത്തകയും മോട്ടിവേഷണൽ സ്പീക്കറുമായ ലിറ്റി വർഗീസ് എക്സലിംഗ് ഇൻ നഴ്സിംസ് അപ്രോച്ച് എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. നേഴ്സുമാരുടെ കലാപരിപാടികളും അരങ്ങേറി.

**ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ചാവറ സി.എം.ഐ പബ്ലിക് സ്കൂളിൽ വിദ്യാർഥികൾക്കും അധ്യാപകർക്കുമായി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. ക്ലിനിക്കൽ എജ്യുക്കേറ്റർ നീതു ജോർജ് പരിശീലനത്തിനു നേതൃത്വം നൽകി.

**സൗജന്യ ഹൃദ്രോഗപരിശോധനക്യാമ്പ് – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാർ സ്ലീവാ സർവീസ് സെന്ററിൽ വച്ച് സൗജന്യ ഹൃദ്രോഗ പരിശോധനക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ വൈദ്യസഹായം നൽകി – പാലാ**

പാലാ സെന്റ് തോമസ് കോളജിൽ നടന്ന സംസ്ഥാന അക്വാട്ടിക് ചാമ്പ്യൻ ഷിപ്പിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹാ യവും ആംബുലൻസ് സേവനവും നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ ചൈൽഡ് ഡവലപ്‌മെന്റ് സെന്ററിന്റെ നേതൃത്വ ത്തിൽ ചാവറ സി.എം.ഐ പബ്ലിക് സ്കൂളിൽ മാതാപിതാക്കൾക്കായി 'പേരന്റിങ്' എന്ന വിഷയത്തിൽ ബോധവൽക്കരണക്ലാസ്സ് നടത്തി. റെമഡിയൽ തെറാപ്പിസ്റ്റ് ലയമോൾ മാത്യു ക്ലാസ്സിനു നേതൃത്വം നൽകി.

**അന്താരാഷ്ട്ര യോഗദിനാചരണം – മാന്നാനം**

മാർ സ്ലീവാ മെഡിസിറ്റി ആയുർവേദവിഭാഗത്തിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര യോഗദിനാചരണത്തിന്റെ ഭാഗമായി മാന്നാനം കെ.ഇ.കോളജിലെ സോഷ്യൽ വർക്ക് വിഭാഗം, കുര്യാക്കോസ് ഏലിയാസ് ഡവലപ്‌മെന്റ് ആക്ഷൻ ആൻഡ് സർവീസ് സൊസൈറ്റി എന്നിവയുമായി സഹകരിച്ച് അന്താരാഷ്ട്രയോഗദിനാചരണം നടത്തി. ആയുർവേദവിഭാഗം കൺസൾട്ടന്റ് ഡോ. പൂജ ടി. അമൽ യോഗ ബോധവൽക്കരണക്ലാസ്സിനു നേതൃത്വം നൽകി. വിദ്യാർഥികൾക്ക് യോഗപരി ശീലനവും നൽകി. കെ.ഇ.കോളജ് സോഷ്യൽവർക്ക് വിഭാഗം മേധാവി ഡോ. എലിസബത്ത് അലക്സാണ്ടർ, സ്റ്റുഡന്റ് കോർഡിനേറ്റർ അബ്സ ഷൈൻ വി.ജി, ഐഷാബി മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

**കോട്ടയം പ്രസ് ക്ലബ്ബിൽ അന്താരാഷ്ട്രയോഗദിനം ആചരിച്ചു.**

പാലാ മാർ സ്ലീവാ മെഡിസിറ്റി നാച്ചുറോപ്പതിവിഭാഗത്തിന്റെ നേതൃത്വത്തിൽ കോട്ടയം പ്രസ് ക്ലബ്ബുമായി സഹകരിച്ച് അന്താരാഷ്ട്രയോഗദിനാചരണവും പത്രപ്രവർത്തകർക്കായി യോഗപരിശീലനവും നൽകി. പ്രസ് ക്ലബ്ബ് പ്രസിഡന്റ് അനീഷ് കുര്യൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ജോബിൻ സെബാസ്റ്റ്യൻ പ്രസം ഗിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിലെ നാച്ചുറോപ്പതിവിഭാഗത്തിലെ ഡോ.മേഘ മഹേഷ്, ഡോ. നന്ദഗോപാൽ എന്നിവർ യോഗപരിശീലനത്തിനു നേതൃത്വം നൽകി.

**ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ റേഡിയേഷൻ ഓങ്കോളജിവിഭാഗം അസോ. കൺസൾട്ടന്റായി ഡോ. ആൻസി മാത്യു ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

## അൽഫോൻസാ തീർഥാടനകേന്ദ്രം

**പന്തക്കുസ്താത്തിരുനാൾ**

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ പന്തക്കുസ്താദിനം ആഘോഷപൂർവം നടത്തി. അന്ന് കുഞ്ഞുങ്ങളുടെ ആദ്യാക്ഷരം കുറിക്കൽ ചടങ്ങും

നടത്തപ്പെട്ടു. രാവിലെ 7 മണിക്ക് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എഴുത്തിനിരുത്തിനു തുടക്കം കുറിച്ചു. തുടർന്ന് വൈകുന്നേരം 5 മണിവരെ തുടർച്ചയായി തീർത്ഥാടനകേന്ദ്രത്തിൽ കുഞ്ഞുങ്ങളെ എഴുത്തിനിരുത്തുവാനുള്ള സൗകര്യമൊരുക്കിയിരുന്നു. തീർത്ഥാടനകേന്ദ്രത്തിലെ എല്ലാ വൈദികരും ഇതിനു നേതൃത്വം നൽകി. 300 ലധികം കുഞ്ഞുങ്ങൾ ആദ്യാക്ഷരം കുറിക്കാൻ തീർത്ഥാടന കേന്ദ്രത്തിൽ എത്തിയിരുന്നു.

**ഇതര സംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനക്കാരായ ക്രൈസ്തവ സഹോദര ങ്ങൾക്കുവേണ്ടി ജൂൺ 1 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് വി. കുർബാനയും കുമ്പസാരവും നടത്തപ്പെട്ടു. റവ.ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

## Self Service Kiosk

ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ ഷ്റൈനിൽ ഫെഡറൽ ബാങ്കിന്റെ Self Service Kiosk സ്ഥാപിച്ചു. ജൂൺ 21 ശനിയാഴ്ച ഫെഡറൽ ബാങ്ക്, ഭക്തജന ങ്ങളുടെ സൗകര്യത്തിനായി ഭരണങ്ങാനം ഷ്റൈനിൽ സ്ഥാപിച്ച Kiosk ന്റെ ആശീർവാദകർമ്മം തീർത്ഥാടനകേന്ദ്രം റെക്ടർ വെരി. റവ. ഫാ. അഗസ്റ്റിൻ പാല യ്ക്കാപറമ്പിൽ നിർവഹിച്ചു. ഫെഡറൽ ബാങ്ക് സോണൽ ഹെഡ് ശ്രീമതി നിഷ കെ. ദാസ് ഉദ്ഘാടനകർമ്മം നടത്തി. വിശുദ്ധ കുർബാന, നൊവേന, അടിമ, നേർച്ചകൾ, സംഭാവന എന്നിവയ്ക്ക് Kiosk ലൂടെ ഡിജിറ്റലായി പേര് രജിസ്റ്റർ ചെയ്യുന്നതിനും പണം അടയ്ക്കുന്നതിനും രസീത് കൈപ്പറ്റുന്നതിനുമുള്ള സൗകര്യമാണ് സജ്ജീകരിച്ചിരിക്കുന്നത്.

**വൈദികരുടെ യോഗം**

വിശുദ്ധ അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിലെ തിരുനാൾ നടത്തി പ്പിനെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെയും, സെന്റ് മേരീസ് ഫൊറോനപ്പള്ളിയിലെയും വൈദി കരുടെ ഒരു സംയുക്തയോഗം ജൂൺമാസം 12-ാം തീയതി സെന്റ് അൽഫോൻസാ സ്പിരിച്ചാലിറ്റി സെന്ററിൽവച്ചു നടത്തി. തിരുനാൾനടത്തിപ്പിന്റെ ക്രമീകരണ ങ്ങളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി.

**ഉദ്യോഗസ്ഥസമ്മേളനം**

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന്റെ ക്രമീകരണങ്ങൾ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനായി സെന്റ് അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽ വച്ച് ഉദ്യോഗസ്ഥരുടെ ഒരു മീറ്റിങ് നടത്തി. ജൂൺമാസം 28-ാം തീയതി പാലാ എം.എൽ.എ ശ്രീ മാണി സി. കാപ്പന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആർ.ഡി.ഒ. കെ. ദീപ, വിവിധ ഡിപ്പാർട്ട്മെൻറ് ഓഫീസുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. തിരുനാൾദിവസങ്ങളിൽ ഉദ്യോഗസ്ഥരുടെയും എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും ഭാഗത്തുനിന്നുള്ള സമ്പൂർണ്ണസഹകരണം അവർ ഉറപ്പുനൽകി.

**തിരുനാൾ നോട്ടീസ് പ്രകാശനം**

ഈ വർഷത്തെ അൽഫോൻസാതിരുനാൾ നോട്ടീസ് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ബിഷപ്പ് ഹൗസിൽ വച്ച് പ്രകാശനം ചെയ്തു. തദവസരത്തിൽ തീർത്ഥാടനകേന്ദ്രം റെക്ടർ വെരി. റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, അഡ്മിനിസ്ട്രേറ്റർ റവ. ഫാ. മാത്യു കുറ്റിയാനിക്കൽ, വൈസ് റെക്ടർമാരായ റവ. ഫാ. ജോസഫ് അമ്പാട്ട്, റവ. ഫാ. ആന്റണി തോണക്കര, റവ. ഫാ. ജോർജ് ചീരാംകുഴി എന്നിവർ സന്നിഹിതരായിരുന്നു.

**രാത്രിയാരാധന**

എല്ലാ മാസവും അവസാനത്തെ ശനിയാഴ്ചകളിൽ നടത്തിവരാറുള്ള രാത്രിയാരാധന ജൂൺമാസം 28-ാം തീയതി നടന്നു. രാത്രി 7 മണിക്ക് വി.കുർബാന യോടെ ആരംഭിച്ച രാത്രിയാരാധന പിറ്റേദിവസം രാവിലെ 4 മണിക്കുള്ള വി. കുർബാനയോടെ സമാപിച്ചു.

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**2025-26 വർഷത്തെ CTP കോഴ്സ് ആരംഭവും 2024-25 വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും**

2025-26 വർഷത്തെ CTP കോഴ്സ് പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് 2025 ജൂൺ 14-ാം തീയതി ഉദ്ഘാടനം ചെയ്തു. 2024-25 വർഷത്തിൽ CTP കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ്വിതരണവും സമ്മാനദാനവും അന്നേദിവസം നടത്തി. പെരിയ ബഹുമാനപ്പെട്ട മോൺ.സെബാസ്റ്റ്യൻ വേത്താനത്ത്, ശ്രീ ജോസുകുട്ടി ഇലവനാതൊടുകയിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ജൂലൈമാസത്തെ CTP ക്ലാസ്സുകൾ:**

ജൂലൈ 12 ശനി: Bible I - റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ. ജൂലൈ 24 വ്യാഴം : Catechesis in the Present Scenario -പ്രൊഫ. ഡോ. അലക്സ് കാവുകാട്ട്

**സ്കൂൾ മതബോധന-സന്മാർഗ പരിശീലനരംഗം**

പുതിയ അധ്യയനവർഷത്തിൽ ഇതര പാഠ്യവിഷയങ്ങളോടൊപ്പം നൽകേണ്ട മതബോധന-സന്മാർഗപരിശീലനക്ലാസുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം നടത്തിവരുന്നു. 2025 ജൂൺ 17-ാം തീയതി മുതൽ എല്ലാ സ്കൂളുകളിലും മതബോധന-സന്മാർഗപരിശീലനക്ലാസുകൾ ആരംഭിച്ചു.

**പ്രഥമാധ്യാപകസമ്മേളനം**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2025 ജൂൺ 16-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ നാലുമണിവരെ ഭരണങ്ങാനം മാതൃഭവനിൽ വച്ച്

നടത്തപ്പെട്ടു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിലച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ സെക്രട്ടറി റവ. ഫാ. ജോർജ് പുല്ലുകാലായിൽ, വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ സംസാരിച്ചു. ശ്രീ ജോബറ്റ് തോമസ് സാർ നന്ദി അർപ്പിച്ച് സംസാരിച്ചു.

**XII -ാം ക്ലാസിലെ അധ്യാപകസംഗമവും പാഠപുസ്തകപരിചയവും**

പന്ത്രണ്ടാംക്ലാസിലെ അധ്യാപകർക്കുള്ള അധ്യാപകസംഗമവും പുസ്തകപരിചയവും ജൂൺ 15 ഞായറാഴ്ച 9:30 AM മുതൽ 4:00 PM വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട അധ്യാപക സംഗമത്തിൽ ശ്രീ ജോസുകുട്ടി ഇലവനാതൊടുകയിൽ, ശ്രീ അനിൽ മാനുവൽ എന്നിവർ ക്ലാസ് നയിച്ചു. പുതിയ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളും ചർച്ചകൾക്ക് വിധേയമാക്കുകയുണ്ടായി.

**തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനം**

ഒന്നുമുതൽ നാലുവരെയുള്ള വിശ്വാസപരിശീലനക്ലാസുകളിലെ കുട്ടികൾക്കായുള്ള തിരുബാലസഖ്യം സംഘടനയുടെ ആനിമേറ്റർമാരുടെ സമ്മേളനം ഭരണങ്ങാനം S.H ഗേൾസ് ഹൈസ്കൂളിൽ വച്ച് 2025 ജൂൺ 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമുതൽ വൈകിട്ട് നാലുവരെ നടത്തപ്പെട്ടു. തിരുബാലസഖ്യം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. സി. ഡോണ എഫ്.സി.സി. ഓറിയന്റേഷൻ ക്ലാസ് നയിച്ചു. സമ്മേളനത്തിന്റെ സമാപനത്തിൽ ഡയറക്ടറച്ചൻ സംഘടനാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആനിമേറ്റർമാരുടെ സംശയങ്ങൾക്കു മറുപടി നൽകുകയും സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

**സ്കോളർഷിപ്പ് പരീക്ഷ മൂല്യനിർണയക്യാമ്പ്**

2024-2025 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണയ ക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ച് ജൂൺ 21 ശനിയാഴ്ച നടത്തപ്പെട്ടു.

**രൂപതാ വിശ്വാസപരിശീലനദിനം**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾദിനമായ ജൂലൈ 3-ാം തീയതി രൂപത വിശ്വാസപരിശീലനദിനമായി ആചരിക്കുന്നു. അന്നേ ദിവസം തന്നെ ചെറുപുഷ്പമിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകളുടെ അംഗത്വസ്വീകരണവും അംഗത്വനവീകരണവും യൂണിറ്റുതലത്തിൽ നടത്തപ്പെടുന്നതാണ്.

## Mission Quest 2025

ആഗോളതലത്തിൽ വിവിധ ഭാഷകളിലായി നടത്തപ്പെടുന്ന Mission Quest എന്ന ഓൺലൈൻ Quiz competition അഞ്ചാം പതിപ്പ് ഈ വർഷം നവംബർ 09ന് ഇന്ത്യൻ സമയം വൈകുന്നേരം 6 മണിക്കു നടത്തപ്പെടുന്നതാണ്.

പഠനഭാഗങ്ങൾ:

ബൈബിൾ : വി. ലൂക്കയുടെ സുവിശേഷം (17-24 അധ്യായങ്ങൾ) (ഈശോയുടെ മിഷൻപ്രവർത്തനങ്ങൾ)-30%

മിഷൻ: ഏഷ്യയിലെ സഭ - Ecclesia In Asia (A Post-Synodal Apostolic Exhortation 1999) - 30%

മതബോധനം: സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം: അധ്യായം 3 (പേജ് 37-65) - 30%

പൊതുവിജ്ഞാനം: സഭയും മിഷനും -10%

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. പന്തക്കുസ്താത്തിരുനാൾ**

എല്ലാ ഇടവകകളിലും പന്തക്കുസ്താത്തിരുനാൾ ഏറ്റവും ഭക്ത്യാദരപൂർവം ആചരിക്കപ്പെട്ടു. പന്തക്കുസ്താത്തിരുനാളിൽ കുഞ്ഞുങ്ങളെ എഴുത്തിനിരുത്തുകയും വിദ്യാർത്ഥികൾക്കായി പ്രത്യേകപ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

**2. പിതൃദിനാഘോഷം**

പിതൃവേദി ഗുജറാത്ത് റീജന്റെ ആഭിമുഖ്യത്തിൽ ജൂൺ 15 ന് പിതൃദിനം ആചരിക്കപ്പെട്ടു. പിതൃദിനാചരണത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിലും കേക്ക് മുറിക്കുകയും പിതാക്കന്മാരെ ആദരിക്കുകയും ചെയ്തു.

**3. അദ്ധ്യയനവർഷാരംഭം**

ഗുജറാത്ത് മിഷനിൽ വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയനവർഷത്തിന് ജൂൺ 15-ാം തീയതി തുടക്കംകുറിച്ചു. സിൽവാസ ഇടവകയിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽപിതാവ് പുതിയ അധ്യയനവർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. റീജണൽ വിശ്വാസപരിശീലന ഡയറക്ടർ ഫാ. മാത്യു പാലക്കാട്ടുകുന്നേൽ, ഇടവകവികാരി ഫാ. റോയി കണ്ണീറ്റുകണ്ടം CMI എന്നിവർ സന്നിഹിതരായിരുന്നു.

**4. ഇടവകദിനാചരണം**

സിൽവാസ ഇടവകയിൽ ഇടവകദിനം സമുചിതമായി ആചരിക്കപ്പെട്ടു.

**5. Youth Alive 2025**

SMYM ഗുജറാത്ത് റീജന്റെ ആഭിമുഖ്യത്തിൽ ഷംഷാബാദ് രൂപതയിലെ യുവജനങ്ങൾക്കായി മേയ് 30, 31, ജൂൺ 1 തീയതികളിൽ Youth Alive 2025 ക്ലാമ്പ് നടത്തപ്പെട്ടു.

**6. കുട്ടികൾക്കായുള്ള ധ്യാനം**

ഗുജറാത്ത് റീജണിലെ catechism department ന്റെ ആഭിമുഖ്യത്തിൽ ജൂൺ 27, 28, 29 തീയതികളിൽ കുട്ടികൾക്കായി ധ്യാനം നടത്തപ്പെട്ടു.

**7. Online Class for catechism teachers**

ജൂൺ 22-ാം തീയതി റീജണിലെ വിശ്വാസപരിശീലകർക്കായി ഓൺലൈൻ ക്ലാസ് നടത്തപ്പെട്ടു. റവ. ഫാ. തോമസ് വടക്കേൽ ക്ലാസ് നയിച്ചു.

**8. നിയമനം**

റവ.ഫാ. എബ്രാഹം കല്ലറയ്ക്കൽ MCBS പാണ്ടേസര സെന്റ് തോമസ് ഇടവകയുടെ വികാരിയായി ചുമതലയേറ്റെടുത്തു.

**9. മാതൃവേദി വാർഷികം**

വഡോദര സെന്റ് മേരീസ് ഇടവകയിൽ മരിയൻ മാതൃവേദിയുടെ വാർഷികം ആചരിക്കപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് യോഗത്തിനു അധ്യക്ഷത വഹിച്ചു

**ഫാ. ജോർജ് നെല്ലിക്കൽ**

# മിഷൻലീഗ് വാർത്തകൾ

**രൂപത പ്രവർത്തനോദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2025-2026 പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം ജൂൺ 22-ാം തീയതി രത്നഗിരി ശാഖയിൽ വച്ച് നടന്നു. പാലാ രൂപത പ്രോട്ടോസിഞ്ചെലൂസ് റവ. ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. മിഷൻലീഗ് രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. രത്നഗിരി ഇടവക വികാരി റവ. ഫാ. മൈക്കിൾ നരിക്കാട്ട്, മേഖല ഡയറക്ടർ റവ. ഫാ. ആന്റണി വാഴക്കാലയിൽ, ശാഖാ ഡയറക്ടർ റവ. ഫാ. മാത്യു കണിയാമ്പടി, മിഷൻലീഗ് അന്തർദേശീയ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, രൂപതാ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ, രൂപത വൈസ് ഡയറക്ടർ സി. അനറ്റ് കപ്പലുമാക്കൽ SABS, റോബി മേനാച്ചേരി എന്നിവർ പ്രസംഗിച്ചു.

**വൈസ് ഡയറക്ടേഴ്സ് സമ്മേളനം**

പാലാ രൂപത മിഷൻലീഗ് വൈസ് ഡയറക്ടർമാരുടെ സമ്മേളനം ജൂൺ 15-ാം തീയതി ഭരണങ്ങാനം സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ശാഖ മേഖല വൈസ് ഡയറക്ടർമാർ സമ്മേളനത്തിൽ പങ്കെടുത്തു.

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതസമിതിയുടെ 2025 ജൂൺ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂൺമാസം 1-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക്

ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. മിഷൻ ലീഗ് രൂപതാ പ്രസിഡൻറ് ശ്രീ ബെന്നി മുത്തനാട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ.ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻ രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മിഷൻ ലീഗിന്റെ ജൂൺ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജൂലൈ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂൺ 3 ചൊവ്വാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ജോർജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. 2025-26 പ്രവർത്തനവർഷം സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ജൂൺ 18 നു നടത്തേണ്ട ആനിമേറ്റേഴ്സ് മീറ്റിനെക്കുറിച്ചും ചർച്ചചെയ്തു. എക്സിക്യൂട്ടീവംഗങ്ങളുടെ വിവിധങ്ങളായ അഭിപ്രായങ്ങൾ ഉൾക്കൊളളിച്ചുകൊണ്ട് ഈ പ്രവർത്തനവർഷം മികവുറ്റതാക്കാൻ തീരുമാനിച്ചു. എല്ലാ എക്സിക്യൂട്ടീവംഗങ്ങളും മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു. രാവിലെ 10. 30 ന് ആരംഭിച്ച മീറ്റിങ്ങ് ഉച്ചയ്ക്ക് 12.30 ന് അവസാനിച്ചു.

**സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റ്**

ജൂൺ 7 ശനിയാഴ്ച എറണാകുളം പി.ഒ.സി.യിൽ വച്ചു നടന്ന സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ പാലാ രൂപതയിൽനിന്നു 4 ടീച്ചേഴ്സ് പങ്കെടുത്തു.

**ആനിമേറ്റേഴ്സ് മീറ്റ്**

ജൂൺ 18 ബുധനാഴ്ച അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഈ വർഷത്തെ കെ.സി.എസ്.എൽ ആനിമേറ്റേഴ്സ് മീറ്റ് നടന്നു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു സംസാരിച്ചു. ഫാ. ജോസഫ് അരിമറ്റത്തിൽ ആനിമേറ്റേഴ്സിന് ക്ലാസ്സ് എടുത്തു. എച്ച്.എസ്.എസ്, എച്ച്.എസ്, യു.പി വിഭാഗങ്ങളിൽനിന്നായി 110 ടീച്ചേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. രാവിലെ 10 മണിക്ക് ആരംഭിച്ച മീറ്റിങ് ഉച്ചയ്ക്ക് ഒരുമണിയോടുകൂടി സമാപിച്ചു.

**സുവിശേഷം പകർത്തിയെഴുതിയ കുട്ടികളെ ആദരിച്ചു**

ജൂൺ 18 ബുധനാഴ്ച അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് സുവിശേഷം പകർത്തിയെഴുതിയ കുട്ടികളെ ആദരിച്ചു. 101 കുട്ടികൾ പകർത്തിയെഴുതിയ ബൈബിളുമായി മീറ്റിങ്ങിന് എത്തിച്ചേർന്നു. പാലാ രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് കുട്ടികളെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

ജൂൺ 26 വ്യാഴാഴ്ച ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ വച്ച് 2025–26 വർഷത്തെ കെ.സി.എസ്.എൽ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ അധ്യക്ഷനായിരുന്നു. അന്നേദിവസം ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ മാർഗരേഖ പ്രകാശനകർമ്മവും നടന്നു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**മെഗാ വിദ്യാഭ്യാസ പ്രദർശനമേള നടത്തപ്പെട്ടു**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ, പാലാ, ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിൽ വച്ച് 'എഡ്യുഫെയർ' എന്ന പേരിൽ മെഗാ വിദ്യാഭ്യാസ പ്രദർശനമേള സംഘടിപ്പിച്ചു. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള വിവിധ യൂണിവേഴ്സിറ്റികളും കോളജുകളും, വിവിധ കോഴ്സുകളും തൊഴിൽസാധ്യതകളും പരിചയപ്പെടുത്തി. തുടർവിദ്യാഭ്യാസത്തിനായി തയ്യാറെടുക്കുന്ന നിരവധി കുട്ടികൾ മെഗാ വിദ്യാഭ്യാസപ്രദർശനമേളയിൽ പങ്കെടുക്കുകയും കോഴ്സുകൾ പരിചയപ്പെടുകയും വിവിധ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് മേളയിൽ ഉൾപ്പെടുത്തിയിരുന്നു.

**കുടക്കച്ചിറ അന്തോനി കത്തനാർ മെമ്മോറിയൽ സ്പോർട്സ് മീറ്റ്**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം.- കെ.സി.വൈ.എം. പാലാ രൂപതയുടെയും, ഭരണങ്ങാനം ഫൊറോനയുടെയും, പ്ലാശനാൽ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ പ്ലാശനാൽ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽവച്ച് കുടക്കച്ചിറ അന്തോനി കത്തനാർ മെമ്മോറിയൽ സ്പോർട്സ് മീറ്റ് നടത്തപ്പെട്ടു. ഭരണങ്ങാനം ഫൊറോന ഡയറക്ടർ ഫാ. ജോസഫ് താന്നിക്കാപ്പാറയുടെ സാന്നിധ്യത്തിൽ, രൂപത ആനിമേറ്റർ സി. നിർമ്മൽ തെരേസ് സ്പോട്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. പതിനേഴ് ഫൊറോന ടീമുകൾ പങ്കെടുത്ത മീറ്റിൽ എസ്.എം.വൈ.എം. ഇലഞ്ഞി ഫൊറോന ടീം ചാമ്പ്യന്മാരായി. ഭരണങ്ങാനം ഫൊറോന രണ്ടാം സ്ഥാനവും, കുറവിലങ്ങാട് ഫൊറോന മൂന്നാംസ്ഥാനവും കരസ്ഥമാക്കി. പ്ലാശനാൽ യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് വെട്ടുകല്ലുംപുറത്ത് ട്രോഫികൾ വിതരണം ചെയ്തു. എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, സെബാസ്റ്റ്യൻ അബ്രാഹം, ആൽഫ്രഡ് സന്തോഷ് തുടങ്ങിയവർ നേതൃത്വം നൽകി.

**വൈ.എ.റ്റി.പി. (YATP)**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമായ വൈ.എ.റ്റി.പി. യുടെ രണ്ടാം ക്ലാസ്സ് (31/05/2025) പൂവരണി യൂണിറ്റിൽ വച്ചും, മൂന്നാം ക്ലാസ്സ് (14/06/2025) കുറവിലങ്ങാട് ഫൊറോന & യൂണിറ്റിൽ വച്ചും നടത്തപ്പെട്ടു.

**ടാസ്ക് ഫോഴ്സ് രൂപീകരിച്ചു**

ദുരന്തമുഖങ്ങളിൽ കരുതലാവാൻ ടാസ്ക് ഫോഴ്സ്; സംസ്ഥാനത്ത് കാലവർഷം സജീവമാകുന്ന സാഹചര്യത്തിൽ, ദുരിതത്തിൽ ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിനായി രൂപത സമിതിയുടെ ആഹ്വാനപ്രകാരം ഫൊറോനതലത്തിൽ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

എസ്.എം.വൈ.എം പാലാ രൂപതയുടെയും മാർ സ്ലീവാ മെഡിസിറ്റിയുടെയും സഹകരണത്തോടെ എസ്.എം.വൈ.എം പൂവക്കുളം, പാലാ ഫൊറോന & നെല്ലിയാനി, പൂവരണി, കടനാട് എന്നിവിടങ്ങളിൽ വച്ചു സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

**ആദരാഞ്ജലികൾ**

പാലാ രൂപത വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്തിന്റെ വന്ദ്യപിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു.

അഹമ്മദാബാദ് വിമാനദുരന്തത്തിൽ പൊലിഞ്ഞ ജീവനുകൾക്ക് ആദരാഞ്ജലികളർപ്പിച്ചു.

**എക്കോളൊജിയ – ഫോട്ടോഗ്രഫി മത്സരം**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെയും, എസ്എംവൈഎം രത്നഗിരി യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രഫി മത്സരം നടത്തപ്പെട്ടു.

**പാലാ രൂപത എപ്പാർക്കിയൽ യൂത്ത് അസംബ്ലി ലോഗോ പ്രകാശനം ചെയ്തു**

പാലാ രൂപത എപ്പാർക്കിയൽ യൂത്ത് അസംബ്ലി ലോഗോ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് പ്രകാശനം ചെയ്തു. എസ്എംവൈഎം രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപതയിലെ ഫൊറോന ഡയറക്ടർമാർ എന്നിവരുടെ സാന്നിധ്യത്തിലാണ് ലോഗോ പ്രകാശനം ചെയ്തത്. രൂപതയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾ സഭ, സാമൂഹിക, രാഷ്ട്രീയ, വിദ്യാഭ്യാസ മേഖലകളിൽ ഗൗരവകരമായ ചർച്ചകൾ നടത്തുന്ന എപ്പാർക്കിയൽ യൂത്ത് അസംബ്ലി സെപ്റ്റംബർ ആദ്യവാരമാണ് നടക്കുക.

**മാപ്പിളസംവരണത്തിൽ നസ്രാണി മാപ്പിളമാരെ ഒഴിവാക്കുന്നത് അനീതി : എസ്എംവൈഎം**

കേന്ദ്രസർക്കാരിന്റെ, സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട മാപ്പിളസംവരണത്തിൽ 'നസ്രാണി മാപ്പിള'മാരെ ഒഴിവാക്കുന്നത് അനീതി

യാണെന്ന് പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം - കെ.സി.വൈ.എം. 1993 ൽ പുറത്തിറങ്ങിയ ലിസ്റ്റ് പ്രകാരം അർഹത ഉണ്ടായിട്ടും ക്രൈസ്തവർ ഒഴിവാക്കപ്പെടുകയാണ്. ഇത്തരം അനീതികൾ മനസ്സിലാക്കുവാനും, അവയ്ക്കെതിരെ ജാഗ്രത പാലിക്കുവാനും യുവജനങ്ങൾ ശ്രദ്ധിക്കണം. എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. ജാഗ്രതാസമിതി അംഗം ശ്രീ അമൽ സിറിയക് ജോസ് സംവരണ, ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചു ക്ലാസുകൾ നയിച്ചു.

**ചരിത്രസ്മാരകങ്ങളുടെ പ്രസക്തി അടുത്തറിഞ്ഞ് എസ്.എം.വൈ.എം. പ്രൊജക്ട് 'വേര്' നടത്തപ്പെട്ടു**

ചരിത്രസ്മാരകങ്ങളുടെ പ്രസക്തി അടുത്തറിഞ്ഞ് പാലാ രൂപത യുവജന പ്രസ്ഥാനം എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ ഈ വർഷത്തെ പ്രൊജക്ട് 'പാലാ രൂപതയിലെ ചരിത്രപുരുഷന്മാരെ അറിയുക' എന്നതിന്റെ ഭാഗമായി ചരിത്രസ്മാരകങ്ങളുടെ സന്ദർശനം 'വേര്' എന്ന പേരിൽ നടത്തപ്പെട്ടു. സഭാ പാരമ്പര്യങ്ങളുടെ ഉറവിടങ്ങൾതേടി കുറവിലങ്ങാട്ടുവച്ചാണ് പ്രവർത്തനം നടത്തപ്പെട്ടത്. മാർത്തോമാ നസ്രാണിസഭയിലെ ജ്വലിക്കുന്ന വ്യക്തിത്വങ്ങളായ നിധീരിക്കൽ മാണിക്കത്തനാർ, പനങ്കുഴയ്ക്കൽ വല്യച്ചൻ, പറമ്പിൽ പള്ളിവീട്ടിൽ ചാണ്ടി മെത്രാൻ എന്നിവരുടെയും, അർക്കദിയാക്കോന്മാരുടെയും കബറിടങ്ങൾ സന്ദർശിച്ചു. കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടനപ്പള്ളി, പകലോമറ്റം തറവാട് പള്ളി എന്നിവിടങ്ങളിലായി നടന്ന ചരിത്രയാത്ര ഡോ. ഫെബിൻ ജോർജ് മൂക്കൻതടത്തിൽ നയിച്ചു.

**രൂപത അർദ്ധവാർഷിക സെനറ്റ്**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ 2025 വർഷത്തെ അർദ്ധവാർഷികസെനറ്റ് കടപ്ലാമാറ്റം യൂണിറ്റിൽവച്ചു നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി., ബിൽന സിബി, ജോസഫ് തോമസ് എന്നിവർ നേതൃത്വം നൽകി.

**പുരസ്കാരങ്ങൾ നൽകി**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയിലെ ഫൊറോനകളുടെ ആറുമാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് വിവിധ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ, ബ്രോൺസ് സ്റ്റാർ പുരസ്കാരങ്ങളാണ് നൽകിയത്.

കുറവിലങ്ങാട്, ഇലഞ്ഞി, കൂട്ടിക്കൽ എന്നീ ഫൊറോനകൾ ഗോൾഡൻ സ്റ്റാറിനും, അരുവിത്തുറ, ഭരണങ്ങാനം, കടുത്തുരുത്തി, മൂലമറ്റം, കടനാട്, പാലാ,

രാമപുരം എന്നീ ഫൊറോനകൾ സിൽവർ സ്റ്റാറിനും, കോതനല്ലൂർ, തീക്കോയി, തുടങ്ങനാട് ഫൊറോനകൾ ബ്രോൻസ് സ്റ്റാറിനും അർഹരായി.

**ഫൊറോന ഇലക്ഷൻ നടത്തപ്പെട്ടു**

പുതുതായി നിലവിൽ വന്ന ഫൊറോനകളിൽ ഫൊറോന ഇലക്ഷൻ നടത്തപ്പെട്ടു. ചുമതലയേറ്റ പ്രഥമ ഫൊറോനസമിതികൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**തെങ്കാശി മിഷൻ യാത്ര**

തങ്ങൾ അറിഞ്ഞ ഈശോയെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും ആ സ്നേഹത്തിൽ ആഴപ്പെടാനുമായി പാലാ സോണിലെ ഒൻപതുപേർ ഒന്നുചേർന്ന് തെങ്കാശി ജില്ലയിലെ വടകര അൻമ്പു ഇല്ലത്തിലെ (സ്നേഹത്തിന്റെ ഭവനം) നൂറോളം വരുന്ന മാനസികരോഗികളായ 'മക്കളെ' ശുശ്രൂഷിക്കാനും അവരുടെ കൂടെ സമയം ചെലവഴിക്കാനുമായി മിഷൻയാത്ര നടത്തി.

അവിടെ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന ഫാ. രാജേഷ് എം.സി. ബി.എസ്, അസി. ഡയറക്ടർ ഫാ. റെലിൻ എം.സി.ബി.എസ് തുടങ്ങിയവർ എല്ലാവിധ സഹായങ്ങളും ചെയ്തു തന്നു.

**പ്രാർത്ഥനാക്കൂട്ടായ്മകൾ**

വിളക്കുമാടം, കൊഴുവനാൽ, രാമപുരം, കണ്ണാടിയുറുമ്പ്, പൂഞ്ഞാർ എന്നിവിടങ്ങളിലെ സ്കൂളുകളിൽ പുതിയ പ്രാർത്ഥനക്കൂട്ടായ്മകൾ ആരംഭിച്ചു. ജോസ് മാത്യു, സുനു സാജ്, ബിബിൻ ബ്രിട്ടോ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**പെന്തക്കുസ്തദിനം**

ഒൻപതുദിവസത്തെ പരിശുദ്ധാത്മാവിന്റെ നോവേന ചൊല്ലി ഒരുങ്ങിയ ജീസസ് യൂത്ത് അംഗങ്ങൾ എല്ലാവരും പ്രായഭേദമെന്യേ ജൂൺ 8, പെന്തക്കുസ്തദിനം അരുണാപുരം ദേവാലയത്തിൽ ഒത്തുചേരുകയും ജീസസ്സ് യൂത്ത് മുന്നേറ്റത്തിനോട് ഐക്യപ്പെട്ട് ജീവിക്കാനുള്ള സന്നദ്ധത ഏറ്റുപറഞ്ഞ് പ്രതിജ്ഞ എടുക്കുകയും സഭയോടു ചേർന്ന് ജ്ഞാനസ്നാനവ്രതവാഗ്ദാനം നവീകരിക്കുകയും ചെയ്തു. ഡയറക്ടർ ഫാ. മാത്യു എണ്ണക്കാപ്പള്ളിൽ, ഫാ. കുര്യൻ മറ്റം, ഫാ. ജോസഫ് മൂക്കന്തോട്ടത്തിൽ എന്നിവർ നേതൃത്വം നൽകിയ കൂട്ടായ്മയിൽ 180 ഓളം ആളുകൾ പങ്കെടുത്തു.

**നൈറ്റ് വീജിൽ**

ജൂൺ 20, വെള്ളിയാഴ്ച ളാലം പുത്തൻപള്ളി, കടുത്തുരുത്തി SVD, SH Hostel അരുണാപുരം, Google Meet എന്നിവിടങ്ങളിലായി ജീസസ് യൂത്ത് അംഗങ്ങൾ ഒത്തുചേർന്ന് ലോകസമാധാനത്തിനായി പ്രാർത്ഥിക്കുകയും മാതാവിന്റെ വിമല

ഹൃദയം വഴി ഈശോയുടെ തിരുഹൃദയത്തിലേക്ക് സമർപ്പണം നടത്തുകയും ചെയ്തു.

**സോണൽ മിനിസ്ട്രി ഓറിയന്റേഷൻ**

2025-27 വർഷത്തേക്കുള്ള വിവിധ മിനിസ്ട്രികൾ രൂപീകരിക്കുകയും അവർക്കുള്ള ട്രെയിനിംഗ് ജൂൺ 6,7,8 തീയതികളിലായി കണ്ണാടിയുറുമ്പ് മേരിമാതാ സ്കൂളിൽ വച്ചു നടത്തുകയും ചെയ്തു. ട്രെയിനിംഗിന്റെ അവസാനദിവസം ജീസസ് യൂത്ത് ഡയറക്ടർ മാത്യു എണ്ണക്കാപ്പള്ളിൽ അച്ചന്റെ കൈവെയ്പുവഴി പുതിയ മിനിസ്ട്രികൾ നിലവിൽ വന്നു.

**ബുധനാഴ്ച കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടന്നുവരുന്നു.

**AVIV**

പാലാ സോണിലെ ടീൻസ് കുട്ടികൾക്കായി ജൂൺ 21 ന് പാലാ അൽഫോൻസാ കോളേജിൽ വച്ചു നടത്തപ്പെട്ട ഗാതറിങ്ങിൽ 55 ഓളം കുട്ടികൾ പങ്കെടുത്തു.

**ആരാധന**

എല്ലാ മാസവും ആദ്യ തിങ്കളാഴ്ചയും മൂന്നാം തിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽ വച്ച് അരുവിത്തുറ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തിവരുന്നു. അതോടൊപ്പം പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ചു പ്രാർത്ഥിക്കാൻ എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 4 മുതൽ 5 മണിവരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തപ്പെട്ടു.

**ഫാമിലി ഗാതറിങ്**

ജീസസ് യൂത്ത് ഫാമിലി മിനിസ്ട്രിയുടെ നേതൃത്വത്തിൽ മെയ് 25 ഞായറാഴ്ച, അരുണാപുരം പള്ളിയിൽ വെച്ച് 'റിവൈവ്' ഫാമിലി ഗാതെറിങ് നടത്തപ്പെടുകയും അറുപതോളം ആളുകൾ പങ്കെടുക്കുകയും ചെയ്തു.

**ZMTT**

കേരളത്തിലെ വിവിധ മിനിസ്ട്രി, സോണൽ കൗൺസിലുകൾക്കുവേണ്ടി മുവാറ്റുപുഴ NEST ൽ വച്ച് ജൂൺ 13,14,15 തീയതികളിലായി നടത്തപ്പെട്ട ട്രെയിനിംഗിൽ പാലാ സോണൽ കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു.

**എമ്മാവൂസ് കോഴ്സ്**

മെയ് 31, ജൂൺ 1 തീയതികളിൽ കാഞ്ഞിരപ്പള്ളി - പാലാ സോണുകളുടെ നേതൃത്വത്തിൽ പൊടിമറ്റം നിർമലയിൽവച്ച് ജീസസ് യൂത്ത് ഫോർമേഷൻ എമ്മാവൂസ് കോഴ്സിന്റെ ഒന്നാം മൊഡ്യൂൾ നടത്തപ്പെട്ടു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. 01/06/2025 ഞായറാഴ്ച കീഴൂർ മൗണ്ട് കാർമൽ ദേവാലയത്തിൽ പാലാ രൂപത കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ.ഫാ.ജോസഫ് അരിമറ്റത്ത് ദിവ്യബലിയർപ്പിച്ച് കുടുംബക്കൂട്ടായ്മയെക്കുറിച്ചുള്ള സന്ദേശം നൽകി.

**2.** 01/06/2025 ഞായറാഴ്ച 6 pm ന് ഇടവകയിലെ എല്ലാ വാർഡുകളിലും വികാരി ഫാ. ജോസഫ് വയലിലിന്റെ നേതൃത്വത്തിൽ രൂപത റിസോഴ്സ് ടീം അംഗങ്ങൾ കുടുംബക്കൂട്ടായ്മ, ജാഗ്രതാവിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ എടുത്തു.

3. 03/06/2025 ബുധനാഴ്ച രാവിലെ 10 ന് കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് ചേർന്നു. വചനരചനാമത്സരത്തെക്കുറിച്ചും ഫൊറോനാ കൗൺസിൽ മീറ്റിങ്ങുകളെകുറിച്ചും ചർച്ച ചെയ്തു.

**4.** 03/06/2025 ബുധനാഴ്ച 11 am ന് കുടുംബക്കൂട്ടായ്മ രൂപത കൗൺസിൽ യോഗം ചേർന്നു. വചന രചനാമത്സരത്തെക്കുറിച്ചും പുതിയ റിപ്പോർട്ടു ബുക്കുകൾ പ്രിന്റുചെയ്ത് ആവശ്യമുള്ള ഇടവകകൾക്ക് നൽകുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

**5.** 29/6/2025 ഞായാറാഴ്ച 2 pm ന് കുറവിലങ്ങാട് ഇടവകയിലെ കുടുംബക്കൂട്ടായ്മ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും സമ്മേളനത്തിൽ ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി അധ്യക്ഷത വഹിച്ചു. കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത്, പ്രസിഡന്റ് ബോബിച്ചൻ നിധീരി എന്നിവർ സംസാരിച്ചു. പാലാ രൂപത കുടുബക്കൂട്ടായ്മ ജോയിന്റ് സെക്രട്ടറി സണ്ണി വടക്കേടത്ത് സെമിനാർ നയിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്**
**ഫാ. തോമസ് പുതുപ്പറമ്പിൽ**
(ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജൂൺ 12-14, 27-29** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 210 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂലൈ 10-12, 22-24, ഓഗസ്റ്റ് 01-03, 28-30** എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂൺമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ പ്രൊഫ. റ്റി.സി തങ്കച്ചൻ, റവ. ഫാ. ജോസഫ് കടുപ്പിൽ തുടങ്ങിയവർ ക്ലാസ്സെടുത്തു. 410 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. ലിഫ്ഗോഷ് @75**

1950 ൽ സ്ഥാപിതമായ പാലാ രൂപത പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വർഷം രൂപതയിലെ 75 വയസ്സുള്ള ആളുകളെ ആദരിച്ചു. ജൂബിലി വർഷത്തിന്റെ അവസാനമാസത്തിൽ നിൽക്കുമ്പോഴാണ് 75 വയസ്സുള്ളവരുടെ ഈ കൂട്ടായ്മ ക്രമീകരിച്ചത്. ജൂൺ 22-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഉാലം പഴയപള്ളി ഓഡിറ്റോറിയത്തിൽവച്ച് ചടങ്ങുകൾ നടന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പാലാ രൂപത വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. 1300 ൽ പരം ആളുകൾ പങ്കെടുത്ത ചടങ്ങിൽ 480 ഓളം 75 വയസ്സുള്ളവരെ ആദരിച്ചു. രൂപത ജന്മംകൊണ്ട വർഷം ജനിക്കുകയും രൂപത പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ 75-ാം പിറന്നാൾ ആഘോഷിക്കുവാൻ അസുലഭഭാഗ്യം ലഭിക്കുകയും ചെയ്തവരുടെ കൂട്ടായ്മ എന്ന പ്രത്യേകതയും ഈ സംഗമത്തിനുണ്ട്. ഇത്രയും മുതിർന്നവരെ ഒന്നിച്ച് ആദരിക്കുന്ന ചടങ്ങ് രൂപതയുടെ ചരിത്രത്തിൽ അപൂർവ്വമാണ്. പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ മുഖ്യശുശ്രൂഷാമേഖലകളായ പിതൃവേദി, മാതൃവേദി, പ്രോലൈഫ് തുടങ്ങിയ സംഘടനൾ ചടങ്ങുകൾക്കു നേതൃത്വം നൽകിയത്. സംഘടനകളുടെ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ എല്ലാവരെയും സ്വാഗതം ചെയ്തു. ഉാലം പള്ളി വികാരി റവ. ഫാ. ജോസഫ് തടത്തിൽ, വിവിധ സംഘടനാപ്രസിഡന്റുമാരായ ശ്രീ. ജോസ് തോമസ് മുത്തനാട്ട്, ഷേർളി ചെറിയാൻ മഠത്തിൽപറമ്പിൽ എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. മാത്യു. എം. കുര്യാക്കോസ് എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. സംഘടനാ പ്രതിനിധികളായ ടോമി തുരുത്തിക്കര, മാത്യു പൈലോ, ബിൻസ് ജോസ് തൊടുകയിൽ, ജോസുകുട്ടി ജോസഫ് അറയ്ക്കപ്പറമ്പിൽ, ഡോ. ഫെലിക്സ് വെട്ടുകാട്ടിൽ, സബീന സക്കറിയാസ് മഠത്തിപ്പറമ്പിൽ, മേഴ്സി മാണി ചെറുകര, ലൗലി ബിനു വള്ളോംപുരയിടത്തിൽ, ഡയാന രാജു ഓലിക്കൽ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

## B. പിതൃവേദി

**1. യൂണിറ്റ് ഉദ്ഘാടനം**

ജൂൺ 1-ാം തീയതി കൂടല്ലൂർ ഇടവകയിൽ പുതുതായി ആരംഭിച്ച പിതൃവേദി യൂണിറ്റ് ഉദ്ഘാടനം ചെയ്തു. 9.30 ന് പരിശുദ്ധ കുർബാന മധ്യേ പിതൃവേദിയുടെ ആവശ്യകതയെക്കുറിച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു. ജൂൺ 17-ാംതീയതി കൊഴുവനാൽ ഇടവകയിൽ പുതുതായി ആരംഭിച്ച പിതൃവേദി യൂണിറ്റ് ഉദ്ഘാടനം ചെയ്തു. കൊഴുവനാൽ ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂൺ 6-ാം തീയതി ജൂൺ 22 ന് നടക്കുന്ന ലിഫ്ഗോഷ് @75 ന്റെ ഒരുക്കങ്ങൾ വിലയിരുത്താനായി പിതൃവേദി എക്സിക്യൂട്ടീവ് 2.30 ന് കൂടി.

**3. കമ്മിറ്റി മീറ്റിങ്**

ജൂൺ 15-ാം തീയതി ലിഫ്ഗോഷ് @75 ന്റെ ഭാഗമായുള്ള പ്രോഗ്രാം കമ്മിറ്റി ഉച്ചകഴിഞ്ഞ് 2 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കൂടി.

## C. മാതൃവേദി

**1. ആദരിക്കൽ**

ജൂൺ 3-ാം തീയതി വൈകുന്നേരം കുടുംബസംഗമം ലിഫ്ഗോഷ് @75 ന്റെ ഒരുക്കങ്ങളുടെ ഭാഗമായി കമ്മിറ്റിയുടെ ആദ്യ മീറ്റിങ് നടന്നു. മാതൃവേദിയുടെ നേതൃത്വത്തിൽ 8 അംഗ കമ്മിറ്റി രൂപീകരിച്ചു. പരിപാടിക്ക് എത്തിച്ചേരുന്ന മുഴുവൻ ആളുകളെയും നേരിട്ട് ക്ഷണിക്കുവാൻ തീരുമാനിച്ചു.

**2. പുതിയ യൂണിറ്റ്**

ജൂൺ 8-ാം തീയതി 10.45 ന് മലയിഞ്ചിപ്പാറ ഇടവകയിൽ പുതുതായി രൂപീകരിച്ച യൂണിറ്റിന്റെ ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. മലയിഞ്ചിപ്പാറ ഇടവകവികാരി റവ. ഫാ. തോമസ് ഓലിക്കൽപുത്തൻപുര അധ്യക്ഷത വഹിച്ചു. അടുത്ത 2 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തദവസരത്തിൽ തിരഞ്ഞെടുത്തു.

**3. രൂപതസമിതി**

ജൂൺ 13-ാം തീയതി രാവിലെ 10 മണിക്ക് മാതൃവേദി രൂപതസമിതി കൂടി. പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാൻ അധ്യക്ഷത വഹിച്ച യോഗത്തിൽ വരാൻ പോകുന്ന ലിഫ്ഗോഷ് @75നെക്കുറിച്ച് ഡയറക്ടർമാർ നിർദേശം നൽകി. എല്ലാ സമിതിയംഗങ്ങളെയും ചേർത്ത് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

**4. സംയുക്തകമ്മിറ്റി**

ജൂൺ 12 ന് നടക്കുന്ന ലിഫ്ഗോഷ് @75 ന്റെ വിവിധ കമ്മിറ്റികൾ തിരഞ്ഞെടുക്കുവാൻ സംയുക്ത കമ്മിറ്റി കൂടി. 7 പ്രധാനപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ച് 112 പേർ അടങ്ങുന്ന സ്വാഗതസംഘത്തിനു തുടക്കമായി. ഫാ. ജോസഫ് നരിതൂക്കിൽ കോർഡിനേറ്ററും, റവ. ഫാ. മാത്യു മുതുപ്ലാക്കൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററുമായി വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു.

**5. ഒരുക്കങ്ങൾ**

ജൂൺ 21: ജൂൺ 22 ന് ഞായറാഴ്ച നടക്കുന്ന ലിഫ്ഗോഷ് @75 ന്റെ ഒരുക്കങ്ങൾക്കായി വിവിധ കമ്മിറ്റികളിൽ പ്രവർത്തിക്കുന്നവർ ളാലം പഴയപള്ളിയിൽ ഒത്തുകൂടി ഒരുക്കങ്ങൾ വിലയിരുത്തി.

## D. പ്രോലൈഫ്

**1. യോഗം**

ജൂൺ 15-ാം തീയതി കുടുംബസംഗമം ലിഫ്ഗോഷ് @75 ന്റെ ഒരുക്കങ്ങളുടെ ഭാഗമായി കമ്മിറ്റിയംഗങ്ങളുടെ യോഗം പ്രോലൈഫ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ അധ്യക്ഷതയിൽ കൂടി.

**E. ഹോംമിഷൻ**

പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി ക്രമീകരിച്ച ഹോംമിഷന്റെ തുടക്കംമുതൽ സഹായിച്ചുവന്ന ഹോളിഫാമിലി ഇരിഞ്ഞാലക്കുട പ്രോവിൻസിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ ജൂൺ 10-ാം തീയതി ഡയറക്ടർ റവ.ഫാ.ജോസഫ് നരിതൂക്കിൽ സന്ദർശിച്ച് നന്ദി പ്രകാശിപ്പിച്ചു. നന്ദിസൂചകമായി അഭിവന്ദ്യ പിതാവിന്റെ സ്നേഹോപഹാരം നൽകി.

**F. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർസഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിങ്**

ജൂൺ 24-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു**. ഉത്തമകുടുംബ ജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റിക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എമ്പോസിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. **വിശദ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 7306293048.**

**H. മംഗല്യനിധി**

പാലാ രൂപതാഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി രത്നഗിരി, രാമപുരം, പെരിങ്ങളം ഇടവകയിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

# കത്തോലിക്കാ കോൺഗ്രസ്

**നിഖ്യാ സൂനഹദോസ് സിമ്പോസിയം**

എ.ഡി. 325 ൽ നടന്ന നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രവും കത്തോലിക്കാകോൺഗ്രസും സംയുക്തമായി നടത്തി. രൂപതയിലെ വിശ്വാസപരിശീലകരും കത്തോലിക്കാകോൺഗ്രസ് പ്രവർത്തകരും പങ്കെടുത്തു. സിമ്പോസിയം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോൺ കണ്ണന്താനം, ഡോ. പ്രിൻസ്മോൻ മണിയങ്ങാട്ട്, റവ. സിസ്റ്റർ ഡോ. സ്റ്റെല്ല എസ്.എച്ച്. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ മോഡറേറ്ററായിരുന്നു. വിശ്വാസപരിശീലനത്തിന്റെയും കത്തോലിക്കാകോൺഗ്രസിന്റെയും ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, കത്തീഡ്രൽ വികാരി റവ. ഫാ. ജോസ് കാക്കല്ലിൽ, ജോസ് വട്ടുകുളം, ആൻസമ്മ സാബു, ജോയി കണിപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**നിധീരിക്കൽ മാണിക്കത്തനാർ**

**അനുസ്മരണം**

കത്തോലിക്കാകോൺഗ്രസിന്റെയും നസ്രാണിദീപികയുടെയും സ്ഥാപകനും നസ്രാണികളുടെ ഐക്യത്തിനും പാശ്ചാത്യമേധാവിത്വത്തിൽനിന്നുള്ള മോചനത്തിനുമായി അക്ഷീണം യത്നിച്ച പുണ്യചരിതനുമായ നിധീരിക്കൽ മാണിക്കത്തനാരുടെ 121-ാം ചരമവാർഷിക അനുസ്മരണം നടത്തി. ഷലോംപാസ്റ്ററൽ സെന്ററിൽ നടത്തിയ സമ്മേളനം വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, സി.എം. ജോർജ് തുടങ്ങിയവർ സംസാരിച്ചു.

**രൂപതാ കമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് രൂപതാ കമ്മിറ്റി ജൂൺ 20-ാം തീയതി ചേർന്നു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, സി.എം. ജോർജ് തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു.

**തീരുമാനങ്ങൾ**

1. പുതിയ ഫൊറോനകളിൽ സംഘടനയുടെ ഫൊറോനകമ്മിറ്റികൾ ഡിസംബർമാസത്തോടെ തിരഞ്ഞെടുപ്പു നടത്തുക.

2. 11-ാമത് അടുക്കളത്തോട്ടം മത്സരം സെപ്റ്റംബർ 1 മുതൽ ആരംഭിക്കുക. വിത്തുവിതരണം ഓഗസ്റ്റിൽ നടത്തുക.

3. സീറോമലബാർ സഭാദിനാഘോഷം ജൂലൈ 3 ന് ചേർപ്പുങ്കൽ യൂണിറ്റിന്റെ സഹകരണത്തോടെ ചേർപ്പുങ്കൽ സെന്റ് തോമസ് സ്മാരകത്തിൽ നടത്തുക.

4. പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്കാകോൺഗ്രസ് ഭവനങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങാത്ത ഫൊറോനകൾ വേഗത്തിൽ അതിനുള്ള ക്രമീകരണങ്ങൾ നടത്തുക.

5. യൂണിറ്റ് ഫൊറോനസമിതികൾ കൃത്യമായി മീറ്റിങ്ങുകൾ നടത്തുക.

**ഫൊറോനമീറ്റിങ്ങുകൾ**

ചേർപ്പുങ്കൽ: ഫൊറോന പ്രസിഡന്റ് ജോർജ് മണിയങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേർപ്പുങ്കൽ പാരിഷ് ഹാളിൽ കൂടിയ ഫൊറോന യോഗം ഫൊറോന വികാരി റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. തോമസ് പരിയാരത്ത്, രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ട്രഷറർ ജോയി കണിപറമ്പിൽ, ഫൊറോന സെക്രട്ടറി ജോസഫ് പോൾ തുടങ്ങിയവർ സംസാരിച്ചു.

**മുട്ടുചിറ**

വാലാച്ചിറ പള്ളി ഹാളിൽ കൂടിയ ഫൊറോന കമ്മിറ്റി വാലാച്ചിറ യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് മേയിക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് എമ്മാനുവൽ നിധീരി, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ഫൊറോന സെക്രട്ടറി സാബു ഡി കല്ലിരിക്കുംകാല തുടങ്ങിയവർ സംസാരിച്ചു. ഭവനനിർമാണക്കമ്മിറ്റി കൺവീനറായി രാജ് അരുകുഴിപ്പിലിനെ തിരഞ്ഞെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**കുടയത്തൂർ**

തുടർച്ചയായ 9-ാം വർഷവും കത്തോലിക്കാകോൺഗ്രസിന്റെ നേതൃത്വത്തിൽ ഹോമിയോ പ്രതിരോധമരുന്നു വിതരണം ഇടവകയിൽ നടത്തി. ഫ്രാൻസിസ് കരിമ്പാനിയുടെ നേതൃത്വത്തിൽ യൂണിറ്റംഗങ്ങൾ പങ്കെടുത്തു.

**കൈപ്പള്ളി**

കൈപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ 2025 ലെ പരീക്ഷയിൽ മികച്ച വിജയം നേടിയ എസ്.എസ്.എൽ.സി, +2 വിദ്യാർഥികളെ ആദരിച്ചു.

**ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ യൂണിറ്റിന്റെ പ്രതിമാസയോഗത്തിൽ നിധീരിക്കൽ മാണിക്കത്തനാരുടെ 121-ാം ചരമവാർഷികം ആചരിച്ചു. യൂണിറ്റ് പ്രസിഡന്റ് മാർട്ടിൻ കോലടി അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി വെരി.റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് പരിയാരത്ത് മുഖ്യപ്രഭാഷണം നടത്തി.

**കുറവിലങ്ങാട് യൂണിറ്റ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരകമായി പണിതീർക്കുന്ന കുറവിലങ്ങാട്ടെ ഭവനനിർമാണത്തിന് ഇരുപതോളം അംഗങ്ങൾ ശ്രമദാനം നടത്തി. വാർക്ക ദിവസം ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി മധുരപലഹാരങ്ങൾ വിതരണം ചെയ്തു. പ്രസിഡന്റ് ബ്രൈയ്സ് ലൂക്കോസ്, ബിജു താന്നിക്കത്തറപ്പിൽ എന്നിവർ നേതൃത്വം നൽകി. വാക്കാട്, മരങ്ങാട്ടുപിള്ളി, മോനിപ്പള്ളി, രത്നഗിരി

എന്നീ യൂണിറ്റുകൾ സമാഹരിച്ച തുക ഫൊറോന പ്രസിഡന്റ് ഡോ. നിധീഷ് നിധീരിക്കു കൈമാറി.

**കുറവിലങ്ങാട് വനിതായൂണിറ്റ്**

കുറവിലങ്ങാട് ബോയ്സ്, ഗേൾസ് എൽ.പി.സ്കൂളുകളിൽ വനിതായൂണിറ്റിന്റെ നേതൃത്വത്തിൽ കുടകളും ബാഗുകളും വിതരണം നടത്തി. പ്ലാറ്റിനംജൂബിലി സ്മാരക കത്തോലിക്കാകോൺഗ്രസ് ഭവനനിർമാണത്തിനായി സമാഹരിച്ച തുക ഫൊറോന ഭാരവാഹികൾക്കു കൈമാറി. അംഗങ്ങൾക്കായി പരസ്പരസഹായനിധി രൂപീകരിച്ചു. പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് അഡ്വ. സിന്ധു ജരാർദ് നിധീരി, സിൻസി ബിജു താന്നിക്കത്തറപ്പിൽ എന്നിവർ നേതൃത്വം നൽകുന്നു.

**മരങ്ങാട്ടുപിള്ളി യൂണിറ്റ്**

മരങ്ങാട്ടുപിള്ളി യൂണിറ്റ് കുടുംബസംഗമം രൂപത പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. ജോസഫ് ഞാറക്കാട്ടിൽ മുഖ്യപ്രഭാഷണം നടത്തി. പത്താംക്ലാസിലും, പ്ലസ്ടുവിലും ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് കാഷ് അവാർഡും ട്രോഫിയും വിതരണം ചെയ്തു. രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കത്തോലിക്കാകോൺഗ്രസ് ഭവനനിർമാണത്തിനായി സമാഹരിച്ച തുക നിർമാണക്കമ്മിറ്റിക്കു കൈമാറി. പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് ബെന്നി മാത്യു തൊട്ടപ്പനാൽ, സെക്രട്ടറി ജിനു കുര്യൻ നന്തികാട്ടുപടവിൽ എന്നിവർ നേതൃത്വം നൽകി. അസി. വികാരി ഫാ. ജോസഫ് തയ്യിൽ ആശംസകൾ നേർന്നു.

**വനിതാ യൂണിറ്റ്**

മരങ്ങാട്ടുപിള്ളിയിൽ വനിതായൂണിറ്റ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. വിമല അനീഷിനെ പ്രസിഡന്റായും, ലിസി ജിനോയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരിയുടെ നേതൃത്വത്തിൽ കമ്മിറ്റി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തപ്പെട്ടു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കാർഷികമേളകൾ**

**കാഞ്ഞിരമറ്റം അഗ്രിഫെസ്റ്റ്**

കാഞ്ഞിരമറ്റം മാർ സ്ലീവാപള്ളിയുടെ പാരിഷ്ഹാളിൽവച്ച് കാഞ്ഞിരമറ്റം അഗ്രിഫെസ്റ്റ് എന്ന പേരിൽ കാർഷികമേള സംഘടിപ്പിച്ചു. ഹൈബ്രിഡ് പച്ചക്കറി തൈകൾ, നാടൻ-വിദേശഫലവൃക്ഷത്തൈകൾ, പുതിയയിനം പച്ചക്കറി വിത്തുകൾ, കാർഷികമൂല്യവർദ്ധിത ഉത്പന്നങ്ങൾ, കാർഷികവിഭവങ്ങൾ, കാർഷികവിളകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു. വിവിധ ജൈവവളങ്ങൾ, കീടനാശിനികൾ, ചെടിച്ചട്ടികൾ, കൃഷി ഉപകരണങ്ങൾ തുടങ്ങിയവ മേളയിൽ ലഭ്യമായിരുന്നു. കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനിയുടെ

സഹകരണത്തോടെ കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷൻ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിന്റെ ഉദ്ഘാടനം മാർ സ്ലീവാപള്ളിവികാരി റവ. ഫാ. ജോസഫ് മണ്ണനാൽ നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ആദ്യവില്പന നിർവഹിച്ചു.

**കുറവിലങ്ങാട് അഗ്രിഫെസ്റ്റ്**

കുറവിലങ്ങാട് മർത്ത്മറിയംപള്ളി മൈതാനിയിൽ കുറവിലങ്ങാട് സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ അഗ്രിഫെസ്റ്റ് നടത്തപ്പെട്ടു. പച്ചക്കറി തൈകൾ, മേൽത്തരം വിത്തുകൾ, കാർഷികമൂല്യവർദ്ധിത ഉത്പന്നങ്ങൾ. കാർഷികവിഭവങ്ങൾ, കാർഷികവിളകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു. വിദേശ-സ്വദേശ ഫലവൃക്ഷത്തൈകളുടെ വില്പനയും നടന്നു. മേളയുടെ ഉദ്ഘാടനം ആർച്ചു പ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ആദ്യവില്പന നിർവഹിച്ചു.

**പ്രവിത്താനം അഗ്രിഫെസ്റ്റ്**

പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയങ്കണത്തിൽ വച്ച് പ്രവിത്താനം സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ കാർഷികമേള സംഘടിപ്പിക്കുകയുണ്ടായി. ഹൈബ്രിഡ് പച്ചക്കറിത്തൈകൾ, നാടൻ-വിദേശ ഫലവൃക്ഷത്തൈകൾ, പുതിയയിനം പച്ചക്കറിവിത്തുകൾ, കാർഷികവിളകൾ, മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു. മേളയുടെ ഉദ്ഘാടനം ഫൊറോനവികാരി റവ. ഫാ. ജോർജ് വേളൂപ്പറമ്പിൽ നിർവഹിച്ചു.

**വാർഷികാഘോഷങ്ങൾ**

പി.എസ്.ഡബ്ല്യു.എസിന്റെ കീഴിലുള്ള വിവിധ സ്വയംസഹായ സംഘങ്ങൾ/സ്വാശ്രയസംഘങ്ങൾ വിപുലമായ പരിപാടികളോടെ വാർഷികം ആഘോഷിച്ചു. ഫാത്തിമപുരം ഒരുമ എസ്.എച്ച്.ജി, കൂടല്ലൂർ ജ്യോതി എസ്.എച്ച്.ജി, കുര്യനാട് ചലഞ്ചർ എസ്.എച്ച്.ജി, കടനാട് സെന്റ് അഗസ്റ്റിൻസ് സ്വാശ്രയസംഘം, കാക്കൊമ്പ് സ്വാശ്രയസംഘം, ചക്കാമ്പുഴ സ്വാശ്രയസംഘം തുടങ്ങി നിരവധി സംഘങ്ങൾ മെഡിക്കൽ ക്യാമ്പ് ലഹരിവിരുദ്ധ സന്ദേശങ്ങൾ, വിവിധ കലാകായിക മത്സരങ്ങൾ എന്നിവ ഉൾപ്പെടുത്തി ആഘോഷങ്ങൾ നടത്തി. കുറിച്ചിത്താനം ഓർക്കിഡ് എ, ഓർക്കിഡ് ബി കർഷകദളങ്ങളുടെ വാർഷികം സംയുക്തമായി നടത്തി.

തുടങ്ങനാട് സെന്റ് തോമസ് പള്ളിയിൽ വച്ച് വിവിധ പരിപാടികളോടെ തുടങ്ങനാട് സോണൽ വാർഷികവും നടത്തി. സോണൽ രക്ഷാധികാരി റവ. ഫാ. ജോൺസൺ പുള്ളീറ്റ് പരിപാടികൾക്കു നേതൃത്വം നല്കി. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം നിർവഹിച്ചു.

മൂലമറ്റം ഫൊറോനയിൽ സോണൽ വാർഷികം വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. പൊതുസമ്മേളനം, കലാപരിപാടികൾ,

എക്സിബിഷനുകൾ, മത്സരങ്ങൾ തുടങ്ങിയ വിവിധ പരിപാടികളോടെയാണ് വാർഷികം ആഘോഷിച്ചത്. സോണൽ രക്ഷാധികാരി റവ. ഫാ. കുര്യൻ കാലായിൽ ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി.

തീക്കോയി സ്വാശ്രയസംഘത്തിന്റെ വാർഷികം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. പി.എസ്.ഡബ്ല്യു.എസ് അസി. ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ ഉദ്ഘാടനം നടത്തിയ പരിപാടിയിൽ അരുവിത്തുറ റീജണൽ കോർഡിനേറ്റർ സിബി കണിയാംപടി മുഖ്യപ്രഭാഷണം നടത്തി. കലാപരിപാടികളും മത്സരങ്ങളും മികച്ച ഗ്രൂപ്പുകളെ ആദരിക്കലും നടത്തി.

മംഗളാരാം സ്വാശ്രയസംഘത്തിന്റെ ഇരുപതാം വാർഷികാഘോഷം പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് ജെയിംസ് മാത്യു കുന്നപ്പള്ളിയുടെ അധ്യക്ഷതയിൽ വിവിധ പരിപാടികൾ നടത്തപ്പെട്ടു.

മൂഴൂർ കർഷകദള ഫെഡറേഷന്റെ കീഴിൽ വനിതകളുടെ ചപ്പാത്തി നിർമാണയൂണിറ്റ് ആരംഭിച്ചു. സ്വാശ്രയസംഘത്തിന്റെ പലഹാരനിർമാണയൂണിറ്റും കർഷകദള ഫെഡറേഷന്റെ കാർഷികവിളസംസ്കരണമൂല്യവർധക യൂണിറ്റും ഇതോടൊപ്പം മാതൃകാപരമായി പ്രവർത്തിക്കുന്നു.

**പരിസ്ഥിതി ദിനാഘോഷം**

പി.എസ്.ഡബ്ല്യു.എസിന്റെ കീഴിലുള്ള സ്വയംസഹായസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ, കർഷകദളങ്ങൾ, ഫെഡറേഷനുകൾ എല്ലാവരും പരിസ്ഥിതി ദിനം വിപുലമായി ആഘോഷിച്ചു. പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈ നടുകയും സംഘാംഗങ്ങൾക്ക് ഫലവൃക്ഷത്തൈകൾ നല്കുകയും ചെയ്തു. മരങ്ങൾ നശിക്കുന്നതുവഴി പ്രകൃതിക്കുണ്ടായ നാശനഷ്ടങ്ങളെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ നടക്കുകയുണ്ടായി. പ്രകൃതി സംരക്ഷിക്കുന്നതിനായി ഏവരും പ്രതിജ്ഞ എടുക്കുകയും ചെയ്തു.

**പഠനോപകരണങ്ങൾ വിതരണം**

പ്രവേശനോത്സവത്തോടനുബന്ധിച്ച് കുറിച്ചിത്താനം ഓർക്കിഡ് എ കർഷകദളം, അങ്കണവാടികുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. വാക്കാട് സ്വാശ്രയസംഘം പ്രദേശത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

## DCMS സംസ്ഥാന വനിതാസെമിനാർ

DCMS സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ സപ്തതിവർഷത്തോടനുബന്ധിച്ചു നടത്തിയ വനിതാസെമിനാറിൽ പാലാരൂപതയിൽനിന്നു 10 വനിതാഅംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

**രൂപതകമ്മിറ്റി**

DCMS ജൂൺ മാസത്തെ രൂപതകമ്മിറ്റി 2025 ജൂൺ 15 നു രാവിലെ 11 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി.

**2024- 2025 KCBC, പാലാ രൂപത DCMS സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു.**

പാലാ രൂപത ദളിത് കത്തോലിക്കാകുട്ടികൾക്ക് നൽകുന്ന KCBC, DCMS സ്കോളർഷിപ്പിന് അർഹരായ കുട്ടികളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചു. 2025 അദ്ധ്യയനവർഷം പാസ്സായ കുട്ടികളാണ് അപേക്ഷകൾ നൽകേണ്ടത്.

KCBC സ്കോളർഷിപ്പിന് SSLC -80%, Plus Two-70%, UG, PG, BSc Nursing, Engineering, Medicine, B.Ed, TTC-60% മാർക്കും, പാലാരൂപത DCMS സ്കോളർഷിപ്പിന് SSLC-60%, Plus Two-60%, UG, PG, BSc Nursing, Engineering, Medicine, B.Ed, TTC-60% മാർക്ക് വാങ്ങി പാസ്സായ കുട്ടികളാണ് അപേക്ഷകൾ നൽകേണ്ടത്. പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളോടെ രൂപത ഓഫീസിൽ 2025 ആഗസ്റ്റ് 1 നുമുൻപ് നൽകേണ്ടതാണ്. അപേക്ഷ ഫോം രൂപത ഓഫിസിൽനിന്നും ലഭിക്കുന്നതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

**1. സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ മീറ്റിങ്**

മാർ സ്ലീവാ മെഡിസിറ്റിയും പാലാ രൂപത കെയർ ഹോംസും ചേർന്നു രൂപതയിലെ ഏഴ് സ്പെഷ്യൽ സ്കൂളുകൾക്കായി നടത്തുന്ന പ്രോജക്ടിന്റെ വിശകലന മീറ്റിങ് നടത്തി.

**2. മാർ സ്ലീവാ മെഡിസിറ്റി –കെയർ ഹോം പ്രോജക്ട് ഒന്നാം ഘട്ടം പൂർത്തിയായി**

മാർ സ്ലീവാ മെഡിസിറ്റിയും പാലാ രൂപത കെയർ ഹോംസും സംയുക്തമായി നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്കായുള്ള പ്രോജക്ട് ഒന്നാം ഘട്ടം, മാതാപിതാക്കൾക്കായുള്ള പ്രത്യേക പരിശീലനക്യാമ്പ് ഏഴ് സ്പെഷ്യൽ സ്കൂളിലും പൂർത്തിയായി.

**3. മാർ സ്ലീവാ മെഡിസിറ്റി – കെയർ ഹോം പ്രോജക്ട് രണ്ടാംഘട്ടം**

മാർ സ്ലീവാ മെഡിസിറ്റി – കെയർ ഹോം പ്രോജക്ട് രണ്ടാം ഘട്ടം ജൂലൈ 11 മുതൽ ആരംഭിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. കെ.എൽ.എം രൂപത എക്സിക്യൂട്ടീവ്**

രൂപത എക്സിക്യൂട്ടീവ് മീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു.

**2. ക്ഷേമനിധി അംഗങ്ങളുടെ സമ്മേളനം**

അസംഘടിതം, സുരക്ഷ, നിർമ്മാണം, തയ്യൽത്തൊഴിലാളി എന്നീ ക്ഷേമനിധി അംഗങ്ങളുടെ സംഗമം പാലാ ബിഷപ്സ് ഹൗസിൽ വച്ച് ജൂലൈ 6 ന് രണ്ടുമണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും.

**3. സെമിനാറുകൾ – ക്ലാസ്സുകൾ**

അസംഘടിതതൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന കെ.എൽ.എം. വിവിധ സന്ന്യാസസഭകളിൽ ഒത്തുചേർന്നു സെമിനാറുകൾ നടത്തി.

**4. സുപ്പീരിയേഴ്സ് മീറ്റ്**

എഫ്.സി.സി ഭരണങ്ങാനം പ്രൊവിഷ്യൽ ഹൗസ്, എസ്.എച്ച് പ്രൊവിഷ്യൽ ഹൗസ് എന്നിവിടങ്ങളിൽ സുപ്പീരിയേഴ്സിന്റെ മീറ്റിങ് സംഘടിപ്പിച്ച് വിവിധ ക്ഷേമനിധികളെക്കുറിച്ച് ബോധവൽക്കരണം നടത്തി.

**5. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരി വിമുക്ത ജീവിതം നയിക്കുന്നവരുടെ കൂട്ടായ (AA മീറ്റിംഗ്)**

ജൂൺ മാസം 1, 8, 15, 22, 29 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ഡയറക്ടർ, പ്രൊജക്ട് കോഡിനേറ്റർ തുടങ്ങിയർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി ചികിത്സാനന്തരം ലഹരി ആസക്തിയെ അതിജീവിച്ചവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

**അൽ– അനോൺ & അൽ– അറ്റീൻ കൂട്ടായ്മ**

ലഹരി വിമുക്തജീവിതം നയിക്കുന്നവരുടെ ജീവിത പങ്കാളികളുടേയും (അൽ-അനോൺ) അവരുടെ മക്കളുടേയും (അൽ-അറ്റീൻ) സംഗമം ജൂൺ 8 ന്

നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 1.30 നടത്തപ്പെട്ട യോഗത്തിൽ ലഹരി ആസക്തി ഉപേക്ഷിച്ചുള്ള ജീവിതത്തിൽ കുടുംബാംഗങ്ങളുടെ പങ്കിനെക്കുറിച്ച് പ്രത്യേക ക്ലാസ്സുകൾ നടന്നു.

**ലഹരിവിരുദ്ധ മാസാചരണം**

Drug Free India എന്ന ആശയം മുൻനിറുത്തി നാശ മുക്ത് ഭാരത് അഭിയാൻ സംഘടിപ്പിച്ച ലഹരി വിരുദ്ധദിനത്തിനു മുന്നോടിയായുള്ള മാസചരണത്തിന് ജൂൺ 1 ഞായറാഴ്ച AA മീറ്റിംഗിനോടനുബന്ധിച്ച് ആരംഭം കുറിച്ചു അഡാർട്ട് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് പാലാ നഗരസഭയുടെ ചെയർമാൻ ശ്രീ തോമസ് പീറ്റർ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ശ്രീ N M സെബാസ്റ്റ്യൻ, ശ്രീ ജോയി K മാത്യു എന്നിവർ സന്ദേശം നൽകി.

**ലോക പരിസ്ഥിതിദിനാചരണം**

പാലാ അഡാർട്ടിൽ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് സെമിനാറും സിമ്പോസിയവും നടത്തപ്പെട്ടു. ഡയറക്ടർ അധ്യക്ഷത വഹിച്ച യോഗത്തിൽ പരിസ്ഥിതിപ്രവർത്തകൻ ശ്രീ ജോർജ്ജുകുട്ടി കടപ്പാക്കൽ ഉദ്ഘാടനം ചെയ്തു. ശ്രീ K.J. അബ്രാഹം ശ്രീ N M സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

**ബോധവത്കരണ ക്ലാസ്സുകൾ**

ജൂൺ മാസം 2, 22, 24 തീയതികളിൽ സെന്റ് തോമസ് H S പാലാ, ഇടമറുക്, ചക്കിക്കാവ് എന്നിവിടങ്ങളിൽ അഡാർട്ട് ഡയറകടർ ബോധവത്കരണക്ലാസുകൾ നടത്തി. അതോടൊപ്പം വെള്ളിലാപ്പള്ളി SH സ്കൂളിലെ അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും ഡയറക്ടർ സോധവത്കരണക്ലാസ്സുകൾ നടത്തി.

**നാശമുക്ത് ഭാരത് അറിയാൻ പ്രൊജക്റ്റ്**

പ്രധാനമന്ത്രി വിഭാവനം ചെയ്ത നാശമുക്ക് ഭാരത് അഭിയാൽ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ ICDS പ്രവർത്തകർക്കായുള്ള ബോധവത്കരണ പരിപാടികൾ ആരംഭംകുറിച്ചു. കേരള സർക്കാരും സാമൂഹ്യനീതി വകുപ്പുമായി ചേർന്നാണ് അഡാർട്ട് കാഞ്ഞിരപ്പള്ളി, പാലാ, ഈരാറ്റുപേട്ട, ഉഴവൂർ ബ്ലോക്കുകളിലും തിരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലും ഈ പദ്ധതി നടപ്പാക്കുന്നത്.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

രക്ഷകനും നാഥനുമായ ഈശോയെ ആഴത്തിൽ അറിയുക, ബൈബിൾ പ്രാർഥനാപൂർവം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തപ്പെടുന്ന ലോഗോസ് ക്വിസ് മത്സരത്തിന്റെ ഒരുക്കങ്ങൾ എല്ലാ ഇടവകകളിലും ആരംഭിച്ചു.

| | | | |
|---|---|---|---|
| പഠനവിഷയം: | ന്യായാധിപന്മാർ | 11–21 | അധ്യായങ്ങൾ |
| | പ്രഭാഷകൻ | 41–50 | " " |
| | ലൂക്കാ | 17–24 | " |
| | എഫേസൂസ് | 1–6 | " " |

ഇടവകതല രജിസ്ട്രേഷൻ ജൂലൈ 31 ന് പൂർത്തിയാക്കി ഓഗസ്റ്റ് 8 നു മുമ്പായി രജിസ്ട്രേഷൻ തുകയും പൂർണമായി പൂരിപ്പിച്ച ഹെഡ്ഷീറ്റും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. പഠനത്തിന് ഉപയോഗിക്കേണ്ട ബൈബിൾ പി.ഒ.സി. ബൈബിളും ഇംഗ്ലീഷിന് NRSV ബൈബിളുമാണ്.

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

പരീക്ഷാത്തീയതി: 2025 സെപ്റ്റംബർ 28 ഞായർ 2.00 pm - 3.30 pm

രജിസ്ട്രേഷൻ ഫീസ് 20 രൂപാ. രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടത് 18 രൂപാ വച്ച്.

സമ്മാനങ്ങൾ:

1–ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2–ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3–ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4–ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും ഏഴുപേർക്കു വീതം

5–ാം സമ്മാനം 50 രൂപ വിലയുള്ള ബൈബിൾസംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം.

60 ശതമാനത്തിൽകൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C, D, E, F പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾകമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ.

രൂപതാതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന 4 ഇടവകകൾക്കു ട്രോഫിയും ക്യാഷ് അവാർഡും നല്കുന്നു.

D ഗ്രൂപ്പ് (800 കുടുംബങ്ങൾക്കു മുകളിൽ) മിനിമം 1000 പേർ രജിസ്റ്റർ ചെയ്തിരിക്കണം – 2500 രൂപാ.

C ഗ്രൂപ്പ് (400 കുടുംബങ്ങൾക്കു മുകളിൽ) മിനിമം 800 പേർ രജിസ്റ്റർ ചെയ്തിരിക്കണം – 2000 രൂപാ.

B ഗ്രൂപ്പ് (200 കുടുംബങ്ങൾക്കു മുകളിൽ) മിനിമം 500 പേർ രജിസ്റ്റർ ചെയ്തിരിക്കണം – 1500 രൂപാ.

A ഗ്രൂപ്പ് (200 ൽ താഴെ കുടുംബങ്ങൾ) മിനിമം 300 പേർ രജിസ്റ്റർ ചെയ്തിരിക്കണം – 1000 രൂപാ.

**ലോഗോസ് ഫാമിലി**

ലോഗോസ് ഫാമിലി മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ രജിസ്ട്രേഷൻ സമയത്ത് സൂചിപ്പിക്കേണ്ടതാണ്.

സെപ്റ്റംബർ 28 ന് നടക്കുന്ന പ്രാഥമിക പരീക്ഷയിൽ പങ്കെടുത്തിരിക്കണം.

മൂന്നു പേരടങ്ങുന്ന ടീമിൽ രണ്ടു തലമുറകളിലുള്ളവരുണ്ടായിരിക്കണം.

ലോഗോസ് ഫാമിലി ക്വിസ് എഴുത്തു പരീക്ഷയായിരിക്കും.

ഫൊറോനതല വിജയികളാണ് രൂപതാതലമത്സരത്തിന് അർഹത നേടുന്നത്.

ഫലപ്രഖ്യാപനത്തോടൊപ്പം അവരവരുടെ പേരുവിവരങ്ങൾ വെബ്സൈറ്റിൽ നിന്നു ലഭിക്കുന്നതാണ്.

ഒന്നാം സമ്മാനം: റവ. ഫാ. തോമസ് നാഗനൂലിൽ മെമ്മോറിയൽ എവർറോളിങ് ട്രോഫിയും 10,000 രൂപയും.

രണ്ടാം സമ്മാനം: 5000 രൂപ.

മൂന്നാം സമ്മാനം: 3000 രൂപ. കൂടാതെ പ്രോത്സാഹനസമ്മാനങ്ങളും. ലോഗോസ് ക്വിസ് മത്സരത്തിന് സഹായകരമായ വിധത്തിൽ തയ്യാറാക്കിയ ലോഗോസ് പഠന സഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് 2025 ജൂലൈ 12 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്നു. രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3.30 ന് അവസാനിക്കുന്ന കോഴ്സിൽ വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെക്കുറിച്ചാണു പഠിക്കുന്നത്. എല്ലാ രണ്ടാം ശനിയാഴ്ചകളിലുമായി നടക്കുന്ന കോഴ്സിന്റെ ഫീസ് 1500 രൂപയാണ്. താത്പര്യമുള്ളവർ ജൂൺ 30 ന് മുമ്പായി പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ബൈബിൾ പകർത്തിയെഴുത്ത്**

ബൈബിൾ പകർത്തിയെഴുത്ത് ആരംഭിച്ചു. 500 ഓളം പേർ രജിസ്റ്റർ ചെയ്തു.

**അവലോകനയോഗം**

ബൈബിൾ അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 2025 മേയ് മാസം 29-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ അധ്യക്ഷതയിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോജു കോക്കാട്ട്, കെ.സി.ബി.സി. ജോ. സെക്രട്ടറി ജോസഫ് പന്തപ്ലാക്കൽ എന്നിവർ പങ്കെടുത്തു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തിദ്രൽ ദൈവാലയത്തിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാ

വിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2025 ജൂൺ മാസത്തിൽ ബ്രദർ ബിനോയ് കാരയ്ക്കാട്ട്, ഫാ. മാത്യു കാടൻകാവിൽ (അസി. ഡയറക്ടർ, മൗണ്ട് നെബോ ധ്യാനകേന്ദ്രം വാഗമൺ) ഫാ. സോനു കുളത്തൂർ VC, സി. ആൻജോസ് SH എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാകരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മധ്യസ്ഥപ്രാർത്ഥനാദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ജൂൺ 7 ന് കുരുവിനാൽ സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ വച്ച് ഉപവാസമധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. മാത്യു കാവനാടിമലയിൽ MA (വികാരി, സെന്റ് മൈക്കിൾസ് ദേവാലയം, കുരുവിനാൽ) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് അരിമറ്റത്ത് (ഇവാഞ്ചലൈസേഷൻ ഡയറക്ടർ), വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ശ്രീ ബാബു തൊമ്മനാമറ്റം ജൂബിലിസന്ദേശം നൽകി. ഫാ. ആൽബിൻ പുതുപ്പറമ്പിൽ (അസി. ഡയറക്ടർ, ഇവാഞ്ചലൈസേഷൻ) സോണൽ സർവീസ് ടീം അംഗങ്ങൾ, ചേർപ്പുങ്കൽ സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻധ്യാനം നടത്തി.

**4.** ജൂൺമാസത്തിലെ എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5. രാത്രി ആരാധന**

വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽവച്ച് ജൂൺ 28 ശനി രാത്രി ആരാധന നടത്തപ്പെട്ടു. ഫാ. മാത്യു ഓലിക്കൽ (കാഞ്ഞിരപ്പള്ളി ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ) വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജോസഫ് അരിമറ്റത്ത്, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6. കരിസ്മാറ്റിക് സംഗമം**

ജൂൺ 21 ശനി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. സോൺ, സബ് സോൺ, മിനിസ്ട്രികൾ ഒന്നിച്ചുകൂടി ഇതുവരെയുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഫാ. ജോസഫ് അരിമറ്റത്ത് (പാലാ സോൺ ഇവാഞ്ചലൈസേഷൻ ഡയറക്ടർ) വചനസന്ദേശം നൽകി.

**7. പന്തക്കുസ്താത്തിരുനാൾ ആചരണം**

ജൂൺ 8 ഞായർ പന്തക്കുസ്താത്തിരുനാൾദിനത്തിൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് പന്തക്കുസ്താത്തിരുനാൾ ആചരിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാധ്യക്ഷൻ) പന്തക്കുസ്താത്തിരുനാൾ ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നൽകി. റവ.ഫാ. ജിൻസ് ചീങ്കല്ലേൽ HGN വചനപ്രഘോഷണം നൽകുകയുണ്ടായി. ഫാ. തോമസ് ഓലായത്തിൽ ദിവ്യകാരുണ്യ ആരാധന നയിച്ചു. റവ.ഫാ. ജോസ് കാക്കല്ലിൽ (വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലാ), റവ.ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ, സബ് സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. 1300 ഓളംപേർ ശുശ്രൂഷകളിൽ പങ്കെടുത്തു. LSS (ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ) വിജയകരമായി പൂർത്തിയാക്കിയവർക്ക് അന്നേദിവസം സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**8.** ജൂൺ 14 ന് തൃശ്ശൂർ ജെറുസലേം ധ്യാനകേന്ദ്രത്തിൽവച്ചു നടത്തപ്പെട്ട കേരള കത്തോലിക്കാകരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ്ണജൂബിലി ഉദ്ഘാടന കൂട്ടായ്മയിൽ പാലാ സോണിൽനിന്ന് 50 ഓളം പേർ പങ്കെടുത്തു. ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ (കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ) ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം:**

ജൂൺ 2 മുതൽ 7 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം നടത്തി.

**2.ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജൂൺ 14 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**3.പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ജൂൺ 15 മുതൽ 21 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:**

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am – 3 pm :
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 ജൂലൈ 13 ഞായർ, 5 pm - 19 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ഓഗസ്റ്റ് 10 ഞായർ, 5 pm - 16 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ഓഗസ്റ്റ് 31 ഞായർ, 5 pm - സെപ്റ്റംബർ 6 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebo.online

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. രൂപത എക്സിക്യൂട്ടീവ്**

ദീപിക ഫ്രണ്ട്സ് ക്ലബ് രൂപത എക്സിക്യൂട്ടീവ് മീറ്റിങ്ങ് കൂടി.

**2. ദീപിക പത്രപ്രചാരണം**

കീഴൂർ ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി.

മേലുകാവുമറ്റം ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി

മരങ്ങാട്ടുപ്പള്ളി ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി

**5. നമ്മുടെ ഭാഷാപദ്ധതി**

നമ്മുടെ ഭാഷാപദ്ധതി സ്കൂൾതല പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം നാഷണൽ, സ്റ്റേറ്റ് കമ്മിറ്റികളുടെ സംയുക്തയോഗം**

21-05-2025 ബുധനാഴ്ച വാഴക്കുളത്ത് സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് ഇൻഫാം നാഷണൽ, സ്റ്റേറ്റ് കമ്മിറ്റികളുടെ സംയുക്തയോഗം നടന്നു. പാലാ കാർഷികജില്ലയിൽനിന്ന് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, സെക്രട്ടറി തോമസ് മറ്റം, നാഷണൽ കമ്മിറ്റിയംഗം മാത്യു മാമ്പറമ്പിൽ എന്നിവർ പങ്കെടുത്തു. ജൂൺ മാസം 4-ാം തീയതി പാറത്തോട്ടിൽ വച്ചു പരിസ്ഥിതിദിനാഘോഷവും ജൂൺ 16-ാം

തീയതി കിസ്സാൻ ജെംസ് എക്സലൻസ് അവാർഡ് വിതരണവും നടത്തുന്നതിന് യോഗം തീരുമാനിച്ചു. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ഇൻഫാം അംഗങ്ങളായ കർഷകർക്ക് ഒരു ലക്ഷം ഫലവൃക്ഷത്തൈകളും ഒരു ലക്ഷം കിലോ ഡോളൊമൈറ്റും സൗജന്യമായി വിതരണം ചെയ്യുന്നതിനും യോഗം തീരുമാനിച്ചു.

**ഇൻഫാം പാലാ കാർഷികജില്ല എക്സിക്യൂട്ടീവ് കമ്മിറ്റി**

29-05-2025 വ്യാഴാഴ്ച രാവിലെ 10 ന് ഇൻഫാം പാലാ കാർഷികജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം പ്രസിഡന്റ് ബ്രദർ കെ.കെ. ജോസ് കരിപ്പാക്കുടിയിലിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. ജൂൺ 4-ാം തീയതി പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു പരിസ്ഥിതിദിനാഘോഷം നടത്തുന്നതിനും അന്നേദിവസം അംഗങ്ങൾക്ക് ഫലവൃക്ഷത്തൈകളും ഡോളൊമൈറ്റും സൗജന്യമായി വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. എസ്.എസ്.എൽ.സി., പ്ലസ്ടു ക്ലാസുകളിൽ ഉന്നതവിജയം നേടിയ അംഗങ്ങളുടെ മക്കളെ ആദരിക്കുന്നതിനും തീരുമാനിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, സെക്രട്ടറി തോമസ് മറ്റം എന്നിവർ പ്രസംഗിച്ചു.

**പാറത്തോട് എം.ഡി.എസിൽ പരിസ്ഥിതിദിനാഘോഷം**

ഇൻഫാം ദേശീയസമിതിയുടെ ആഭിമുഖ്യത്തിൽ 4-6-2025 രാവിലെ 10 ന് പാറത്തോട് എം.ഡി.എസിൽ വച്ച് പരിസ്ഥിതിദിനാഘോഷം നടത്തി. ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരകുന്നേൽ അധ്യക്ഷപദം അലങ്കരിച്ചു. ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ യോഗം ഉദ്ഘാടനം ചെയ്തു. 5-ാം തീയതി വൈകിട്ട് 7 മുതൽ 7-10 വരെ ഇൻഫാം കുടുംബങ്ങളിൽ ലൈറ്റണച്ച് 'വിളിക്കണയ്ക്കൂ... വിശ്വംകാക്കൂ" എന്ന പരിപാടിയിൽ എല്ലാവരും പങ്കെടുക്കണമെന്ന് ഫാ. തോമസ്  മറ്റമുണ്ടയിൽ അറിയിച്ചു. യോഗാനന്തരം വിവിധ കാർഷികജില്ലകളിലേക്കുള്ള ഫലവൃക്ഷത്തൈകളുടെ വിതരണത്തിന്റെ ഫ്ളാഗ്ഓഫ് നടന്നു. വിവിധ കാർഷികജില്ലകളിലേക്ക് 134000 ഫലവൃക്ഷത്തൈകളും 2 ലക്ഷം കിലോ ഡോളേമൈറ്റും കയറ്റി അയച്ചു. ഫലവൃക്ഷത്തൈകൾ സ്പോൺസർ ചെയ്ത ഇൻഫാം തമിഴ്നാട് സംസ്ഥാനസമിതിയംഗങ്ങളെ ആദരിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ, സതേൺ റീജിയൺ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സംസ്ഥാനസെക്രട്ടറി ഡോ. മാത്യു പ്ലാത്തറ എന്നിവർ പ്രസംഗിച്ചു.

**ഇൻഫാം പാലാ കാർഷിക ജില്ലാ പരിസ്ഥിതിദിനാഘോഷവും അവാർഡുദാനവും തൈവിതരണവും**

ഇൻഫാം പാലാ കാർഷികജില്ലയുടെ ആഭിമുഖ്യത്തിൽ 4-6-2025 ഉച്ചയ്ക്ക് 3 ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് പരിസ്ഥിതിദിനാഘോഷവും കുട്ടികളെ ആദരിക്കലും ഫലവൃക്ഷത്തൈകളുടെ വിതരണവും നടത്തി. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ അധ്യക്ഷത വഹിച്ചു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം നിർവഹിക്കുകയും ഇൻഫാം അംഗങ്ങളുടെ മക്കളിൽ 10-ാം ക്ലാസിൽ ഫുൾ എ പ്ലസ് കിട്ടിയവരെയും 12-ാം ക്ലാസിൽ ഫുൾ എ

പ്ലസ്, ഫുൾ എ എന്നീ ഗ്രേഡുകൾ കിട്ടിയവരെയും മെമന്റോയും സമ്മാനങ്ങളും കൊടുത്ത് ആദരിക്കുകയും ചെയ്തു. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നായി 28 കുട്ടികൾ അവാർഡിനർഹരായി. നാഷണൽ ഡയറക്ടർ ഫാ. ജോസഫ് ചെറുകരകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം നടത്തി. ശ്രീ മാത്യു മാമ്പറമ്പിൽ വൃക്ഷത്തൈ ഏറ്റുവാങ്ങി. സെക്രട്ടറി തോമസ് മറ്റം കൃതജ്ഞത പറഞ്ഞു. സമ്മേളനാന്തരം ഓരോ ഇൻഫാം അംഗത്തിനും 10 ഫലവൃക്ഷത്തൈകൾ, 10 കിലോ ഡോളൊമൈറ്റ് എന്ന കണക്കിൽ 4000 ഓളം ഫലവൃക്ഷത്തൈകളും 4000 കിലോ ഡോളൊമൈറ്റും സൗജന്യമായി വിതരണം ചെയ്തു. 150 ഓളം ഇൻഫാം അംഗങ്ങൾ പരിപാടികളിൽ പങ്കെടുത്തു.

**ഇൻഫാം കിസ്സാൻ ജെംസ് എക്സലൻസ് അവാർഡ് 2025**

ഇൻഫാം ദേശീയസമിതിയുടെ ആഭിമുഖ്യത്തിൽ ഇൻഫാം അംഗങ്ങളുടെ മക്കളിൽ പത്താംക്ലാസിൽ ഫുൾ എ പ്ലസ്, 12-ാം ക്ലാസിൽ ഫുൾ എ പ്ലസ്, ഫുൾ എ എന്നീ ഗ്രേഡുകൾ ലഭിച്ചവരെ 16-6-2025 ൽ പൊടിമറ്റം സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് ആദരിച്ചു. സമ്മേളനത്തിനുമുമ്പായി വിവിധ കാർഷികജില്ലകളിൽ നിന്നുള്ള അവാർഡ് ജേതാക്കളെ പ്രത്യേക കോട്ടും, തലപ്പാവുമണിയിച്ച് മെമെന്റോ നൽകുകയും തുടർന്ന് പ്രദക്ഷിണമായി സമ്മേളനഹാളിലേക്ക് ആനയിക്കുകയും ചെയ്തു. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ലാ രക്ഷാധികാരി അഭിവന്ദ്യ മാർ ജോസ് പുളിക്കൽപിതാവ് അധ്യക്ഷത വഹിച്ചു. ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ ആമുഖപ്രസംഗം നടത്തി. ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമിജീയോസ് ഇഞ്ചനാനി പിതാവ് ഉദ്ഘാടനകർമ്മം നിർവഹിച്ചു. തുടർന്ന് 379 കുട്ടികളെ സ്വർണനാണയങ്ങളും മറ്റും സമ്മാനങ്ങളും നൽകി ആദരിച്ചു. പാലാ കാർഷികജില്ലയിൽ നിന്ന് 38 കുട്ടികൾ ആദരിക്കപ്പെട്ടു.

**പി.എസ്.ഡബ്ല്യു.എസ്. സമ്മേളനത്തിൽ പങ്കെടുത്തു.**

പി.എസ്.ഡബ്ല്യു.എസ്. ന്റെ ആഭിമുഖ്യത്തിൽ 20-6-2025 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കരൂരിൽവച്ചു നടത്തിയ സമ്മേളനത്തിൽ ഇൻഫാമിനെ പ്രതിനിധികരിച്ച് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സെക്രട്ടറി തോമസ് മറ്റം, എക്സി. കമ്മിറ്റിയംഗം സെബാസ്റ്റ്യൻ ജോർജ് മുണ്ടയ്ക്കൽതറപ്പേൽ എന്നിവർ പങ്കെടുത്തു. സാന്തോം പ്രൊഡ്യൂസർ കമ്പനിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് രൂപീകരിച്ച വിവിധ കമ്മിറ്റികളിൽ ഇൻഫാം പ്രതിനിധികളെയും ഉൾപ്പെടുത്തി.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JUNE 2025

| | | |
|---|---|---|
| 1 | 2.30 pm | നീലൂർ ഇടവകയിൽ പാറേമ്മാക്കൽ മാളിയേക്കൽ ജോൺ ചേട്ടന്റെ മൃതസംസ്കാരകർമ്മത്തിന്റെ വീട്ടിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 5.30 pm | തുരുത്തിപ്പള്ളി ഇടവകയിൽ പുതിയ വൈദികമന്ദിരത്തിന്റെ തറക്കല്ലിടീൽകർമ്മം നടത്തി. |
| | 9.00 pm | ഓൺലൈൻ പ്രെസ്ബിറ്ററൽ കൗൺസിലിൽ സംബന്ധിച്ചു. |
| 2 | 4.30 pm | പാലാ കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 3-5 | | KCBC മീറ്റിംഗ് |
| 6 | 8.45 am | മാനത്തൂർ ഇടവക മേരി മാത്യു കുരീക്കാട്ടിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് പ്രാർത്ഥന ചൊല്ലി. |
| | 9.15 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | കോട്ടയം വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ദീപിക 'നവകർഷക കേരളം' സംവാദത്തിൽ സംബന്ധിച്ചു. |
| | 5.30 pm | പാലാ കത്തീഡ്രൽ നവീകരിച്ച വൈദികമന്ദിരം വെഞ്ചരിപ്പുകർമ്മം നടത്തി. |
| 07 | 5.30 pm | മുത്തോലപുരം ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ കല്ലിടീൽകർമ്മം നിർവഹിച്ചു. |
| 08 | 7.00 am | ഭരണങ്ങാനം അൽഫോൻസ്യൻ നഗറിൽ പെന്തക്കുസ്താത്തിരുനാളിൽ കുഞ്ഞുങ്ങളെ എഴുത്തിനിരുത്തി. |
| | 08. 00 am | കൊഴുവനാൽ ഇടവകപ്പള്ളിയെ ഫൊറോന പള്ളിയായി ഉയർത്തൽ കർമ്മം നടത്തി. |
| | 09.15 am | കടപ്ലാമറ്റം ഇടവകപ്പള്ളിയെ ഫൊറോന പള്ളിയായി ഉയിർത്തൽ കർമ്മം നടത്തി. |
| | 10.30 am | പാലാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന കരിസ്മാറ്റിക് കൂട്ടായ്മയുടെ ഉദ്ഘാടനം നിർവഹിച്ചു സന്ദേശം നൽകി. |
| | 4.00 pm | കൂത്താട്ടുകുളം ഇടവകപ്പള്ളിയെ ഫൊറോന പള്ളിയായി ഉയർത്തൽ കർമ്മം നടത്തി. |

| | | |
|---|---|---|
| | 5.30 pm | ബേസ് ദയറയിൽ മാർ അപ്രേമിന്റെ പെരുന്നാൾ ആഘോഷത്തിൽ പങ്കെടുത്തു. |
| 09 | 2.30 pm | അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ടീച്ചേഴ്സ് ഗിൽഡ് ആൻഡ് അക്കാദമിക് കൗൺസിൽ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ വിജയാഘോഷസമ്മേളനം ഉദ്ഘാടനം ചെയ്ത് സമ്മാനദാനം നൽകി. |
| 10 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | കയ്യൂർ ഇടവകയിൽ നവീകരിച്ച ക്രിസ്തുരാജ് പബ്ലിക് സ്കൂളിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി. |
| 11 | | ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽ ഈ വർഷം എസ് എസ്എൽസി, പ്ലസ്ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കോട്ടയം ജില്ലയിലെ വിദ്യാർത്ഥികളെ ദീപിക ആദരിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 12 | 2.30 pm | മേരിലാന്റ് ഇടവകയിൽ S H കോൺവെന്റിൽ ബഹു. സി. മേരി മാത്യൂസ് പുരയിടത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 2.45 pm | മേരിലാന്റ് ഇടവകയിൽ കാഞ്ഞിരത്തുങ്കൽ കെ.എം. ജോസഫിന്റെ (86) മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.15 pm | കാവാലി ഇടവകയിൽ എം.വി. ജോസഫ് മുണ്ടുപ്പാലത്തിങ്കലിന്റെ മൃതസംസ്കാരകർമ്മത്തിൽ ദേവാലയത്തിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. |
| 13 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | കയ്യൂർ ഇടവകയിൽ കോനൂർ കെ.റ്റി. മൈക്കിളിന്റെ (86) മൃതസംസ്കാരകർമ്മത്തിൽ വീട്ടിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. |
| 14 | 10 am | ചൂണ്ടച്ചേരി SJCET യുടെ മെരിറ്റ് ഡേയിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| | 11.30 am | രാമപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 2.30 pm | ബിഷപ്സ് ഹൗസിൽ രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ കോളജുകളുടെയും മാനേജ്മെന്റ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 6.30 pm | അൽഫോൻസാഗിരിയുടെ പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |

| | | |
|---|---|---|
| 15 | 7.45 am | അൽഫോൻസാഗിരി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| | 5:00 pm | കൂത്താട്ടുകുളം ടൗൺഹാളിൽ നടന്ന ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാബാ തിരുമേനിയുടെ സ്വീകരണയോഗത്തിൽ സംബന്ധിച്ച് അനുഗ്രഹ പ്രഭാഷണം നടത്തി. |
| 17 | 8:30 pm | ജലന്ധർ രൂപതയുടെ നിയുക്തമെത്രാൻ മോൺ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേലിനെ സ്വീകരിച്ചു. |
| | 9: 00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2:00 pm | രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ പിതാവിന്റെ (വർഗീസ് വർക്കി) മൃതസംസ്കാര കർമ്മം നടത്തി. |
| 18 | 10 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന KCSL ആനിമേറ്റേഴ്സ് മീറ്റിങ് ഉദ്ഘാടനം ചെയ്ത് ബൈബിൾ പകർത്തിയെഴുതിയ കുട്ടികൾക്കുള്ള സമ്മാനദാനം നടത്തി. |
| | 12.15 pm | സെപ്റ്റംബർ 1,2,3 തീയതികളിൽ നടക്കുന്ന എപ്പാർക്കയിൽ യൂത്ത് അസംബ്ലിയുടെ ലോഗോ പ്രകാശനം ചെയ്തു. |
| | 6.00 pm | കൊഴുവനാൽ ഇടവകയിൽ പൊയ്യക്കര ഏലിക്കുട്ടി ആന്റണിയുടെ മൃതദേഹത്തിനുസമീപം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 19 | 11.00 am | കോതനല്ലൂർ ഇടവകയിൽ ഇരട്ടസഹോദരങ്ങളായ വിശുദ്ധ ഗർവാസീസിന്റെയും പ്രോത്താസീസിന്റെയും തിരുനാൾ സന്ദേശം നൽകി. |
| | 1.30 pm | തോട്ടയ്ക്കാട് ഇടവകയിൽ മലങ്കരസഭാതലവൻ കർദിനാൾ ബസേലിയോസ് ക്ലീമിസ് ബാബായുടെ സഹോദരിയുടെ മൃതസംസ്കാരകർമ്മത്തിൽ സംബന്ധിച്ചു. |
| 20 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 21 | 4.30 pm | പാലാ കത്തീഡ്രൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 6.00 pm | പയ്യാനിത്തോട്ടം ഇടവകയിൽ മണ്ഡപത്തിക്കുന്നേൽ എം. ജെ. ബേബിയുടെ മൃതദേഹത്തിനു സമീപം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 2.30 pm | ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന 75 വയസ്സുകാരുടെ സംഗമം ലിഫ്ഗോഷ് @75 ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |

| | | |
|---|---|---|
| 23 | 04.00 pm | തീക്കോയി ഇടവകയിൽ ഹോം പാലാ പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിച്ച ഭാവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 24 | 9:00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6:00 pm | കയ്യൂർ ഇടവകയിൽ പവ്വംചിറ പി.വി. ജോർജിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചു. |
| 25 | 10:30 am | കടുത്തുരുത്തി ഇടവകയിൽ മോൺ. കുര്യൻ വഞ്ചിപുരയുടെ 25-ാമത് ചരമവാർഷികത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് അനുസ്മരണം നടത്തി. |
| 26 | 11.30 am | ലോക ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് അൽഫോൻസാ കോളേജിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 27 | 9:00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 28 | 8:00 am | ബിഷപ്സ് ഹൗസ് ചാപ്പലിൽ വെച്ച് റോമിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി തിരിച്ചുവന്ന ബ്രദർ സെബാസ്റ്റ്യൻ കടുപ്പിൽ, ബ്രദർ ജോൺ കുന്നുംപുറം എന്നിവർക്ക് മ്ശംശാനപട്ടം നൽകി. |
| | 10.30 am | ചേന്നാട് ഇടവകയിൽ ജോസഫ് വടക്കേലിന്റെ മൃതസംസ്കാരകർമ്മത്തിൽ ദേവാലയത്തിലെ കർമ്മങ്ങൾ നടത്തി. |
| | 3.30 pm | ഭരണങ്ങാനം സോണിന്റെ നേതൃത്വത്തിൽ നടന്ന അല്മായ സംഗമം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 29 | 2.00 pm | സീറോ മലങ്കര മാവേലിക്കര രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ സിംഹാസനാരോഹണശുശ്രൂഷയിൽ പങ്കെടുത്തു. |
| 30 | 9.00 am | ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |







കൂത്താട്ടുകുളത്തു നടന്ന ശ്രേഷ്ഠ കാതോലിക്കാ
ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവാ തിരുമേനിക്കുള്ള
സ്വീകരണച്ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്







ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ പാലാ ളാലം പള്ളി
പാരീഷ് ഹാളിൽ നടന്ന 75 വയസുകാരുടെ സമ്മേളനം 'ലിഫ്ഗോഷ് @ 75'
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുന്നു.



കടുത്തുരുത്തി ഇടവകയിൽ
മോൺ. ഡോ. കുര്യൻ
വഞ്ചിപ്പുരയ്ക്കലച്ചന്റെ 25 -ാം
ചരമവാർഷികത്തിൽ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
വി. കുർബാനയർപ്പിച്ച്, അനുസ്മരണം
നടത്തുന്നു.











ജൂൺ 26 - ആഗോള ലഹരിവിരുദ്ധദിനത്തിൽ രൂപതാ
മദ്യ - ലഹരിവിരുദ്ധ സമിതി അൽഫോൻസാ കോളേജിൽ നടത്തിയ
ലഹരിവിരുദ്ധമാസാചരണം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്ത്, സന്ദേശം നൽകുന്നു.

# Inter Eparchial Meeting at Kanyakumari













ഭരണങ്ങാനം സോണിന്റെ നേതൃത്വത്തിൽ നടന്ന
35 നും 70 നും ഇടയിൽ പ്രായമായ അല്മായരുടെ സംഗമം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുന്നു.

## ഹോം പാലാ - തീക്കോയി ഇടവക





### സ്നേഹസ്മരണയ്ക്ക്



### സിസ്റ്റർ മേരി മാത്യൂസ് എസ് എച്ച്

**പുരയിടത്തിൽ**

| | | |
|---|---|---|
| ഇടവക | : | മേരിലാന്റ് |
| ജനനം | : | 14.04.1939 |
| നിത്യവ്രതം | : | 29.05.1969 |
| മരണം | : | 12.06.2025 |
| മൃതസംസ്കാരം | : | മേരിലാന്റ് |

*സേവനമണ്ഡലങ്ങൾ:*

പാലാ, കുടക്കച്ചിറ, മേലുകാവ്, അരുണാപുരം, മൂലമറ്റം, കോട്ടയം, നീലൂർ, അടിവാരം , വിളക്കുംമരുത്, ചക്കാമ്പുഴ, കുരുവിനാൽ, വാഗമൺ, ഏഴാച്ചേരി, മേരിലാൻഡ്

### സ്നേഹസ്മരണയ്ക്ക്



### സി. ജെരാർദ്

**കിഴക്കേക്കര CMC**

| | | |
|---|---|---|
| ഇടവക | : | ഇളന്തോട്ടം |
| ജനനം | : | 13.02.1935 |
| നിത്യവ്രതം | : | 10.04. 1957 |
| മരണം | : | 05.06.2025 |
| മൃതസംസ്കാരം | : | കുറവിലങ്ങാട് |

*സേവനമണ്ഡലങ്ങൾ:*

രാമപുരം, പ്ലാശനാൽ, തിരുമാറാടി, റാണിഗിരി, കരൂർ, വാരിയാനിക്കാട്, ചേർപ്പുങ്കൽ, കുറവിലങ്ങാട്


# ഇടയനടുത്ത സന്ദർശനം അൽഫോൻസാഗിരി ഇടവക















2025
JULY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

*"Lead Kindly Light"*

LEAD KINDLY LIGHT

EPARCHY OF PALAI

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

# PLATINUM JUBILEE CELEBRATION OF EPARCHY OF PALAI

**26**
**July**
**2025**
**Saturday**

**09.00 AM**
**Holy Qurbana**
**St. Thomas Cathedral Palai**

**11.00 AM**
**Public Meeting**
**Bishiop Vayalil Parish Hall**

*Printed at St.Thomas Press, Palai and Published by Fr. Sebastian Pendanam*